THE MALANKARA SABHA

മലങ്കരസഭ

ഒക്ടോബർ 2016

The Official Media of Malankara Orthodox Syrian Church

Rs : 15

MY LORD AND MY GOD



മലങ്കര ഓർത്തഡോക്സ് സഭ

'സഭാജ്യോതിസ്സ്'

പരിശുദ്ധ പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് ഒന്നാമൻ

ചരമ ദ്വിശതാബ്ദി

bicentenary celebrations 1815-2016

2016 നവംബർ 20
ഞായറാഴ്ച
കുന്നംകുളത്ത്

ആഗോള സമാപന സമ്മേളനം

മാർ ദിവന്നാസ്യോസ് നഗറിൽ (മലങ്കര ആശുപത്രി മൈതാനം)

വിശിഷ്ടാതിഥി: എത്യോപ്യൻ പാത്രിയാർക്കീസ്
പരി.ആബൂൻ മത്ഥ്യാസ് ബാവാ

പരിശുദ്ധ മോറാൻ മാർ ബസ്സേലിയോസ്
മാർത്തോമ്മാ പൗലൂസ് ദ്വിതീയൻ കാതോലിക്കാബാവാ

അഭിവന്ദ്യ. ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത
ജനറൽ കൺവീനർ



ബഹു. പിണറായി വിജയൻ
(കേരള മുഖ്യമന്ത്രി)



ബഹു. എ.സി.മൊയ്തീൻ
(കേരള, സഹകരണ - ടൂറിസം വകുപ്പ് മന്ത്രി)

അഭിവന്ദ്യ മെത്രാപ്പോലീത്താമാരും മറ്റു പ്രമുഖരും പങ്കെടുക്കുന്നു.

പ്രോഗ്രാം

- 8.00 am വി.കുർബ്ബാന ആർത്താറ്റ് സെന്റ് മേരീസ് കത്തീഡ്രലിൽ പരി.കാതോലിക്കാബാവായുടേയും പരി.പാത്രിയാർക്കീസ് ബാവായുടേയും മുഖ്യകാർമികത്വത്തിൽ
- 12.00 pm പഴഞ്ഞി സെന്റ് മേരീസ് കത്തീഡ്രൽ സന്ദർശനം.
- 3.00 pm കലാ-സാംസ്കാരിക പരിപാടികൾ (സമ്മേളന നഗരിയിൽ)
- 4.00 pm പൊതുസമ്മേളനം

ഫാ.ഗീവർഗ്ഗീസ് തോലത്ത്	ഫാ.മാത്യൂസ്.കെ.ബർസൗമ	അഡ്വ.ഗിൽബർട്ട് ചീരൻ
ജനറൽ കൺവീനർ (കുന്നംകുളം ഭദ്രാസനം)	മീഡിയ & പബ്ലിസിറ്റി ചെയർമാൻ	മീഡിയ & പബ്ലിസിറ്റി കൺവീനർ

മഹാസമ്മേളനത്തിലേക്ക് ഏവരേയും സഹർഷം സ്വാഗതം ചെയ്യുന്നു.

മലങ്കരസഭ

ഏറ്റവും പ്രചാരമുള്ള സഭാ പ്രസിദ്ധീകരണം

www.malankarasabhaonline.in
malankarasabha1946@gmail.com
sabhamasika@yahoo.com

ലക്കം 10, പുസ്തകം 70, ഒക്ടോബർ 2016



പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് I കാതോലിക്കാ ബാവായുടെ 20-ാം ഓർമ്മ
(ദേവലോകം അരമനയിൽ, നവം. 8)

President
Dr. Zacharias Mar Aprem
Chief Editor
Fr. Dr. John Thomas Karingattil

Printed and Published by
Fr. Deepu Philip for Orthodox Viswasa Paripalana Samithy, Kottayam.
Sub Editor
Fr. Shalu Lukose Thirumangalam

Printed at
Catholicate press, Devalokam
Kottayam-04;

Malankara Sabha
For Subscription queries
sabhamasika@yahoo.com
For Editorial queries
malankarasabha1946@gmail.com

www.malankarasabhaonline.in

Devalokam Kottayam-04;
Ph:0481-2573234

Rs. 15/-

അകം



എബ്രഹാം മാർ എപ്പിഫാനിയോസ് 4
മഹാപുരോഹിത സന്ദേശം 5
എഡിറ്റോറിയൽ 6
ഫാ. ഡോ. ഒ. തോമസ് 8
ഫാ. എം.സി. കുറിയാക്കോസ് 10
പ്രൊഫ. എം.കെ. സാനു 12
പ്രൊഫ. പി.സി.ഏലിയാസ് 13
ഡോ. മാത്യൂസ് മാർ സേവേറിയോസ് 15
ഫാ.ഡോ. ജോസ് ജോൺ 16
ഫാ. ഡോ. ജേക്കബ് കുര്യൻ 18
ഡോ. യാക്കോബ് മാർ ഐറേനിയോസ് 26
ഫാ. ഷാലു ലൂക്കോസ് തിരുമംഗലം 31
ഫാ. മാത്യു വർഗീസ് പുളിമൂട്ടിൽ 32
ഫാ. ഡോ. ബി. വർഗീസ് 36
ഫാ. മാത്യു വർഗീസ് കുളങ്ങാട്ടിൽ 42
ഫാ. ഡോ. റെജി ഗീവർഗീസ് 44
ഡോ. മാത്യു വൈദ്യൻ കോറെപ്പിസ്ക്കോപ്പ 50



VISIT OF H.H. ABUNE MATHIAS PATRIARCH OF ETHIOPIA

19-25, NOVEMBER, 2016

19 Saturday, November : 11:30 a.m: Arrival in Kochi Airport.
Sunday 20 : 7:50 a.m: HQ at the St. Mary's Orthodox Cathedral, Arthat. 12:00: Reception at Pazhanji, 4:00 p.m: The Bicentenary Meeting.
Monday 21 : 7:00 p.m: Attending the Synodal Session followed by dinner at Devalokam.
Tuesday 22 : 2:30 p.m: St. George Church, Kuzhimattom, 4:30 p.m: Inauguration of *Snehasparsam*, The Cancer Care Charity Project of the Church. Venue: Mammen Mappilai Hall, Kottayam.
Wednesday 23 : 9:30 a.m: Parumala Pally, 10:30 a.m: Consecration and Inauguration of St. Gregorios International Cancer Research Centre, Parumala.,
2:30 p.m:St. Mary's Church Niranam.
Thursday 24: 7:30 a.m.: Holy Eucharist Service and 200th year memorial of Malankara Metropolitan Joseph Mar Dionysius II (Pulikottil I) Old Seminary, Kottayam.
Late Afternoon: Farewell to the entourage of H.H. the Patriarch from Devalokam Aramana. Return enroute Mumbai-Addis Ababa.

CANCER CARE CHARITY PROJECT



പരുമലയിൽ നമ്മുടെ ഒരു വലിയ സ്വപ്നം സാക്ഷാത്കരിക്കപ്പെടുകയാണ്. ക്ലേശപൂർണ്ണമായ ഒരായിരം പ്രതിസന്ധികളെ അതിജീവിച്ചാണ് നാം ഈ സ്വപ്നം പൂർത്തീകരിച്ചത്. ഇനിയും കടമ്പകൾ ഏറെയാണ്. നിരാലംബരായ അനേകം കാൻസർ രോഗികളുടെ കണ്ണുനീരൊപ്പാൻ പരുമല ആശുപത്രി നൽകുന്ന മെച്ചപ്പെട്ട സേവനം പര്യാപ്തമാകണം. ഇതിന്റെ ഓരോ സ്പന്ദനവും നിങ്ങളുടെ ഓരോരുത്തരുടെയും അദ്ധ്വാനത്തിന്റെയും വിയർപ്പിന്റെയും വിലയാണ്.

സ്നേഹ സ്പർശം സഹായ പദ്ധതി വഴി അഞ്ചു കോടി രൂപ സ്ഥിര നിക്ഷേപം പ്രതീക്ഷിക്കുന്നു. അതിന്റെ പലിശ അർഹരായ പാവപ്പെട്ട രോഗികൾക്ക് ചികിത്സ സഹായമായി നൽകും.

സ്നേഹസ്പർശം പദ്ധതിക്ക് നൽകുന്ന സംഭാവനകൾക്ക്
80 G പ്രകാരം നികുതിയിളവ് ലഭിക്കും.
Contributions in Indian Rupees
A/c.No. 0801053000000861
IFSC: SIBL0000801, SWIFT CODE: SOININ55XXX
South Indian Bank, Mannar Branch
Contributions in Foreign Currency
A/c.No.: 11310100021237
IFSC: FDRL0001131, Federal Bank, Mannar Branch

മലങ്കരസഭ

10 ഒക്ടോബർ 2016

എല്ലാ മാസവും മലങ്കരസഭയുടെ
അക്ഷര പ്രകാശം

EDITORIAL BOARD

പ്രസിഡന്റ്
ഡോ. സഖറിയാസ് മാർ അപ്രേം
മെത്രാപ്പോലീത്താ
Phone: 0481-2578500, 2578499

ചീഫ് എഡിറ്റർ
ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ
Phone: 9447141639

മാനേജിംഗ് എഡിറ്റർ
ഫാ. ദീപു ഫിലിപ്പ്
Mob:- 9446996224

സബ് എഡിറ്റർ
ഫാ.ഷാലു ലൂക്കോസ്,തിരുമംഗലം
Mob:- 9446707276

അംഗങ്ങൾ
ഫാ. ഡോ. റ്റി. ജെ. ജോഷ്വ
ഫാ. എബ്രഹാം തോമസ് കടക്കാമണ്ണിൽ
ഫാ. സഖറിയ നൈനാൻ
ഡോ. ജോർജ് ജോസഫ്
പ്രൊഫ. തോമസ് കുരുവിള
ജിജി ജോൺസൺ

സർക്കുലേഷൻ മാനേജർ
കെ. എ. ജോൺ
Mob:- 9744648617

Cover & Graphic Designing:-
Jinto Kurichy @
Malankara Sabha

www.malankarasabhaonline.in

വരിസംഖ്യ

ഇന്ത്യയിൽ
ഒറ്റപ്രതി:15 രൂപ
ഒരുവർഷം: 180 രൂപ
2 വർഷം : 360 രൂപ
4 വർഷം: 700 രൂപ
6 വർഷം: 1000 രൂപ

വിദേശത്തേക്ക്
ഒരു വർഷം : 2000 രൂപ

വിലാസം:
മലങ്കരസഭ മാസിക,
ദേവലോകം അരമന,
ദേവലോകം പി.ഒ., മുട്ടമ്പലം (via),
കോട്ടയം-686004

www.facebook.com:
malankarasabha

ഗുരുമൊഴി

എബ്രഹാം മാർ എപ്പിഫാനിയോസ്
മെത്രാപ്പോലീത്താ

പരിശുദ്ധ പരുമല തിരുമേനിയുടെ 114-ാം ഓർമ്മപ്പെരുന്നാളും പരിശുദ്ധ പ്രഖ്യാപനത്തിന്റെ 70-ാം വർഷവുമാണ് 2016-ലെ പരുമല പെരുന്നാൾ. ജീവിത കാലത്ത് *കൊച്ചുതിരുമേനി* എന്ന് അറിയപ്പെട്ടെങ്കിലും ഇപ്പോൾ മലങ്കരസഭയുടെ വലിയപരിശുദ്ധനാണ് പരുമല തിരുമേനി, വിശുദ്ധിയുടെ കാവൽഭടനായി ജനഹൃദയങ്ങളിൽ പ്രശോഭിക്കുന്ന പുണ്യാത്മാവാണ്.മുളന്തുരുത്തിയിൽ ജനിച്ച് വളർന്ന് പരുമലയിൽ എത്തി മലങ്കരസഭയെ പരിപാലിച്ച പരുമല തിരുമേനിയുടെ ജീവിതം അനുഗ്രഹത്തിന്റെ അളവറ്റ കൃപാപ്രവാഹമായിരുന്നു.

ക്രിസ്തുവിനെ അനുകരിച്ച മഹാപരിശുദ്ധനാണ് പരിശുദ്ധ പരുമല തിരുമേനി. പരുമല പെരുന്നാളിൽ പങ്കു ചേരുമ്പോൾ എല്ലാ അർത്ഥത്തിലും ക്രിസ്തുവിനെ അനുഗമിക്കുവാൻ നമുക്ക് കഴിയണം.

നീതിമാന്റെ ശിരസ്സിന്മേൽ അനുഗ്രഹങ്ങൾ വരുന്നു എന്നും നീതിമാന്റെ ഓർമ്മ അനുഗ്രഹിക്കപ്പെട്ടതെന്നും സദൃശ്യവാക്യങ്ങളിൽ പറയുന്നു (10:6,7). പരുമല തിരുമേനിയുടെ ജീവിതം എല്ലാ അർത്ഥത്തിലും അനുഗ്രഹിക്കപ്പെട്ടതായിരുന്നു. പരുമല തിരുമേനി ഉത്തമ ഭരണകർത്താവും അജപാലകനും സാമൂഹിക പരിഷ്കർത്താവുമായിരുന്നു എന്ന് ചരിത്രം അടയാളപ്പെടുത്തുന്നു.

ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു എന്ന് ക്രിസ്തു അരുളി ചെയ്തതുപോലെ പരുമലയിൽ എത്തിയ അദ്ദേഹം ജാതിഭേദമെന്യേ അനേകർക്ക് വെളിച്ചമായി തീർന്നു. സകല അർത്ഥത്തിലും പരുമല തിരുമേനിയുടെ ജീവിതവും സാക്ഷ്യവും ശോഭയുള്ളതാണ്. ആത്മീയ നിറവിൽ പ. പരുമല തിരുമേനി ഉൾക്കൊണ്ട പ്രകാശം അനേകർക്ക് പകർന്നു നൽകി. പ്രകാശത്തിന്റെയും കരുതലിന്റെയും ജീവിത ഭണ്ഡാരം പരുമല തിരുമേനി അനേകർക്കായി തുറന്നു കൊടുത്തു. അതുകൊണ്ടാണ് അനേകം ആളുകൾ പരുമലയിലെ കബറിൽ എത്തി പ്രാർത്ഥിക്കുന്നത്. ദൈവത്തിന്റെ അനുഗ്രഹങ്ങൾ അനവധിയായി പരുമലയിൽ എത്തുന്നവർക്ക് ലഭ്യമാകുന്നു. ഇത് പരുമല തിരുമേനിയുടെ പ്രത്യേകമായ സാന്നിധ്യവും മദ്ധ്യസ്ഥതയുമാണെന്ന് ഞാൻ വിശ്വസിക്കുന്നു. പരുമല സെമിനാരിയിൽ മാനേജരായി ഞാൻ പ്രവർത്തിച്ച കാലത്ത് പരുമലയിൽ ക്രമമായി വന്നു പ്രാർത്ഥിക്കുന്ന അനേകരെക്കുറിച്ച് മനസിലാക്കുവാൻ കഴിഞ്ഞു. ഇന്നും ഇത് തുടരുകയാണ്.

പരുമല തിരുമേനി രോഗിയായി കഴിഞ്ഞ കാലത്ത് രോഗസൗഖ്യത്തിനു വേണ്ടി പ്രാർത്ഥിക്കാതെ മറ്റുള്ളവരുടെ സൗഖ്യത്തിനായി പ്രാർത്ഥിച്ചതായി ചരിത്രത്തിൽ വായിച്ചിട്ടുണ്ട്. ക്രിസ്തുവിലുള്ള അഗാധമായ വിശ്വാസമാണ് അദ്ദേഹത്തെ നയിച്ചത്. അത് അചഞ്ചലമായ വിശ്വാസമായിരുന്നു. കൂടാതെ മലങ്കര സഭയുടെ വിശ്വാസത്തെ ഉറപ്പിക്കുവാൻ പരുമല തിരുമേനി പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

പരുമല തിരുമേനിയുടെ ജീവിതം പ്രാർത്ഥനയുടെ പരിമളമാണ്. പ്രാർത്ഥനാ ജീവിതം നയിച്ച പുണ്യ പുരുഷനാണ് അദ്ദേഹം. നിരന്തരമായി ദൈവസന്നിധിയിൽ ധ്യാനിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന മാതൃകയാണ്. നിരന്തരമായി പരുമല തിരുമേനി പ്രാർത്ഥിച്ചതിന്റെ ഫലമാണ് പരുമലയിൽ വിശ്വാസികൾ ലോകത്തിന്റെ നാനാ ഭാഗത്തു നിന്നും എത്തിച്ചേരുന്നത്. പ്രാർത്ഥിക്കുകയും അതോടൊപ്പം ജനങ്ങളെ സ്നേഹിക്കുകയും ചെയ്ത പിതാവാണ്. എല്ലാവരേയും ഒരുപോലെ സ്നേഹിച്ച ഇടയനാണ് പരുമല തിരുമേനി. അറിവിന്റെയും ആത്മപരിജ്ഞാനത്തിന്റെയും നിറകുടമായ പരുമല തിരുമേനി, ജീവിത വിശുദ്ധിയുടെയും പ്രതീകമായിരുന്നു. പരുമല തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെടുമ്പോൾ അദ്ദേഹം പഠിപ്പിച്ച പ്രാർത്ഥന, സ്നേഹം, വിശ്വാസം, പരിജ്ഞാനം തുടങ്ങിയ ജീവിത മാതൃകകൾ ഉൾക്കൊള്ളുവാൻ കഴിയണം. പരുമലയിൽ പ്രാർത്ഥനയ്ക്ക് തീർത്ഥാടകരായി എത്തുന്നവർ കൂടുതൽ ആത്മവിശുദ്ധിയിൽ നിറയണം. പരുമല തിരുമേനിയിലൂടെ ക്രിസ്തുവിന്റെ സാന്നിധ്യം ജീവിതത്തിൽ പങ്കിടുവാൻ ഏവർക്കും ഇടയാകണം.

മഹാപുരോഹിത സന്ദേശം

കർത്താവിൽ പ്രിയരേ,

വ്രതശുദ്ധിയിൽ പുണ്യജീവിതം നയിച്ച പരിശുദ്ധ പരുമല ഗീവർഗീസ് മാർ ഗ്രിഗോറിയോസ് തിരുമേനി പകർന്നത് സാമൂഹികവും ആദ്ധ്യാത്മികവുമായ നവോത്ഥാന ദർശനങ്ങളാണ്. അതിനാൽ ജാതിഭേദമെന്യേ മലയാളി മനസ്സിൽ ചിരപ്രതിഷ്ഠ നേടിയ മഹാപരിശുദ്ധനാണ് അദ്ദേഹം. അജപാലകൻ, താപസവര്യൻ, വിദ്യാഭ്യാസ പ്രവർത്തകൻ, എഴുത്തുകാരൻ, മനുഷ്യസ്നേഹി എന്നീ നിരവധി വിശേഷണങ്ങൾ ഉണ്ടെങ്കിലും പരിശുദ്ധൻ എന്ന നിലയിലാണ് ആ പുണ്യവാൻ ലോക പ്രശസ്തി ലഭ്യമായിട്ടുള്ളത്.

എനിക്ക് പത്തു വയസ്സുള്ളപ്പോഴാണ് ജന്മദേശമായ കുന്നംകുളത്തുനിന്നു തീർത്ഥാടനമായി പരുമലയിൽ എത്തുന്നത്. തിരുവല്ലയിലെ പുളിക്കീഴ് മുതൽ നടന്ന് പരുമലപള്ളിയിൽ എത്തി നേർച്ച സമർപ്പിച്ചതും പമ്പയാറ്റിന്റെ മണൽപരപ്പിൽ കിടന്നുറങ്ങിയതും ഇന്നും ഓർക്കുന്നു. പരുമല തിരുമേനി ചവിട്ടി നടന്ന മണ്ണിലാണല്ലോ കിടക്കുന്നതെന്ന ഓർമ്മ എന്നിൽ പ്രത്യേകമായ ദിവ്യചൈതന്യം പകർന്നു. പ്രാർത്ഥന ശൈശവത്തിലെ ഉത്സാഹവും യൗവ്വനത്തിലെ ആശ്രയവും വാർദ്ധക്യത്തിലെ സമാധാനവും എന്ന് പഠിപ്പിച്ച പരുമല തിരുമേനി, 'നിത്യവും ആരാധനാ ജീവിതം നയിക്കുന്നവൻ അസത്യവാനോ, ദുർമാർഗ്ഗിയോ, അവിശ്വാസിയോ, ഭക്തിഹീനനോ, ജനദ്വേഷിയോ, ആയിത്തീരുകയില്ല, എന്ന് പ്രബോധിപ്പിച്ചു. പ്രാർത്ഥന, ഉപവാസം, ആരാധന, ലളിത ജീവിതം എന്നിവ വഴി ദൈവാഭിമുഖ്യത്തിൽ വളർന്ന് ജീവിത വിശുദ്ധീകരണം പ്രാപിക്കുന്ന ആധ്യാത്മിക ദർശനമാണ് പരുമല തിരുമേനിയുടേത്.

വിവിധ കാലങ്ങളായി മലങ്കരസഭയിലെ നിരണം, തുമ്പമൺ, കൊല്ലം ഭദ്രാസനങ്ങളുടെ ചുമതല വഹിച്ച തിരുമേനി കേരളത്തിലെ വടക്കു മുതൽ തെക്കുവരെയുള്ള എല്ലാ പള്ളികളിലും എത്തി ആധ്യാത്മിക പ്രബോധനത്തിനു നേതൃത്വം നൽകി. സ്തുതി ചൊവ്വാക്കപ്പെട്ട, സത്യവിശ്വാസം പരിരക്ഷിക്കുവാൻ ധീരമായ നിലപാടുകൾ സ്വീകരിക്കുവാൻ പരുമല തിരുമേനിക്ക് കഴിഞ്ഞു. സത്യവിശ്വാസത്തിന്റെ കാവൽക്കാരനും സൂക്ഷിപ്പുകാരനുമായിരുന്നു അദ്ദേഹം.

നിങ്ങളുടെ മക്കൾ ദൈവത്തിന്റെ മക്കളായിത്തീരുവാൻ അവരെ സത്യവിശ്വാസത്തിലും സത്യനടപടികളാകുന്ന ഭയഭക്തിയിലും അനുസരണത്തിലും സ്നേഹത്തിലും വളർത്തുവിൻ എന്ന അനുശാസനം ഏറെ അർത്ഥപൂർണമാണ്. വിശുദ്ധിയുടെ ഊർജ്ജപ്രവാഹം പുതുതലമുറയ്ക്ക് ജീവിതത്തിലൂടെ പകർന്ന പരുമല തിരുമേനിയിൽ ആത്മീയ, സാമൂഹിക, ദർശനങ്ങൾ സമന്വയിച്ചിരിക്കുന്നു. കേരളത്തിന്റെ സാമൂഹിക പരിവർത്തനത്തിന് പ്രാരംഭമിട്ട ഇംഗ്ലീഷ് വിദ്യാഭ്യാസം ശക്തിപ്പെടുത്തണമെന്ന് തിരുമേനി അത്യധികമായി ആഗ്രഹിച്ചു. അദ്ദേഹം ഊർശ്ലേം സന്ദർശനം കഴിഞ്ഞ് 1895-ൽ പരുമലയിൽ എത്തി നടത്തിയ ഉജ്ജ്വലമായ പ്രഭാഷണത്തിൽ ജാതിഭേദം കൂടാതെ എല്ലാവർക്കും വിദ്യാഭ്യാസം നൽകണമെന്ന പ്രബോധനം നൽകി. നിരവധി ലേഖനങ്ങളിലും പ്രഭാഷണങ്ങളിലും ഇംഗ്ലീഷ് വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ഉൾക്കാഴ്ച പകരുന്നുണ്ട്. സമൂഹത്തിൽ തിരസ്കൃത ജനതയുടെ വിമോചനത്തിനുള്ള പരുമല തിരുമേനിയുടെ ആഹ്വാനവും ഇടപെടലുകളും അതിശക്തമായിരുന്നു. പിന്നോക്ക സമുദായത്തിന്റെ സാമൂഹികവും വിദ്യാഭ്യാസപരവുമായ അഭ്യുന്നതി ലക്ഷ്യമാക്കി അനവധി കർമപദ്ധതികൾക്ക് തിരുമേനി പ്രാരംഭമിട്ടു.വിനയം, ക്ഷമാശീലം, കരുണ, ഔദാര്യം, നിഷ്കാപട്യം, സമഭാവന തുടങ്ങിയ മൂല്യങ്ങൾ സമ്പൂർണ്ണമായി പ്രതിഫലിക്കുന്നതായി പരുമല തിരുമേനിയുടെ ജീവചരിത്രമെഴുതിയ എം.പി. വർക്കി 1902-ൽ രേഖപ്പെടുത്തിയിരിക്കുന്നു. തിരുവെഴുത്തിലൂടെയും ആരാധനയിലൂടെയും സഭാ വിശ്വാസസംഹിതകളിലൂടെയും പരിചയപ്പെട്ട യേശുക്രിസ്തുവിനെ ലോകത്തിന് സ്വജീവിതത്തിലൂടെ വെളിപ്പെടുത്തുവാൻ തിരുമേനിക്ക് കഴിഞ്ഞു. ആ ആരാധനാ ജീവിതവും വ്രതാനുഷ്ഠാന ശൈലിയും വിമോചന ദർശനം ഉൾക്കൊണ്ട സാമൂഹിക നിലപാടും പുതുതലമുറയ്ക്ക് മാർഗദർശനമാണ്.

പരുമല തീർത്ഥാടനത്തിന് എത്തുന്ന ഭക്തർക്ക് പരിശുദ്ധ പരുമല തിരുമേനിയുടെ ജീവിത ദർശനം മാതൃകയായി സ്വീകരിക്കാൻ കഴിയണം. സമൂഹത്തിന് നന്മ പകരുന്ന ദർശനങ്ങൾ രൂപപ്പെടുത്തുവാൻ പരുമല തീർത്ഥാടനം വഴിയൊരുക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരിലും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

EDITORIAL

PARUMALA THIRUMENI

പരിശുദ്ധന്റെ എഴുത്തുകൾ



Life and Witness of PARUMALA THIRUMENI

പരുമല തിരുമേനി വിവിധ കാലത്ത് രചിച്ച *എഴുത്തുകൾ* സമ്പൂർണ്ണമായി സമഹാരിക്കണം

‘

ഹൃദയം നിറഞ്ഞ ഭക്തിയോടെ ചെയ്യുന്ന പ്രാർത്ഥന ദൈവം കൈക്കൊൾകയും ഒരു അനുഗ്രഹരൂപമായി അത് നമുക്ക് തിരികെ ലഭിക്കുകയും ചെയ്യും. സമ സൃഷ്ടങ്ങളെ ആരു നല്ലവണ്ണം സ്നേഹിക്കുന്നുവോ അവനത്രേ ഉത്തമനായ ദൈവഭക്തൻ.

– പരുമല തിരുമേനി, 1895-ലെ പരുമല പ്രസംഗം

* * *

ഇതാ, പ്രതിഭാ ശാലിയായ ഒരു പരിശുദ്ധൻ, വാസ്തവമായും വിശുദ്ധിയണിഞ്ഞ ഒരു ദൈവമനുഷ്യൻ, ഒരു യഥാർത്ഥ ആത്മീയ വൈദ്യൻ, ഒരു പരിശുദ്ധനായി എന്നും, ലോകം എങ്ങും, വണങ്ങപ്പെടേണ്ട മഹാജ്ഞാനി-പരുമല തിരുമേനി.

– ഡോ പൗലോസ് മാർ ഗ്രിഗോറിയോസ്

* * *

ചിന്തോദീപകങ്ങളും ദൈവസ്നേഹ പ്രചോദിതങ്ങളുമായ അനവധി കത്തുകളിലൂടെ - കല്പനകളിലൂടെ- ഒരു കാലഘട്ടത്തിന്റെ ചരിത്രത്തെ ആവഹിച്ച സർഗ്ഗധനനായിരുന്നു പരുമല തിരുമേനി. എല്ലാ കല്പനകളിലും ഒരു ആത്മീയ ഗുരുവിന്റെ ശാന്ത മനോഹരമായ സ്വരം മുഴങ്ങുന്നു.

– ഡോ. സാമുവേൽ ചന്ദനപ്പള്ളി (1980)

മലങ്കരയിലെ മഹാഗുരുവും പ്രതിഭാശാലിയും വിശുദ്ധനുമായ പരുമല മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ (1848-1902), സാമൂഹികവും ആദ്ധ്യാത്മീകവുമായ കാഴ്ചപ്പാടുകൾ വെളിപ്പെടുത്തുന്ന ഉദാത്ത രചനകളാണ് അദ്ദേഹത്തിന്റെ *എഴുത്തുകൾ.* പരുമല തിരുമേനിയുടെ കല്പനകൾ, ഡയറിക്കുറിപ്പുകൾ, സ്വകാര്യ ലേഖനങ്ങൾ, ഇടയ ലേഖനങ്ങൾ, പ്രഭാഷണക്കുറിപ്പുകൾ എല്ലാം *എഴുത്തുകളിൽ* ഉൾപ്പെടും.

ദീർഘമായ നിരവധി കല്പനകൾ പരുമല തിരുമേനി എഴുതിയിട്ടുണ്ട്. വിശ്വാസപരമായ പ്രബോധനങ്ങൾക്കും ആദ്ധ്യാത്മിക നവോത്ഥാനത്തിനുമുള്ള മാർഗ്ഗരേഖകളാണിതിൽ പ്രതിഫലിക്കുന്നത്. ദീർഘമായ കല്പനകളുടെ സംഗ്രഹങ്ങളും കല്പനകൾ അയച്ചതിന്റെ വിവരങ്ങളും പ്രത്യേക ഡയറിയിൽ എഴുതിയിരുന്നു. ഇത് *കല്പനകളുടെ നമ്പർ ബുക്ക്* എന്ന് അറിയപ്പെടുന്നു. ഇത്തരം എഴുത്തുകൾ സമഹാരിച്ച് പവിത്ര രചനകൾ എന്ന പേരിൽ 1980-ൽ പ്രസിദ്ധീകരിച്ചത് ഡോ. സാമുവേൽ ചന്ദനപ്പള്ളിയാണ്. പിന്നീട് വന്ന ഗവേഷകർ വിവിധ സ്ഥലങ്ങളിൽ നിന്നും നിരവധി ഡയറിക്കുറിപ്പുകളും കല്പനകളും ഭാഗികമായി സമാഹരിച്ചിട്ടുണ്ട്.

മലയാള ഗദ്യത്തിന്റെ വികാസപരിണാമങ്ങളും കേരളത്തിലെ സാമൂഹിക-മത ജീവിതത്തിന്റെ പ്രത്യേകതകളും അന്വേഷിക്കുമ്പോൾ പരുമല മാർ ഗ്രീഗോറിയോസിന്റെ *കത്തുകൾ* മുഖ്യരേഖകളായി ത്തീരുന്നു. 19-ാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളിൽ സാമൂഹിക - ആദ്ധ്യാത്മിക രംഗത്തുണ്ടായ വിവിധ സംഭവങ്ങൾ പരുമല തിരുമേനിയുടെ കത്തുകളിൽ വ്യക്തമാകുന്നു. എഴുത്തുകളിലെ വാക്യഘടന ചിലപ്പോൾ സങ്കീർണ്ണമാണ്. എന്നാൽ അതീവ സുന്ദരമായ ആശയങ്ങൾ മുത്തുകൾ പോലെ കൊരുത്ത് ദീർഘമായ വാചകമാക്കിയിട്ടുണ്ട്. ഓരോ കത്തിലും കലാ സൗന്ദര്യം പ്രതിഫലിക്കുന്നു. വ്യക്തികൾക്കും കുടുംബാംഗങ്ങൾക്കും അയക്കുന്ന കത്തിൽ ആത്മീയ പ്രബോധനങ്ങളും ഉപദേശങ്ങളും നിറഞ്ഞു നിൽക്കുന്നു.

പരുമല തിരുമേനിയുടെ എഴുത്തുകളിൽ നിറയുന്നത് വാത്സല്യ ഭാവമാണ്. ശാസനാരൂപത്തിലും കർക്കശ ഭാഷയിലും എഴുതുവാനും മടിച്ചിരുന്നില്ല. സ്വകാര്യ എഴുത്തുകളിൽ പ്രതിപാദിച്ചിട്ടുള്ള വിവരണങ്ങൾ എന്നും പ്രസക്തമാണ്. ഇതാണ് പരുമല തിരുമേനിയെ ധിഷണാശാലിയായ മഹാത്മാവാക്കി തീർക്കുന്നത്. *ഒന്നര നൂറ്റാണ്ടിനുമുമ്പ്* പറഞ്ഞ പ്രബോധനങ്ങളും ആദ്ധ്യാത്മിക സൂക്തങ്ങളും മഹത്തരമായി പ്രശോഭിക്കുമ്പോൾ പരുമല തിരുമേനിയിലെ നൈസർഗിക പ്രതിഭ തിരിച്ചറിയുവാൻ സഹായിക്കുന്നു.

ശുദ്ധമായ മലയാള ഭാഷയിൽ അതീവ പ്രാവീണ്യം പരുമല തിരുമേനിക്കുണ്ടായിരുന്നു. മൗനത്തിന്റെയും ധ്യാനത്തിന്റെയും നിസ്തുലമായ ധന്യമുഹൂർത്തങ്ങളിൽ രൂപപ്പെട്ട നിരവധി കൃതികൾ എഴുതിയിട്ടുണ്ടാവണം. ആരാധനാ ജീവിതത്തിന് ശേഷമുള്ള സമയ

EDITORIAL

ങ്ങളിൽ നിരന്തരമായി എഴുതുവാനുള്ള സിദ്ധിയും സഹിഷ്ണുതയും പരുമല തിരുമേനി വളർത്തി. ഒരു ദിവസം പത്തും പതിനഞ്ചും *എഴുത്തുകൾ* വിവിധ സ്ഥലങ്ങളിലേക്ക് അയച്ചു. ഡയറിക്കുറിപ്പുകൾ പതിവായി എഴുതി സൂക്ഷിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഓരോ ദിവസത്തെ ഡയറിക്കുറിപ്പിലും അയച്ചിട്ടുള്ള കല്പനകളെക്കുറിച്ചും അതിലെ പ്രധാന ആശയങ്ങൾ സംഗ്രഹിച്ചും പ്രതിപാദിച്ചിട്ടുണ്ട്. അത്തരത്തിലുള്ള രണ്ടു ഡയറിക്കുറിപ്പുകൾ 2010-ൽ *എഴുത്തുകൾ* എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ചാത്തുരുത്തി കുടുംബത്തിൽ സൂക്ഷിച്ച *എഴുത്തുകൾ* 2015-ൽ സമാഹരിച്ചിട്ടുണ്ട്. എന്നാൽ അപ്രകാശിതമായ നിരവധി *എഴുത്തുകൾ* ഇനിയും ഉണ്ട്.

നിരണം മുതലായ ഇടവകകളുടെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ എഴുത്തുകളുടെ നമ്പർ ബുക്ക് എന്നാണ് പരുമല തിരുമേനി ഈ ഡയറിക്കുറിപ്പുകൾക്ക് പേരു നൽകിയിട്ടുള്ളത്. സൂക്ഷ്മ നിരീക്ഷണത്തിൽ ഇത് ഡയറിക്കുറിപ്പല്ല, പരുമല തിരുമേനി സ്വകാര്യമായും പൊതുവായും അയച്ചിട്ടുള്ള കത്തുകളുടെ സംഗ്രഹീത ആശയങ്ങൾ ഉൾക്കൊള്ളിച്ച നമ്പർ ബുക്കാണ്. എന്നാൽ ഹ്രസ്വവും ദീർഘവുമായ കല്പനകളുടെ വിവരണങ്ങളും ചില കല്പനകൾ പൂർണ്ണമായും ചിലത് ഭാഗികമായും എഴുതിയിട്ടുണ്ട്. അതിനാൽ ഇത്തരം ഡയറിക്കുറിപ്പുകൾക്ക് പ്രത്യേക സ്ഥാനമുണ്ട്.

1895-ലെ *എഴുത്തുകളിൽ* ഊർശ്ലേമിലേക്ക് കപ്പൽ കയറുന്ന കാര്യത്തെക്കുറിച്ച് ബോംബെയിൽ നിന്നും എഴുതിയ കത്തിനെക്കുറിച്ചുള്ളതാണ് ആദ്യത്തെ വിവരണം. ബോംബെയിൽ എത്തിയതും തുടർന്നുള്ള യാത്രയെ സംബന്ധിച്ചും 20 ലധികം പേർക്ക് കത്ത് അയച്ചതിനെക്കുറിച്ച് എഴുതിയിരിക്കുന്നു. 1897-ലെ *എഴുത്തുകളുടെ* വിവരണം ശ്രദ്ധിച്ചാൽ വർഷവും മാസവും ക്രമനമ്പരും പ്രത്യേകം കോളങ്ങളിൽ എഴുതിയിട്ടുണ്ട്. പത്തു മാസത്തിനുള്ളിൽ 366 *കത്തുകൾ* അയച്ചിട്ടുണ്ടെന്ന് ഇത് വ്യക്തമാക്കുന്നു. എല്ലാ ദിവസവും *കത്ത്* എഴുതുന്നതിനായി മാറ്റിവച്ചതായി കാണുന്നില്ല. ആഴ്ചയിൽ രണ്ടോ മൂന്നോ ദിവസം എഴുത്തുകൾക്കായി ക്രമീകരിച്ചിരുന്നു. ഈ ഗ്രന്ഥത്തിലെ കണക്കുകൾ വിശകലനം ചെയ്താൽ 156 ദിവസംകൊണ്ട് 366 കത്തുകൾ എഴുതിയിട്ടുണ്ടെന്നു കാണാം. 'കത്തുകൾ'ക്കായി പ്രത്യേക സ്ഥലമോ സാഹചര്യങ്ങളോ, പരുമല തിരുമേനി ആഗ്രഹിച്ചിരുന്നില്ല. ഇടവക സന്ദർശനം നടത്തുമ്പോഴും വിവിധ സ്ഥലങ്ങളിൽ താമസിക്കുമ്പോഴും *കത്തുകൾ* അയയ്ക്കുന്നതിന് സമയം കണ്ടെത്തിയിരുന്നു. ഓരോ കത്തിലും അത് എവിടേക്ക് അയയ്ക്കുന്നുവെന്നും എവിടെ നിന്ന് അയയ്ക്കുന്നെന്നും വളരെ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്.

ബന്ധുക്കളെ ഓർമ്മിപ്പിക്കുന്ന സാരോപദേശങ്ങൾ *എഴുത്തുകളിൽ* ശ്രദ്ധേയമാണ്: *നിങ്ങൾ യാതൊരു വഴക്കിനും കാരണം ഉണ്ടാക്കി വെയ്ക്കരുത്, നിങ്ങൾ എല്ലാവരോടും കരുണ കാണിക്കണം, ജോലി ചെയ്തു തന്നെ ജീവിക്കണം, അയൽവാസികളെയും അഗതികളേയും സഹായിക്കണം, പള്ളിവഴക്കിൽ പ്രവേശിച്ച് ഒരു പ്രകാരവും പള്ളിക്ക് ദോഷം വരുത്തരുത്, ജ്ഞാനത്തോടുകൂടി ക്ഷമിക്കണം. അഹംഭാവത്തോടു ഒന്നും പ്രവർത്തിക്കരുത്. തമ്മിൽ തമ്മിൽ സമാധാനമായിത്തീരണം. അതാകുന്നു നമ്മുടെ മുറ* എന്ന് ശക്തമായ ഭാഷയിൽ ഓരോ കത്തിലും ഉപദേശിക്കുന്നു. *ദൈവാശ്രയത്തിലും സഹോദര സ്നേഹത്തിലും അയൽക്കാരനോടുള്ള സംപ്രീതിയിലും നിർമ്മലമുള്ളവരായിരിപ്പീൻ, സത്യത്തെ മുൻനിർത്തി ജീവിക്കണം, സ്വല്പ ലാഭമോ, മാനമോ ഇച്ഛിച്ച് സ്നേഹത്തെ വെടിയരുത്. നോമ്പിലും നമസ്ക്കാരത്തിലും ദാനധർമ്മങ്ങളിലും മുട്ടിപ്പായി ഇരിക്കെ അതു ഭക്തിയോടും വിശ്വാസത്തോടും പ്രമാണിക്കണം* എന്നും പരുമല തിരുമേനി സ്വകാര്യ എഴുത്തുകളിലൂടെ ആഹ്വാനം ചെയ്യുന്നു. മലയാള സാഹിത്യത്തിൽ കത്തുകളുടെ സാഹിത്യമൂല്യം അധികം പഠന വിധേയമാക്കിയിട്ടില്ല. അസാധാരണ വ്യക്തിപ്രഭാവമുള്ളവർ എഴുതിയ കത്തുകൾ അനന്തര തലമുറയ്ക്കായി സമാഹരിച്ച് പ്രസിദ്ധീകരിക്കാവുന്നതാണ്. കത്തുകൾ വ്യക്തികൾ തമ്മിലുള്ള ഹൃദയ സംവേദനമാണ്.

വ്യക്ത്യാന്തര ബന്ധങ്ങളെ പവിത്രീകരിക്കുവാനും സുരഭിലമാക്കുവാനുമുള്ള ആചാര്യസൂചനകളായിരുന്നു പരുമല തിരുമേനിയുടെ കത്തുകൾ. പരുമല തിരുമേനിയുടെ ഡയറിക്കുറിപ്പുകൾ ഭാഷാ - ചരിത്ര വിദ്യാർത്ഥികൾക്ക് വിജ്ഞാനശേഖരങ്ങളായിത്തീരുന്നു: 1. പരുമല തിരുമേനിയുടെ ഡയറിക്കുറിപ്പുകളിലെ ഭാഷാശൈലിയും പ്രയോഗങ്ങളും പ്രത്യേകം പഠനം അർഹിക്കുന്നു. പദഘടനകളിലെ രൂപഭാവപരിണാമങ്ങൾ ശ്രദ്ധേയമാണ്. 2. ഒന്നര നൂറ്റാണ്ടിനു മുമ്പുള്ള കേരളത്തിലെ പള്ളികളുടെ ചരിത്രവും സാക്ഷ്യവും വ്യക്തമായി ഇതിൽ തെളിയുന്നു. 3. ഓർത്തഡോക്സ് വിശ്വാസം പാലിക്കേണ്ടതിന്റെ ആവശ്യകതയും പരുമല തിരുമേനിയുടെ ദർശനവും *എഴുത്തുകളിൽ* ലഭ്യമാകുന്നു. 4. ഇടവകഭരണം (ഭദ്രാസന ഭരണം) വിവിധ ഇടവകകൾ കേന്ദ്രീകരിച്ച് നടത്തിയതിൽ പരുമല തിരുമേനി ആവിഷ്കരിച്ച മാർഗ്ഗങ്ങൾ ഇതിലൂടെ വ്യക്തമാകുന്നു. 5. മലയാള ഗദ്യത്തിന്റെ വികാസ പരിണാമങ്ങൾ അന്വേഷിക്കുന്ന ഗവേഷകർക്ക് ഇതിലെ രചനാശൈലികൾ പുതിയ വെളിച്ചം പകരുന്നു.

> “ മലയാള ഗദ്യത്തിന്റെ വികാസപരിണാമങ്ങൾ അന്വേഷിക്കുന്നവർക്ക് പരുമല തിരുമേനിയുടെ എഴുത്തുകൾ അമൂല്യ രേഖകളാണ്. കല്പനക്കുറിപ്പുകളും ഡയറിയിലെ എഴുത്തുകളും മലയാളഭാഷയ്ക്ക് പുതിയ വര പ്രസാദമാണ്. 1895-ൽ എഴുതിയ ഊർശ്ലേം യാത്രാ വിവരണം മലയാളത്തിലെ ലക്ഷണമൊത്ത ആദ്യ യാത്രാവിവരണമാണ്. ”

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ
ചീഫ് എഡിറ്റർ
karingattilachan@gmail.com



പുണ്യതേജസ്സ്...

■ ഫാ. ഡോ. ഒ. തോമസ്
(പ്രിൻസിപ്പാൾ, ഓർത്തഡോക്സ് സെമിനാരി, കോട്ടയം)

പരുമല എന്ന ദ്വീപിനെ ഇന്ന് വിശ്വം മുഴുവൻ അറിയുന്നത് ഗീവർഗ്ഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ ചുരുക്കപ്പേരായ പരുമല തിരുമേനിയിലൂടെയാണ്.

ഭാരതത്തിന്റെ ലോകത്തിനുള്ള സംഭാവനയായി ഗാന്ധിജിയെ കണക്കാക്കാമെങ്കിൽ ദേശീയ സഭയായ മലങ്കര ഓർത്തഡോക്സ് സഭയുടെ വിശ്വത്തിനുള്ള സംഭാവനയാണ് പരുമല തിരുമേനി. എല്ലാ മതങ്ങളും ഉൽകൃഷ്ടമായ ചിന്തകളും ലോകത്തെ സമുദ്ധരിക്കുന്നതിനുള്ള മാർഗ്ഗങ്ങളും നൽകിയിട്ടുണ്ടെങ്കിലും അതിന്റെ കാമ്പ് ഉൾക്കൊള്ളുന്ന അനുയായികൾ ഇല്ലെന്നുള്ളതാണ് സെക്കുലർ ലോകത്ത് നിന്ന് മതങ്ങൾ എപ്പോഴും നേരിടുന്ന വെല്ലുവിളികൾ. മതത്തിന്റെ ഉൾക്കാമ്പ് ജീവിതശൈലിയിൽ സാംശീകരിക്കുന്ന മഹാത്മാക്കളാണ് മതത്തിന്റെയും ആത്മീയതയുടെയും വിശ്വസനീയതയെ പിടിച്ചുനിർത്തുന്നത്. ജന്മം കൊണ്ട് ഭാരതീയവും വിശ്വാസം കൊണ്ട് പൗരസ്ത്യ ക്രൈസ്തവ ദർശനങ്ങളോട് ബന്ധപ്പെട്ടുമാണ് മലങ്കര ഓർത്തഡോക്സ് സഭ നിൽക്കുന്നത്.

പൗരസ്ത്യ ക്രൈസ്തവ ദർശനത്തിൽ മനുഷ്യന്റെ ആത്മാവും ദൈവത്തിന്റെ ആത്മാവും ഒന്നായി തീരുന്നില്ല. എന്നാൽ മനുഷ്യൻ ദൈവസ്വഭാവമുള്ളവനായി രൂപാന്തരപ്പെടുന്നു. ദൈവത്തെ ലോകത്തിന് വെളിപ്പെടുത്തിയത് ക്രിസ്തീയ പശ്ചാത്തലത്തിൽ യേശു ക്രിസ്തു വാണ്. അതിനാൽ ക്രിസ്തുവിന്റെ ഭാവവും ശൈലിയും ഉൾക്കൊള്ളുമ്പോൾ ആ ജീവിതം മഹത്തും ശ്രേഷ്ഠവുമാകുന്നു. 'തെയോസിസ്' അഥവാ ദൈവീകരണം എന്നൊക്കെ വേദശാസ്ത്രജ്ഞന്മാർ ആ അവസ്ഥയെ വിശേഷിപ്പിക്കാറുണ്ട്. അതിലേക്ക് വളർന്ന പുണ്യാത്മാവാണ് പരുമല മാർ ഗ്രീഗോറിയോസ്.

മുളന്തുരുത്തിയിൽ നിന്നും...

ജനനം മുളന്തുരുത്തി ചാത്തുരുത്തി കുടുംബത്തിൽ 1848ൽ. ചെറുപ്പത്തിൽ തന്നെ മാതാവ് ഇഹലോകവാസം വെടിഞ്ഞതിനാൽ മൂത്തസഹോദരിയുടെ സംരക്ഷണയിൽ വളർന്നു. ഓണക്കാവിലയ്യാ എന്ന ഗുരുവിന്റെ കീഴിൽ പ്രാഥമിക പഠനം നടന്നു. പഠനസാമർത്ഥ്യം കൂടാതെയുള്ള സ്വഭാവ വൈശിഷ്ട്യങ്ങൾ ചെറുപ്പത്തിലേ പ്രകടമായിരുന്നു. ഗുരുഭക്തി, വിനയം, അനുസരണം, ദയ, കരുണ, സ്നേഹം ഇവയെല്ലാം തന്നെ ബാല്യത്തിലേ പ്രകടമായി. പ്രാർത്ഥനയും വേദപഠനവും ഏകാന്തധ്യാനവും ഒഴിച്ചു കൂടാനാവാത്ത

ദിനചര്യയായി മാറി. 14-ാം വയസ്സിൽ തന്നെ പൗരോഹിത്യത്തിന്റെ പ്രഥമ ശ്രേണിയായ ശെമ്മാശ്ശപട്ടം സ്വീകരിച്ചു.

പിതൃസഹോദരൻ ഗീവർഗ്ഗീസ് മൽപ്പാന്റെ കീഴിൽ സുറിയാനി പഠിക്കുന്ന കാലം. അദ്ദേഹത്തിന് വസൂരി രോഗം പിടിപെട്ടു. ആരും ശുശ്രൂഷിക്കാൻ ഭയപ്പെടുന്ന ആ കാലയളവിൽ സഹോദരപുത്രൻ തന്നെ ശുശ്രൂഷിക്കാൻ തയ്യാറായി. ഫലം ഉണ്ടായില്ല. അദ്ദേഹം മരണത്തിന് കീഴടങ്ങി. വസൂരി രോഗം ശെമ്മാശ്ശനെയും പിടികൂടി. തക്കതായ ചികിത്സ ഇല്ലാതിരുന്ന ആ കാലത്ത് ശെമ്മാശ്ശന്റെയും മരണം ഉറപ്പായതായിരുന്നു. പ്രാർത്ഥനയാലുള്ള സൗഖ്യത്തിലാണ് ഈ യുവാവ് വിശ്വാസം അർപ്പിച്ചത്. **രോഗത്തിന്റെ മൂർദ്ധന്യാവസ്ഥയിൽ അത്ഭുതകരമായ ഒരു ദർശനം ശെമ്മാശ്ശന് ഉണ്ടായി. ദൈവമാതാവ് തനിക്ക് പ്രത്യക്ഷപ്പെട്ടതായി അനുഭവപ്പെട്ടു. ദർശനാനന്തരം ഒരു ഉടമ്പടി ചെയ്തു. ഒരു സന്യാസ പട്ടക്കാരനായി സഭയും സമൂഹത്തെയും ശുശ്രൂഷിക്കണമെന്ന് തീരുമാനിച്ചു.**

എല്ലാ മതങ്ങളിലെയും ഋഷിപാരമ്പര്യങ്ങൾക്ക് ചില സാധർമ്മ്യങ്ങളുണ്ട്. മലമടക്കുകളിലും ഗുഹകളിലും പാറപ്പുറങ്ങളിലും കൊടുംകാട്ടിനുള്ളിലും മരുഭൂമിയിലെ മുൾച്ചെടികളുടെ തണലിലുമൊക്കെ അഭയം പ്രാപിച്ചുകൊണ്ട് ഏകാന്തതയെ പുൽകുന്ന രീതിയാണ് ഉള്ളത്. സാധകനും പ്രകൃതിയും ജീവജാലങ്ങളും പിന്നെ എവിടെയും നിറഞ്ഞുനിൽക്കുന്ന ഈശ്വര സാന്നിദ്ധ്യവും മാത്രം. ബഹളമയമായ അന്തരീക്ഷത്തിൽ ഇലക്ട്രോണിക് വാദ്യതരംഗങ്ങൾ സൃഷ്ടിക്കുന്ന വൈകാരിക ആത്മീയതയിൽ രമിക്കുന്ന ആധുനിക തലമുറയ്ക്ക് ഈ ഋഷിപാരമ്പര്യങ്ങളുടെ പൊരുൾ മനസ്സിലാക്കാൻ തന്നെ കഴിയുകയില്ല. മരുഭൂമിയും മലയിടുക്കുകളും ഒന്നും കണ്ടെത്തിയില്ലെങ്കിലും സ്മര്യപുരുഷൻ തന്റെ ഏകാന്തതയ്ക്കു പറ്റിയ സ്ഥലം തന്നെ തെരഞ്ഞെടുത്തു. മുളന്തുരുത്തിയ്ക്കടുത്ത് വെട്ടിക്കൽ എന്ന പ്രദേശത്തുള്ള ഒരു ചെറിയ ചാപ്പൽ ആയിരുന്നു അത്. ഏകദേശം ഒന്നരനൂറ്റാണ്ടിന് മുമ്പ് ആ പ്രദേശം വിജനവും തിരക്കുകളില്ലാത്തതുമായിരുന്നു. ക്രൈസ്തവ പാരമ്പര്യത്തിലെ ആദ്യത്തെ സന്യാസി ശ്രേഷ്ഠനായിരുന്ന അന്തോനിയോസ് ആയിരുന്നു അദ്ദേഹത്തിന്റെ മനോമുകുരത്തിലെ മാതൃകാ സന്യാസി. ധനികനായിരുന്ന അന്തോനിയോസ് തനിക്കുള്ളതെല്ലാം വിറ്റ് "ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കട്ടെ" (വി. മത്തായി 16:24) എന്ന ക്രിസ്തുവിന്റെ കൽപ്പന അക്ഷരാർത്ഥത്തിൽ അനുസരിച്ച ആളായിരുന്നു. സന്യാസ ജീവത ശൈലി ഇതിനോടകം വൈദികനായ ഗീവർഗ്ഗീസ് അച്ചൻ നിരന്തരമായ പ്രാർത്ഥന, നോമ്പ്, ഉപവാസം തുടങ്ങിയ വ്രതാനുഷ്ഠാനങ്ങളോടെയുള്ള ജീവിതശൈലി സ്വീകരിച്ചു. ലോകത്തിൽ അകന്ന് നിൽക്കാൻ ആഗ്രഹിച്ചുവെങ്കിലും അദ്ദേഹത്തിന്റെ സൽക്കീർത്തിയിലും തപശ്ചര്യയിലും ആകൃഷ്ടരായ നാനാജാതി മതസ്ഥർ അദ്ദേഹത്തെ തേടിയെത്തി. അതിശയങ്ങൾ പ്രവർത്തിക്കുന്ന ആളായിട്ട് അദ്ദേഹം പ്രത്യക്ഷപ്പെടുകയോ അവകാശവാദങ്ങൾ ഉന്നയിക്കുകയോ ചെയ്തിട്ടില്ല. എന്നാൽ ദർശനത്തിനും പ്രാർത്ഥനയ്ക്കുമായി എത്തിച്ചേർന്ന നിരവധി ജനങ്ങൾക്ക് അത്ഭുതകരമായ അനുഭവങ്ങൾ ഉണ്ടായി. വെട്ടിക്കൽ ദയറായിലെ ജീവിതത്തിൽ തന്നെ ജീവിക്കുന്ന ഒരു പരിശുദ്ധനായി ജനങ്ങൾ അദ്ദേഹത്തെ അംഗീകരിച്ചു തുടങ്ങി. അദ്ദേഹത്തിന്റെ പരിപക്വമായ ജീവിത സാക്ഷ്യത്തിൽ ആകൃഷ്ടനായ അന്നത്തെ മലങ്കര മെത്രാപ്പോലീത്ത പുലിക്കോട്ടിൽ ദീവന്നാസ്യോസ് അഞ്ചാമൻ സന്യാസത്തിന്റെ പൂർണ്ണവ്രതമായ റമ്പാൻ സ്ഥാനം നൽകി. അന്ന് അദ്ദേഹത്തിന് 24 വയസ്സേ പ്രായമുണ്ടായിരുന്നുള്ളൂ. ഇതൊക്കെ സഭാചരിത്രത്തിലെ അത്യപൂർവ്വ സംഭവങ്ങളാണ്.

റോമാ സാമ്രാജ്യത്തിൽ കുസ്തന്തീനോസ് ചക്രവർത്തി ക്രിസ്തുമതത്തെ ഔദ്യോഗിക മതമായി സ്വീകരിച്ച കാലം മുതൽ ബിഷപ് സ്ഥാനങ്ങൾ കുറെയൊക്കെ അധികാരത്തിന്റെയും പദവിയുടേതുമായി മാറി. അതിനാൽ യഥാർത്ഥ സന്യാസ ജീവിത ത്തിലൂടെ ഈശ്വര സാക്ഷാത്ക്കാരം നേടിയ അനേകരും ബിഷപ്പുമാരാകാൻ ആഗ്രഹിച്ചില്ല. അനേകരും ആ സ്ഥാനം തിരസ്ക്കരിച്ചിട്ടുമുണ്ട്. ഗീവർഗ്ഗീസ് റമ്പാനും ആ നിലയിലായിരുന്നു. ബിഷപ്പാക്കാനുള്ള മറ്റുള്ളവരുടെ ആഗ്രഹത്തെ ആദ്യമൊക്കെ തിരസ്ക്കരിച്ചുവെങ്കിലും അന്നത്തെ സഭയുടെ പശ്ചാത്തലത്തിൽ ആത്മീയ നേതൃത്വം നൽകുവാനുള്ള ശുശ്രൂഷയായി കണക്കാക്കി

1876ൽ അന്ത്യോഖ്യയിൽ നിന്ന് ഇവിടെയെത്തിയ പത്രോസ് പാത്രിയർക്കീസിൽനിന്നും മെത്രാൻ പട്ടം സ്വീകരിച്ചു. കേവലം 29 വയസ്സുമാത്രമുള്ള ഗീവർഗീസ് മാർ ഗ്രിഗോറിയോസ് അങ്ങനെ മലങ്കരയിലെ കൊച്ചുതിരുമേനിയായി. പുതുതായി രൂപംകൊണ്ട നിരണം ഭദ്രാസനത്തിന്റെ ചുമതല ഏറ്റെടുത്ത് പരുമലയിൽ താമസമാക്കി. അങ്ങനെ പരുമല കൊച്ചുതിരുമേനിയുമായി.

ദളിതരെക്കുറിച്ച് തിരുമേനി വ്യക്തമായി മനസ്സിലാക്കി. അവരെ ചൂഷണത്തിൽനിന്ന് വിമുക്തരാക്കണമെന്ന് ശക്തമായി പ്രബോധിപ്പിച്ചു. വിദ്യാഭ്യാസം നൽകുന്നതിലൂടെയാണ് അവരുടെ വിമോചനം സാദ്ധ്യമാകുന്നത് എന്ന് മനസ്സിലാക്കി അനേകം വിദ്യാഭ്യാസ സ്ഥാപനങ്ങൾ അദ്ദേഹം തുടങ്ങിവച്ചു. വിശ്വാസ കാര്യങ്ങളിൽ പാശ്ചാത്യ മിഷനറിമാരോട് അഭിപ്രായ വ്യത്യാസം പുലർത്തിയെങ്കിലും സാമൂഹ്യ നവോത്ഥാനത്തിന് ഇംഗ്ലീഷ് വിദ്യാഭ്യാസം അനിവാര്യമാണെന്ന് മനസ്സിലാക്കി പ്രവർത്തിച്ചു. ദളിതരുടെ ഭവനങ്ങൾ സന്ദർശിക്കുവാനും അവരോട് ചേർന്ന് ഭക്ഷിപ്പാനും അനുഗ്രഹം ആഗ്രഹിക്കുന്നവർക്ക് തലയിൽ കൈവച്ച് പ്രാർത്ഥിക്കുന്നതിനും അദ്ദേഹത്തിന് അശേഷം മടി ഉണ്ടായിരുന്നില്ല. ഇതിന്റെ പേരിൽ ആരെയെങ്കിലും മതം മാറ്റാനും അദ്ദേഹം ആഗ്രഹിച്ചില്ല. അധഃസ്ഥിതരുടെ സമഗ്രമായ പുരോഗതിയായി



രുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. അതേസമയം ബാഹ്യസമ്മർദ്ദങ്ങളൊന്നുമില്ലാതെ സഭയിലേക്ക് വരുന്നവരെ ചേർക്കുവാനും അദ്ദേഹത്തിന് മടിയുണ്ടായിരുന്നില്ല. ഈ കാര്യത്തിൽ സ്വസമുദായത്തിലെ തന്നെ സവർണ്ണ ജാതി മനോഭാവമുള്ളവർക്ക് ശക്തമായ എതിർപ്പായിരുന്നു. ഏതൊരു സാമൂഹ്യ പരിഷ്ക്കർത്താക്കളും ചെയ്യുന്നതുപോലെ ഈ എതിർപ്പുകളെയൊക്കെ അദ്ദേഹത്തിന്റെ ആദ്ധ്യാത്മിക ശക്തി കൊണ്ട് നേരിടുകയും വിജയിക്കുകയും ചെയ്തു.

സാമൂഹിക ദർശനം

സാമൂഹ്യ പരിഷ്ക്കർത്താവും അധ:കൃതരുടെ വിമോചനവും ലക്ഷ്യമാക്കി അദ്ദേഹം പ്രവർത്തിച്ചുവെങ്കിലും സവർണ്ണ സുറിയാനി ക്രിസ്ത്യാനി ആയിരുന്നതിനാലാകാം അദ്ദേഹത്തിന് ശേഷം ഈദൃശ്യമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത ശ്രീനാരായണ ഗുരു, അയ്യങ്കാളി, സഹോദരൻ അയ്യപ്പൻ തുടങ്ങിയവരുടെ നിരയിൽ സെക്കുലർ ചരിത്രകാരന്മാർ അദ്ദേഹത്തെ ഉൾപ്പെടുത്തിയില്ല. തീർത്ഥാടകരെ ജാതി തിരിച്ച് കാണേണ്ടതില്ല എങ്കിലും പിന്നോക്ക വിഭാഗങ്ങളിലുള്ള അനേകായിരങ്ങൾ അദ്ദേഹത്തിന്റെ കബറിടം ഇന്നും സന്ദർശിച്ച് നേർച്ചകാഴ്ചകൾ സമർപ്പിച്ച് അനുഗ്രഹം തേടുന്നത് ഈ വസ്തുതയെ തെളിയിക്കുന്ന സംഗതിയാണ്. സാമൂഹ്യ പരിഷ്ക്കർത്താവായി തീർന്നതിന്റെ പുറകിൽ മറ്റൊരു യാഥാർത്ഥ്യമുണ്ട്. യാതനകളും വേദനകളും ഏറ്റുവാങ്ങി യെരുശലേമിലേക്കദ്ദേഹം ഒരു തീർത്ഥയാത്ര നടത്തി. ഇന്നത്തെപ്പോലെയുള്ള ടൂറിസ്റ്റ് തീർത്ഥാടനമല്ലായിരുന്നു അത്. ജീവൻ തന്നെ നഷ്ടപ്പെടുന്ന ഭീതിയിലായിത്തീർന്ന അവസരങ്ങളുമുണ്ട്. രക്ഷകന്റെ കബറിങ്കൽ എത്തിക്കഴിഞ്ഞ അദ്ദേഹത്തിന് ആഴമേറിയ ക്രിസ്താനുഭവം ഉണ്ടായി. തന്റെ ചിന്തയെയും കർമ്മത്തെയും എല്ലാം അത് മാറ്റിമറിച്ചു. ഈ യാത്രയുടെ ഫലമായി അദ്ദേഹം രചിച്ച് *ഊർശ്ലേം യാത്രാവിവരണം* മലയാള സാഹിത്യത്തിൽ ചിരപ്രതിഷ്ഠനേടിയ ഉത്തമ ഗ്രന്ഥമായി മാറി.

ദൈവാശ്രയത്തിൽ അദ്വതീയൻ, കഠിമായ വ്രതാനുഷ്ഠാനങ്ങളുടെ ഉപാസകൻ, ചിന്തകൻ, എഴുത്തു കാരൻ, വാഗ്മി, നല്ലയിടയൻ, സാമൂഹ്യ പരിഷ്ക്കർത്താവ്, വിദ്യാഭ്യാസ പ്രവർത്തകൻ, പാവങ്ങളുടെ സ്നേഹിതൻ എന്നിങ്ങനെ ബഹുമുഖ നിലകളിൽ ശോഭിച്ച പിതാവ് 1902 നവംബർ 2ന് ഇഹലോകവാസം വെടിഞ്ഞു. അനേകായിരങ്ങളുടെ യാതനയും വേദനയും കണ്ണീരുമൊപ്പുന്ന അത്ഭുത കരമായ അദ്ദേഹത്തിന്റെ മദ്ധ്യസ്ഥത അനസ്യൂതം വർദ്ധിച്ചപ്പോൾ പരിശുദ്ധ സഭ 1947ൽ അദ്ദേഹത്തെ ഒരു വിശുദ്ധനായി ഔപചാരികമായി പ്രഖ്യാപിച്ചു.

പരുമല പെരുനാൾ

ഒക്ടോ. 26 മുതൽ നവം. 2 വരെ

– ഫാ. എം.സി. കുര്യാക്കോസ്
(മാനേജർ, പരുമല സെമിനാരി)

ഭാരതീയ ക്രൈസ്തവ സഭയിലെ പ്രഥമ പരിശുദ്ധനും മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പ്രഥമ പ്രഖ്യാപിത പരിശുദ്ധനുമായ പരുമല മാർ ഗ്രിഗോറിയോസ് (പരുമല കൊച്ചുതിരുമേനി) തിരുമേനിയുടെ 114-ാം ഓർമ്മപ്പെരുന്നാൾ 2016 ഒക്ടോബർ 26 മുതൽ നവംബർ 2 വരെ വിവിധ പരിപാടികളോടുകൂടി ഏറ്റവും ഭക്ത്യാദരപൂർവ്വം ആഘോഷിക്കുന്നു. തിരുമേനിയുടെ പരിശുദ്ധ പ്രഖ്യാപനത്തിന്റെ സപ്തതി നിറവിലാണ് ഈ വർഷത്തെ പെരുനാൾ കൊണ്ടാടുന്നത്.

പ്രാർത്ഥനാ ജീവിതം കൊണ്ടും മനുഷ്യസ്നേഹം കൊണ്ടും ക്രിസ്ത്യാനുരൂപിയായിത്തീർന്ന വറ്റാത്ത ആത്മീയ സ്രോതസ്സാണ് പരിശുദ്ധ തിരുമേനി. ഒരു മനുഷ്യന് ആർജ്ജിക്കാവുന്ന പരിശുദ്ധിയുടെ ഉത്തുംഗ ശ്രേണിയിൽ ജീവിത വിശുദ്ധിയും തപോനിഷ്ഠയും പ്രാർത്ഥനാ ജീവിതവും ആത്മനിറവുമാണ്. "നിങ്ങളെ വിളിച്ച വിശുദ്ധന് ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാ നടപ്പിലും വിശുദ്ധരാകുവീൻ" (1 പത്രോസ് 1:15) എന്ന വചനം യഥാർത്ഥ തലത്തിൽ ഉൾക്കൊണ്ട വ്യക്തിത്വമാണ് പരുമല തിരുമേനിയുടേത്. ആ വിശുദ്ധന്റെ കബറിടത്തിലേക്ക് വരുമ്പോൾ പരുമല തിരുമേനിയുടെ ദിവ്യതേജസ്സിന്റെ പ്രഭ ഉൾക്കൊള്ളുവാൻ വിശ്വാസികൾക്ക് കഴിയണം. പരുമല തിരുമേനി വളർത്തിയെടുത്ത ആദ്ധ്യാത്മിക പാരമ്പര്യം സഭയിൽ എല്ലായിടവും വളർന്നുവരുവാൻ അദ്ദേഹത്തിന്റെ മദ്ധ്യസ്ഥത ഇടയാകട്ടെ.

മലങ്കരസഭയുടെ പരമാധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർ ത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ പ്രധാന കാർമികത്വത്തിൽ ഒക്ടോബർ 26 ബുധനാഴ്ച 2 മണിക്ക് പെരുന്നാൾ കൊടിയേറ്റ് നിർവഹിക്കും. 3 മണിക്ക് തീർത്ഥാടനവാരാഘോഷ പൊതുസമ്മേളനം പരിശുദ്ധ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യും.

ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നടത്തുന്ന 144 മണിക്കൂർ അഖണ്ഡ പ്രാർത്ഥന യൂഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യും.

തീർത്ഥാടനവാരത്തിന്റെ എല്ലാ ദിവസങ്ങളിലും ധ്യാനവും, മദ്ധ്യസ്ഥ പ്രാർത്ഥനയും, ആദ്യ വസതിയിൽ വേദപുസ്തക പാരായണവും ഗാനശുശ്രൂഷയും ഉണ്ടായിരിക്കും.

കേരളത്തിലെ വിവിധ ഭദ്രാസനങ്ങളിൽ നിന്നും ഇടവകകളിൽ നിന്നും ബാഹ്യകേരളത്തിൽ നിന്നും പദയാത്രികരായി എത്തിച്ചേരുന്ന തീർത്ഥാടക സംഘങ്ങൾക്ക് ഒക്ടോബർ 31-ന് രാവിലെ 9.30-ന് കബറിടത്തിൽ സ്വീകരണം നൽകും. ഈ വർഷത്തെ പെരുന്നാൾ ശുശ്രൂഷകളിലും അതിനോടു ചേർന്നുള്ള മറ്റ് പ്രോഗ്രാമുകളിലും വിശ്വാസികളേവരും പ്രാർത്ഥനാപൂർവ്വം വന്നു സംബന്ധിച്ച് അനുഗ്രഹങ്ങൾ പ്രാപിക്കുമാറാകണമെന്ന് സ്നേഹപൂർവ്വം താല്പര്യപ്പെടുന്നു.

* * *

26 ബുധൻ: പരുമല പെരുന്നാൾ കൊടിയേറ്റ് 2 മണിക്ക് പ. കാതോലിക്കാ ബാവ നിർവ്വഹിക്കും. തുടർന്ന് തീർത്ഥാടന വാരാഘോഷ പൊതു സമ്മേളനത്തിൽ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിക്കും. പ.

കാതോലിക്കാ ബാവ തീർത്ഥാടന വാരം ഉദ്ഘാടനം ചെയ്യും.

ജസ്റ്റിസ് കെ. സുരേന്ദ്ര മോഹൻ മുഖ്യ സന്ദേശം നൽകും. മന്ത്രി മാത്യു ടി. തോമസ്, അത്മായ ട്രസ്റ്റി എം.ജി. ജോർജ് മുത്തൂറ്റ്, വൈദിക ട്രസ്റ്റി ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്, സഭാ സെക്രട്ടറി ഡോ. ജോർജ് ജോസഫ്, ആന്റോ ആന്റണി എം.പി., വീണാ ജോർജ് എം.എൽ.എ. തുടങ്ങിയവർ പ്രസംഗിക്കും.

വൈകിട്ട് അഞ്ചു മുതൽ യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ 144 മണിക്കൂർ ദൈർഘ്യമുള്ള അഖണ്ഡ പ്രാർത്ഥന ആരംഭിക്കും.

27 വ്യാഴം 10 മണിക്ക് അഖില മലങ്കര മർത്തമറിയം സമാജം സമ്മേളനം ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യും. വിനി വി. ജോൺ ക്ലാസ് നയിക്കും. 2.30 -ന് പേട്രൺ ഡേ സെലിബ്രഷനിൽ കുരുവിള എം. ജോർജ് മുഖ്യപ്രഭാഷണം നടത്തും.

28 വെള്ളി: രാവിലെ 6.30-ന് ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്തായും 7.30-ന് പള്ളിയിൽ സഖറിയാ മാർ അന്തോണിയോസ് മെത്രാപ്പോലീത്തായും വി. കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിക്കും.

10-ന് ഉപവാസ ധ്യാനം ഫാ. ഡോ. റ്റി. ജെ. ജോഷ്വ ഉദ്ഘാടനം ചെയ്യും. ഏബ്രഹാം മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിക്കും. ഫാ. ഡോ. ബിജേഷ് ഫിലിപ്പ് ധ്യാനം നയിക്കും. ഉച്ചയ്ക്ക് മൂന്നു മുതൽ ആയുർവേദ ക്യാമ്പിന് ഡോ. സൂസൻ പി. ജോൺ, ഡോ. റോബിൻ ജെ. തോംസൺ, ഡോ. മോൾ എലിസബേത്ത് തോമസ് എന്നിവർ നേതൃത്വം നൽകും.

29 ശനി: രാവിലെ 7.30-ന് കുര്യാക്കോസ് മാർ ക്ലീമ്മീസ് മെത്രാപ്പോലീത്ത വി. കുർബ്ബാനയ്ക്ക് മുഖ്യ നേതൃത്വം നൽകും. 10-ന് ഗായക സംഘം ഏകദിന സമ്മേളനത്തിൽ സെമിനാരി പ്രിൻസിപ്പാൾ ഫാ. ഡോ. ഒ. തോമസ് ആമുഖ പ്രഭാഷണവും പ്രശസ്ത സംഗീത സംവിധായകൻ ജെറി അമൽദേവ് മുഖ്യ പ്രഭാഷണവും നടത്തും.

2 മണിക്ക് മലങ്കരസഭാ മാസിക യുടെ ആഭിമുഖ്യത്തിൽ നടക്കുന്ന മാധ്യമ സെമിനാറിൽ പ്രശസ്ത ചലച്ചിത്ര സംവിധായകൻ പ്രൊഫ. മധു ഇറവങ്കര മുഖ്യ പ്രഭാഷണം നടത്തും.

30 ഞായർ: 6.30-ന് ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായും 7.30-ന് ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്തായും വി. കുർബ്ബാനയ്ക്ക് മുഖ്യ നേതൃത്വം നൽകും. 11 മണിക്ക് ബസ്ക്യാമ്മ അസോസിയേഷൻ സമ്മേളനത്തിൽ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിക്കും.

2.30-നുള്ള യുവജന സംഗമം മന്ത്രി പി. തിലോത്തമൻ ഉദ്ഘാടനം ചെയ്യും. യൂഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിക്കും. വൈ.എം.സി.എ. ദേശീയ പ്രസിഡന്റ് ഡോ. ലെബി ഫിലിപ്പ് മുഖ്യ പ്രഭാഷണം നടത്തും.

31 തിങ്കൾ: 7.30-ന് ഡോ. ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്ത വി. കുർബ്ബാന അർപ്പിക്കും. സ്കൂൾ വിദ്യാർത്ഥികളുടെ സംഗമം പ്രശസ്ത ചലച്ചിത്ര ഗാന രചയിതാവ് ദേവദാസ് ചിങ്ങോലി ഉദ്ഘാടനം ചെയ്യും. 2 മണിക്കുള്ള പരിസ്ഥിതി സെമിനാറിൽ ഡോ. പുന്നൻ കുര്യൻ ക്ലാസ് നയിക്കും. വിവിധ ദിവസങ്ങളിലെ കൺവൻഷൻ പ്രസംഗങ്ങൾക്ക് ഫാ. ലൈജു മാത്യു, ഫാ. സോളു കോശി രാജു, ഫാ. തോമസ് വർഗീസ് അമയിൽ, ഫാ. ബിജു റ്റി. മാത്യു, ഫാ. ഡോ. റെജി ഗീവർഗീസ് എന്നിവർ നേതൃത്വം നൽകും.

നവംബർ 1: ചൊവ്വാഴ്ച 7.30-ന് ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ വി. കുർബ്ബാന അർപ്പിക്കും. 10 മണിക്ക് വിവാഹ സഹായ വിതരണ സമ്മേളനത്തിൽ ഡോ. യൂഹാനൻ മാർ തേവോദോറോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിക്കും. പി.എച്ച്. കുര്യൻ ഐ.എ.എസ്. മുഖ്യ പ്രഭാഷണം നടത്തും വിവാഹ സഹായ വിതരണം പ. കാതോലിക്കാ ബാവ നിർവ്വഹിക്കും.

2.30-ന് തീർത്ഥാടക സംഗമവും പ. പരുമല തിരുമേനിയുടെ പരിശുദ്ധ പ്രഖ്യാപനത്തിന്റെ സപ്തതി ആഘോഷ ഉദ്ഘാടനവും നടക്കും. പ. കാതോലിക്കാ ബാവ അദ്ധ്യക്ഷത വഹിക്കുന്ന സമ്മേളനം നിയമസഭാ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. പി.എസ്.സി. ചെയർമാൻ ഡോ. കെ.എസ്. രാധാകൃഷ്ണൻ മുഖ്യ പ്രഭാഷണം നടത്തും. 5.45-ന് പ. കാതോലിക്കാ ബാവാ തിരുമേനിയേയും അഭിവന്ദ്യ തിരുമേനിമാരേയും പെരുന്നാൾ സന്ധ്യാ നമസ്ക്കാരത്തിനായി പള്ളി മേടയിൽ നിന്നും പള്ളിയിലേയ്ക്ക് ആഘോഷപൂർവ്വം ആനയിക്കും. 7-ന് ഡോ. എബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്ത പ്രസംഗിക്കും. 8.00 ശ്ലൈഹിക വാഴ്വും തുടർന്ന് ഭക്തി നിർഭരമായ റാസയും.

നവംബർ 2 ബുധൻ: രാവിലെ 3 മണിക്ക് പള്ളിയിൽ ഡോ. ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പോലീത്തായും 6.30-ന് ചാപ്പലിൽ ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തായും വി. കുർബ്ബാന അർപ്പിക്കും. 8.30-ന് പ. കാതോലിക്കാ ബാവായുടെ മുഖ്യ കാർമ്മികത്വത്തിൽ വി. മൂന്നിന്മേൽ കുർബ്ബാന. ഗീവർഗീസ് മാർ കൂറിലോസ്, ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് എന്നീ മെത്രാപ്പോലീത്തന്മാർ സഹ കാർമ്മികത്വം വഹിക്കും.

ഉച്ചയ്ക്ക് 12 മണിക്ക് മാർ ഗ്രീഗോറിയോസ് വിദ്യാർത്ഥി പ്രസ്ഥാന സംഗമം പ. കാതോലിക്കാ ബാവ ഉദ്ഘാടനം ചെയ്യും. പ്രസിഡന്റ് ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിക്കും. സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ ഡെപ്യൂട്ടി ഡയറക്ടർ എം.എസ്. വർഗീസ് മുഖ്യ പ്രഭാഷണം നടത്തും. 2 മണിക്ക് ഭക്തിനിർഭരമായ റാസയും 3.30-ന് ധൂപപ്രാർത്ഥനയും ആശിർവാദവും നടക്കും.

നവംബർ 1, 2 തീയതികളിലെ പെരുന്നാൾ ശുശ്രൂഷകൾ ഗ്രീഗോറിയോൻ ടി.വി. യിലും എ.സി.വി. ഉത്സവ് ചാനലിലും (No. 99) തത്സമയം ലഭ്യമാണ്. ■

അല്ലെങ്കിൽത്തന്നെ ജനമനസ്സുകളിൽ വിശുദ്ധനായി സ്ഥാനം പിടിച്ചിരുന്നു. ആ വിശ്വാസ ത്തിന് ആഴം വർദ്ധിച്ചുവരുന്നതായി വർഷം തോറും ആചരിച്ചു വരുന്ന പെരുന്നാൾ തെളിയിച്ചു കൊണ്ടിരി ക്കുന്നു. ■

www.gregoriantv.com
മലങ്കര ഓർത്തഡോക്സ് സഭയുടെ ഔദ്യോഗിക ഇന്റർനെറ്റ് വെബ് ചാനൽ
പരുമല പെരുനാൾ തത്സമയം ലഭ്യമാകുന്നു.

പരുമലതിരുമേനി ആത്മീയതയുടെ പ്രതിരൂപം

■ പ്രൊഫ. എം. കെ. സാനു
(മുൻ എം.എൽ.എ.)

ശ്രേഷ്ഠമായ പാരമ്പര്യത്തിന്റെ സുകൃത ഫലമാണ് വിശുദ്ധനായ പരുമല തിരുമേനി. മഹാത്മാവായ അദ്ദേഹം ആത്മീയതയുടെ പ്രതിരൂപമായിരുന്നു. അനുയായികളിലൊക്കെയും അചഞ്ചലമായ ദൈവവിശ്വാസവും അതിൽനിന്നുളവാകുന്ന ധാർമ്മികതയും ദൃഢമായി നിലനിർത്തുന്നതിൽ തിരുമേനിയുടെ സ്വാധീനം സ്ഥിരമായുപകരിച്ചുപോന്നു. പ്രാർത്ഥനയും പ്രാർത്ഥനയോടു ബന്ധപ്പെട്ട അനുഷ്ഠാനങ്ങളും മുറതെറ്റാതെ സമൂഹത്തിൽ നിലനില്ക്കുന്നതിന് തിരുമേനി നല്കിപ്പോന്ന പ്രചോദനം നിരുപമമാണ്.

ലൗകികജീവിതത്തിന്റെ മേഖലയിലാണ് ആത്മീയതയുടെ അവർണ്ണനീയ സ്വഭാവം ആവിഷ്കൃതമാകേണ്ടതെന്ന് സമൂഹത്തെ ഓർമ്മിപ്പിച്ചുകൊണ്ടിരിക്കാൻ പരുമല തിരുമേനി പ്രത്യേകം ശ്രദ്ധിച്ചുകൊണ്ടിരുന്നു. നിർഭാഗ്യത്തിൽ നിപതിച്ചുപോയവരെ സഹായിക്കുന്നതിലൂടെയാണ് മനുഷ്യൻ ദൈവപ്രീതിക്ക് അർഹരായിത്തീരുന്നതെന്നു സമൂഹത്തെ പഠിപ്പിക്കുന്നതിൽ അദ്ദേഹം വിജയം വരിക്കുകതന്നെ ചെയ്തു. അത്തരം സംരംഭങ്ങൾക്കു നേരിട്ടു നേതൃത്വം നല്കാൻ തിരുമേനി എപ്പോഴും മുന്നിലുണ്ടായിരുന്നു. സ്വന്തം കാലഘട്ടത്തെ ധാർമ്മികതയാൽ പ്രദീപ്തമാക്കി എന്നാണ് തിരുമേനി നൽകിയ ഏറ്റവും വലിയ സംഭാവന.

ചെടികളും വൃക്ഷങ്ങളും നട്ടുപിടിപ്പിച്ച് പ്രകൃതിയെ സംരക്ഷിക്കുന്നതിന് പരുമല തിരുമേനി നല്കിയ ഉപദേശങ്ങൾ, ഇന്നു തിരിഞ്ഞുനോക്കുമ്പോൾ, നമുക്ക് അത്ഭുതമായി തോന്നുന്നു. അന്തരീക്ഷമലിനീകരണത്തെക്കുറിച്ചുള്ള ബോധം ഉരുത്തിരിഞ്ഞു വരുന്നത് പിന്നെയും എത്രയോ കാലം കഴിഞ്ഞതിന് ശേഷമാണ്! സ്വന്തം ദിവ്യത്വത്താൽ പരുമല തിരുമേനി ദീർഘദൃഷ്ടിയോടുകൂടി ഇന്നത്തെ ശോചനീയാവസ്ഥ കണ്ടെത്തുകയും, അതു തടയുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് സമൂഹത്തെ പരിശീലിപ്പിക്കുകയും ചെയ്തു. ■



പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ
ആറാം സ്ഥാനാരോഹണ വാർഷികം
2016 നവംബർ ഒന്ന്

പരിശുദ്ധ പ്രഖ്യാപന 38-ാം നമ്പർ കല്പന

അനുഗ്രഹിക്കപ്പെട്ട വാത്സല്യമക്കളേ,

പരുമലെ കാലം ചെയ്ത നമ്മുടെ പരിശുദ്ധ പിതാവിന്റെ തിരുനാമം ശുദ്ധിമാന്മാരുടെ പട്ടികയിൽ ചേർത്തു തുബദേനിൽ എഴുതുന്നതിനും കോതമംഗലത്തു കാലം ചെയ്ത പരിശുദ്ധ പിതാവാകുന്ന മാർ ബസ്സേലിയോസ് കാതോലിക്കായുടെ നാമവും ഇപ്രകാരം തന്നെ ചെയ്യുന്നതിനും നമ്മുടെ വി. സുന്നഹദോസ് നിശ്ചയിച്ചിരിക്കുന്നു എന്ന സന്തോഷവാർത്ത നിങ്ങളെ നാം അറിയിച്ചു കൊള്ളുന്നു. അതിനാൽ ഈ വിശുദ്ധന്മാരുടെ ഓർമ്മ, ശേഷം പരിശുദ്ധന്മാരുടെ ഓർമ്മ പോലെ "സാദീക്കോ" (നയവാൻ പനപോലെ തളിർത്തിടുമേ എന്ന പ്രാർത്ഥനയിൽ ഓർക്കുകയും അവരുടെ നാമങ്ങളിൽ പള്ളികൾ സ്ഥാപിക്കുകയും മറ്റും ചെയ്യാവുന്നതാണ്. ഈ പരിശുദ്ധന്മാരുടെ പ്രാർത്ഥന നമുക്കു കോട്ടയായിരിക്കട്ടെ - ആമ്മീൻ.

(പരിശുദ്ധ പരുമല തിരുമേനിയെയും പരിശുദ്ധ യെൽദോ മാർ ബസേലിയോസ് ബാവായെയും *പരിശുദ്ധനായി പ്രഖ്യാപിച്ചു കൊണ്ടുള്ള* പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ 38-ാം നമ്പർ കല്പന.

മലങ്കരസഭ 1123 വൃശ്ചികം,
പുസ്തകം-2.

ഒക്ടോബർ 29, ശനി
മാധ്യമ സെമിനാർ

പരുമല പെരുന്നാളിനോടനുബന്ധിച്ച് മലങ്കരസഭ മാസികയുടെ ആഭിമുഖ്യത്തിൽ, മലങ്കരസഭ മാസികയുടെ സപ്തതിയും പ്രതിനിധി സമ്മേളനവും മാധ്യമ സെമിനാറും 2016 ഒക്ടോബർ 29-ന് ശനിയാഴ്ച ഉച്ചയ്ക്ക് 1.30 മുതൽ 5 വരെ പരുമല സെമിനാരിയിൽ നടത്തും.

അദ്ധ്യക്ഷൻ: ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ
അദ്ധ്യക്ഷൻ: ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്താ
മുഖ്യപ്രഭാഷണം: പ്രൊഫ. മധു ഇറവങ്കര
(പ്രശസ്ത ചലച്ചിത്ര് സംവിധായകനും ചലച്ചിത്ര പഠന വിഭാഗം അദ്ധ്യക്ഷനും, മലയാളം സർവ്വകലാശാല, തിരൂർ)

- മലങ്കര സഭയിലെ എഴുത്തുകാരുടെയും വായനക്കാരുടെയും സംഗമം
- പ്രതിനിധി സമ്മേളനം, ഗാനാർച്ചന
- മാധ്യമ ചർച്ചകൾ... സംവാദങ്ങൾ...

ഏവർക്കും സ്വാഗതം....

കൂടുതൽ വിവരങ്ങൾക്ക്: 0481-2573234, 9744648617

Cancer Care Charity

സ്നേഹ സ്പർശത്തിനായി...

■ പ്രൊഫ. പി.സി. ഏലിയാസ്

ആഘോഷങ്ങളിലും ആഡംബരങ്ങളിലും അഭിരമിക്കാത്ത പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ സന്തോഷം പങ്കുവെയ്ക്കുന്ന ചില സന്ദർഭങ്ങളുണ്ട്. കുട്ടികളോടൊപ്പം ചെലവഴിക്കുമ്പോൾ, പ്രത്യേകിച്ചും അഗതി മന്ദിരങ്ങളും അനാഥാലയങ്ങളും ഭിന്നശേഷിക്കാരായ കുട്ടികൾക്കായുള്ള സ്കൂളുകളും സന്ദർശിക്കുമ്പോൾ. കുറെ വർഷങ്ങളായി ജന്മദിനം അങ്ങനെയുള്ളവരോടൊപ്പമാണ്.

കേരളത്തിലെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്കൂളുകളടക്കം 21 വിദ്യാലയങ്ങളിലെ 400-ൽ പരം കുട്ടികൾ നിറഞ്ഞ കാതോലിക്കേറ്റ് അരമന ഹാൾ *ദേവലോകമാക്കി* അവർ പാടുകയും ആടുകയും വാദ്യഘോഷം മുഴക്കുകയും ചെയ്തപ്പോൾ, പരിശുദ്ധ ബാവാ അവരോടൊപ്പം ഉണ്ടായിരുന്നു. ഓണസദ്യ ഉണ്ടും അവർക്ക് ഓണക്കോടി നൽകിയും ആ ദിനം അവിസ്മരണീയമാക്കി.

അത്യാധുനിക സൗകര്യങ്ങളോട് കൂടിയ ചികിത്സാ കേന്ദ്രങ്ങൾ ആരംഭിച്ചതു കൊണ്ട് മാത്രമായില്ലെന്ന് പ. ബാവാ തിരുമേനി ആവർത്തിച്ച് പറയാറുണ്ട്: രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് ഊന്നൽ കൊടുക്കണം സഭാ മാനവശാക്തീകരണ വിഭാഗത്തിന്റെ സമഗ്ര സൗഖ്യ എന്ന ബോധവത്ക്കരണ-പ്രതിരോധ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. എന്നാൽ നിർദ്ധന കാൻസർ രോഗികൾക്ക് ചികിത്സാ സഹായം എത്തിക്കുന്ന ശ്രമം അത്യാവശ്യമാണെന്നും പ. ബാവാ തിരുമേനി ഓർമ്മിപ്പിക്കാറുണ്ട്. പ. ബാവാ തിരുമേനിയുടെ സപ്തതി സ്മാരകമായി ആരംഭിക്കുന്ന കാൻസർ ചികിത്സാ സഹായ പദ്ധതിയാണ് 'സ്നേഹസ്പർശം'. 'മനുഷ്യസ്നേഹത്തിന് സപ്തതി' എന്നാണ്, മലയാള മനോരമ തിരുമേനിയുടെ ജന്മദിനത്തിന് നൽകിയ വിശേഷണം. പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ തീരുമാന പ്രകാരം ഡോ. യൂഹാനോൻ മാർ ദിയസ്ക്കോറോസ് മെത്രാപ്പോലീത്ത, പരുമല കാൻസർ സെന്റർ ഡയറക്ടർ ഫാ. എം.സി പൗലോസ് എന്നിവരാണ് സ്നേഹസ്പർശത്തിന് നേതൃത്വം നൽകുന്നത്.

സ്നേഹസ്പർശം പദ്ധതിയിലേയ്ക്ക് നമ്മുടെ വിലപ്പെട്ട സംഭാവനകൾ നൽകണം. ഇതിലൂടെ നിർദ്ധനരായ കാൻസർ രോഗികളെയും നിരാലംബരായ അവരുടെ കുടുംബാഗങ്ങളെയുമാണ് സഹായിക്കുന്നത്. ആത്മവിശ്വാസത്തോടെ കാൻസർ രോഗത്തെ നേരിടാൻ നമ്മുടെ സഹായം അവർക്ക് കൂടുതൽ കരുത്ത് നൽകും.

അതിജീവനം സാധ്യമാണ്, ഞങ്ങളുണ്ട് കൂടെ..... എന്ന ആഹ്വാനത്തോടെ ആരംഭിക്കുന്ന സ്നേഹ സ്പർശം പദ്ധതിയുടെ മധ്യസ്ഥൻ പരിശുദ്ധ പരുമല തിരുമേനിയാണ്. രണ്ട് തവണ കാൻസർ രോഗത്തെ അതിജീവിച്ച പ്രശസ്ത നടനും എം.പി.യുമായ ഇന്നസെന്റിന്റെയും, കാൻസർ ചികിത്സാ രംഗത്തെ മാതൃകയായ ഡോ. വി.പി ഗംഗാധരന്റെയും പിന്തുണയുണ്ട്. *'സ്നേഹസ്പർശം എന്ന കാരുണ്യ പദ്ധതി നമ്മുടെ ഒരു മഹാദൗത്യമാണ്' എന്ന് പ്രഖ്യാപിച്ച് ആശംസ നേർന്ന പ്രശസ്ത ഗായിക കെ.എസ്. ചിത്ര നവംബർ 22 ന് കോട്ടയത്ത് നടത്തുന്ന സംഗീതാർച്ചനയിലൂടെ പിന്തുണ പ്രായോഗികമാക്കുകയാണ്.*

മെറിൻ ജോസഫ് ഐ.പി.എസ് സ്നേഹസ്പർശത്തിന്റെ ലോഗോ പ്രകാശനം ചെയ്തു. അസിസ്റ്റന്റ് പോലീസ് കമ്മീഷണർ എന്ന നിലയിൽ നേരിട്ട ആദ്യ സംഘർഷഭരിതമായ സാഹചര്യത്തെ അഭിമുഖീകരിച്ച സമയത്താണ് പരിശുദ്ധ കാതോലിക്കാ ബാവായുടെ അഭിനന്ദന-അനുഗ്രഹ വാക്കുകൾ മൊബൈൽ ഫോണിലൂടെ ലഭിച്ച തെന്നും അത് നിർണ്ണായകമായ ധൈര്യവും കരുത്തും നൽകിയെന്നും മെറിൻ ജോസഫ് അനുസ്മരിച്ചു. ഏവരുടെയും പിന്തുണ ലഭിക്കേണ്ട കാരുണ്യ പദ്ധതിയാണ് സ്നേഹ സ്പർശമെന്ന് മെറിൻ ജോസഫ് അഭിപ്രായപ്പെട്ടു. ഏഴ് ബാഹ്യ കേരള ഭദ്രാസനങ്ങളിലെ വൈദികരുടെ ബാംഗ്ലൂർ സമ്മേളനത്തിൽ വെച്ച് പരിശുദ്ധ കാതോലിക്കാ ബാവായ്ക്ക് ലഭിച്ച ജന്മദിന സമ്മാനമായ 7 ലക്ഷം രൂപയും തുടർന്നു ലഭിച്ച സമ്മാന തുകകളും *സ്നേഹ സ്പർശം* നിധിയിലേക്ക് കൈമാറി. പീരുമേട് മാർ ബസേലിയോസ് എഞ്ചിനീയറിംഗ് കോളേജ് ഡയറക്ടർ ഫാ. ജോൺ സി. ചിറത്തലാട്ട് ആദ്യ സംഭാവന നൽകി.

നവംബർ 22 ന് കോട്ടയം മാമ്മൻ മാപ്പിള ഹാളിൽ എത്യോപ്യൻ പാത്രിയർക്കീസ് പ. ആബുനാ മത്ഥ്യാസ് സ്നേഹസ്പർശം ഉദ്ഘാടനം ചെയ്യും. തുടർന്ന് ചിത്രയും സംഘവും 'സംഗീതാർച്ചന' അവതരിപ്പിക്കും.

സഭയിലെ ആദ്ധ്യാത്മീക പ്രസ്ഥാനങ്ങളിൽ രോഗപ്രതിരോധവും ചികിത്സാ സഹായവും സജീവ ചർച്ചയാകണം. ഇടവക-ഭദ്രാസന തലങ്ങളിൽ ബോധവത്ക്കരണ കർമ്മ പരിപാടികളും നടത്തണം. രോഗസൗഖ്യം, ജന്മദിനം, വിവാഹവാർഷികം, പരീക്ഷാവിജയം, ഗൃഹപ്രവേശനം, ആദ്യ ശമ്പളദിനം തുടങ്ങിയ സന്ദർഭങ്ങളിൽ നന്ദിപ്രകാശന നേർച്ചയായി ഒരു രോഗിയെ എങ്കിലും സഹായിക്കാം. രോഗികൾക്ക് സൗഖ്യം നൽകി ആശ്വസിപ്പിച്ച കരുണാമയനായ കർത്താവിന്റെ കരങ്ങളായി മാറാൻ -അത്ഭുതം പ്രവർത്തിക്കാൻ നമുക്കും ഇതാ ഒരവസരം. വരൂ, സ്നേഹ സ്പർശത്തിനായി നമുക്ക് കൈകോർക്കാം. ■

സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി
പുറ്റടി
(ഇടുക്കി ഭദ്രാസനം)
കർമ്മേൽ മാർ ഗ്രിഗോറിയോസ്
കുരിശുമല ചാപ്പലിൽ
പരി. പരുമല തിരുമേനിയുടെ
114-ാമത്
ഓർമ്മപ്പെരുന്നാൾ
2016 നവംബർ 2,3,4,5 തീയതികളിൽ
അഭി. ഡോ. മാത്യൂസ് മാർ തിമോത്തിയോസ്
മെത്രാപ്പോലീത്തായുടെ (യു.കെ., യൂറോപ്പ്) മുഖ്യകാർമ്മികത്വത്തിൽ
കൊടിമര ഘോഷയാത്ര, സുവിശേഷ യോഗം, ഗാനശുശ്രൂഷ, വി. കുർബ്ബാന, പ്രദക്ഷിണം, ശ്ലൈഹിക വാഴ്വ്, അഖണ്ഡപ്രാർത്ഥന, മെഡിക്കൽ ക്യാമ്പ്, ക്വിസ് മത്സരം, നേർച്ചവിളമ്പ്, സ്നേഹവിരുന്ന്
"മലങ്കര സഭയുടെ സൂര്യതേജസ്സ്" ഭാഗ്യസ്മരണാർഹനായ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ കിഴക്കിന്റെ പരുമല എന്നു വിശേഷിപ്പിച്ച് 2004 നവംബർ 6-ാം തീയതി പ. ബാവായുടെ തൃക്കരങ്ങളാൽ പ. പരുമല തിരുമേനിയുടെ തിരുശേഷിപ്പ് സ്ഥാപിക്കുകയും ചെയ്ത മലങ്കര സഭയിലെ ഏക കുരിശുമലയായ പുറ്റടി കർമ്മേൽ മാർ ഗ്രിഗോറിയോസ് കുരിശുമലയിൽ നാനാജാതി മതസ്ഥരായ അനേകായിരങ്ങളാണ് പ. പരുമല തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ച് കടന്നു വരുന്നത്. പരിശുദ്ധ സാന്നിദ്ധ്യവും മദ്ധ്യസ്ഥതയും മുഖാന്തിരം രോഗികൾക്ക് സൗഖ്യവും, ദുഃഖിതർക്ക് ആശ്വാസവും, ആലംബഹീനർക്ക് പ്രത്യാശയുമരുളുന്ന പ. പരുമല തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ച് പെരുന്നാൾ ശുശ്രൂഷകളിൽ കടന്നു വന്ന് സംബന്ധിക്കുവാൻ ഏവരെയും ക്ഷണിക്കുന്നു.
കർമ്മേൽ മലയിലെ ആരാധനാ ക്രമീകരണങ്ങൾ
ആദ്യവെള്ളി 7.30am പ്രഭാതനമസ്കാരം
8.30am വി. കുർബ്ബാന
മദ്ധ്യസ്ഥപ്രാർത്ഥന
മൂന്നാം വെള്ളി 10.00am ധ്യാനം
മദ്ധ്യസ്ഥപ്രാർത്ഥന
മറ്റ് വെള്ളിയാഴ്ചകളിൽ 11.00am മദ്ധ്യാഹ്ന നമസ്കാരം
മദ്ധ്യസ്ഥപ്രാർത്ഥന
എല്ലാ ദിവസവും
5.30 pm സന്ധ്യാനമസ്കാരം
മദ്ധ്യസ്ഥപ്രാർത്ഥന
കർമ്മേൽ പ്രയർ സർക്കിൾ
എല്ലാ ഞായറാഴ്ചകളിലും വൈകിട്ട് 6 മണി മുതൽ
വെള്ളിയാഴ്ചകളിൽ 11.30 am മുതൽ
മദ്ധ്യസ്ഥപ്രാർത്ഥനകൾക്കും നേർച്ചകാഴ്ചകൾക്കും
The Vicar
St. Marys Orthodox Church
Puttady P.O., Vandanmedu,
Idukki (Dt.) - 685551
04868 - 277472, 277144
Web. www.carmelmala.org
facebook: karmelmargregoriouspilgrimcentreputtady
Bank Details
Federal Bank Puttady Branch
IFSC : FDRL0001073
A/c No. 10730100115427
Kattappana
Kumily (Thekkady)
Puttady
Puliyanmala
Munnar
Carmel Mala



പൗരോഹിത്യ നൽവര ദാന ശുശ്രൂഷ – 2

■ ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ
(പ. സുന്നഹദോസ് സെക്രട്ടറി)

4. കോറൂയോ
(Reader വായനക്കാരൻ)

സഭ കൂടിവരുമ്പോൾ വേദപുസ്തക ഭാഗങ്ങൾ വായിക്കുവാൻ നിയമിക്കപ്പെട്ടവരാണ് കോറൂയന്മാർ. വേദപുസ്തക വായനയും പ്രബോധനവും പുതിയ നിയമകാല സഭയിൽ ശക്തമായി ആരംഭിച്ചു (1 തിമോ4: 13; വെളി 1.3). രണ്ടാം നൂറ്റാണ്ടിൽ തന്നെ ആരാധനാ പശ്ചാത്തലത്തിൽ ഇങ്ങനെയൊരു സ്ഥാനം നിലനിന്നതായി പ. യുസ്തീനോസും, തെർത്തുല്യനും സാക്ഷിക്കുന്നു. ഇത് ഒരു പട്ടത്വ ശുശ്രൂഷയായി കുപ്രിയാനോസും സൂചിപ്പിക്കുന്നുണ്ട്. പൗരോഹിത്യ ശുശ്രൂഷയിലേക്ക് വരുന്നവരിൽ സ്ഥാനം ഏറ്റ ശേഷം വിവാഹം കഴിക്കാൻ മ്സമറോനന്മാരേയും കോറൂയന്മാരെയും അനുവദിച്ചിരുന്നതായി അപ്പോ സ്തോലിക നിയമ സംഹിത (Apostolic Constitutions c.390 AD) എന്ന കൃതിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ കീഴ്സ്ഥാനികൾക്ക് മാമ്മോദീസായേൽക്കുവാൻ അധികാരമില്ല എന്നും ഇവിടെ കാണുന്നു. പിൽക്കാലത്ത് ഈ സ്ഥാനശുശ്രൂഷകൂടി ശുശ്രൂഷകൻ നിർവഹിക്കാൻ തുടങ്ങിയതോടെ ഇതിന്റെ പ്രസക്തിയില്ലാതായി. കോറൂയോയ്ക്ക് പൊതു പ്രാർത്ഥനകൾക്ക് ശേഷം ശുശ്രൂഷമദ്ധ്യേ മുടി കത്രിക്കലും, സ്ഥാനാർത്ഥിയുടെ നെറ്റിലും ചെന്നികളിലുമായി എപ്പിസ്ക്കോപ്പായുടെ രണ്ടു കൈകളും പിടിച്ചുകൊണ്ട് രഹസ്യപ്രാർത്ഥനയും നടത്തുന്നു. സ്ഥാനവസ്ത്രങ്ങളായി ശുശ്രൂഷകുപ്പായവും ഊറാറയും വാഴ്ത്തി ധരിപ്പിക്കുകയും സ്ഥാനചിഹ്നമായി പ്രവചന പുസ്തകം കൊടുക്കുകയും ചെയ്യുന്നുണ്ട്. കോപ്റ്റിക് സഭയിൽ മുടി കത്രിക്കൽ കോറൂയോ മുതലേ തുടങ്ങുന്നുള്ളു. സുറിയാനി പാരമ്പര്യത്തിലേതുപോലെ ഊറാറ കുരിശ് രൂപത്തിലാണ് അവരും ധരിപ്പിക്കുന്നത്.

5. ആവ്പ്പദ്യഖിനോ
(Sub-deacon)

ശെമ്മാശ പദവിക്കു തൊട്ടുപിന്നിലുള്ള ഈ സ്ഥാനം വാതിൽക്കാവൽക്കാരൻ (Porters) എന്ന് പൗരാണികമായി അറിയപ്പെടുന്നു. വേദവിപരീതികളോ ദുരുപദേഷ്ടാക്കന്മാരോ ദേവാലയത്തിൽ കയറാതിരിക്കുവാൻ വാതിക്കൽ കാവൽക്കാരായി ഇവർ നിൽക്കുന്നു. അവരെ തിരിച്ചറിയുവാനുള്ള വിശ്വാസ ദാർഢ്യം ഇവർക്കുണ്ടായിരിക്കണം. ശുശ്രൂഷകരുടെ സഹായി ആയിട്ടാണ് ഇവരുടെ സേവനം. AD 225 മുതൽ ഈ സ്ഥാനം നിലവിലുള്ളതായി വി. കുപ്രിയാനോസിന്, റോമിലെ പുരോഹിതന്മാർക്ക് അയച്ച കത്തിൽ കാണുന്നു. പൗരോഹിത്യ ശുശ്രൂഷയുടെ സഹായി എന്ന നിലയിൽ വളരെ ഉത്തരവാദപ്പെട്ട സ്ഥാനമാണിത്. പൊതുപ്രാർത്ഥനകൾക്കു ശേഷം മുടികത്രിക്കലും രണ്ടു കോറൂസൂസോ വായനകളുമുണ്ട്. രഹസ്യപരസ്യ പ്രാർത്ഥനകൾക്കു ശേഷം കാസാ പീലാസാകളിന്മേൽ കൈ ആവസിപ്പിക്കൽ കൂടാതെ അനുഗ്രഹം കോരിയെടുത്ത് എപ്പിസ്ക്കോപ്പാ സ്ഥാനാർത്ഥിയുടെ മുഖത്തു പതിപ്പിക്കുകയും തുടർന്ന് നെറ്റിയിൽ കൈകൾ വച്ചു പ്രാർത്ഥിക്കുകയും ചെയ്യുന്നത് ഈ സ്ഥാനത്തിന്റെ ശ്രേഷ്ഠത വെളിപ്പെടുത്തുന്നു. അവ്പ്പദ്യഖിനോ സ്ഥാനലബ്ദിക്കു ശേഷം വിവാഹം കഴിക്കുവാൻ എല്ലാ പരാമ്പര്യത്തിലും അനുവാദമുണ്ട്. സ്ഥാനവസ്ത്രങ്ങളായി വാഴ്ത്തപ്പെട്ട ശുശ്രൂഷക്കുപ്പായവും ഇടത്തെ തോളിൽ വലതു കൈയുടെ കക്ഷത്തിലൂടെ പകർത്തി ഇടുന്ന ഊറാറയും വാഴ്ത്താതെ തൊപ്പിയും കൊടുക്കുന്നു. പട്ടാഭിഷേക പ്രഖ്യാപനവും ഈ ശുശ്രൂഷയിൽ ഉണ്ട്. മറ്റ് കീഴ്സ്ഥാനികൾക്ക് കാണുന്നില്ല. സ്ഥാനചിഹ്നമായി കത്തിച്ച മെഴുകുതിരി കൊടുത്ത് പ്രതിജ്ഞ ചൊല്ലിക്കുന്നതും ഇവിടെ മാത്രം കാണുന്നു.

പുരോഹിതസ്ഥാനികൾ

1. പൂർണ്ണ ശെമ്മാശൻ
(മ്ശംശോനെ - Deacon)

പുരോഹിതനെയും എപ്പിസ്ക്കോപ്പായെയും അവരുടെ പൗരോഹിത്യ ശുശ്രൂഷകളിൽ സഹായിക്കുക: എന്നതാണ് ശെമ്മാശന്റെ പ്രധാന ചുമതല (അപ്പോ 6.2,3). ഇവർ പരിശുദ്ധാത്മാവും ജ്ഞാനവും നിറഞ്ഞവരായിരിക്കണം; ബഹുമാനിക്കപ്പെട്ടവരായിരിക്കണം; ഇരുവാക്കുകാർ ആകരുത്; മദ്യാസക്തിയുള്ളവരാകരുത്; ധനാർത്തിയുള്ളവരാകരുത്; കുടുംബം നന്നായി നടത്തുന്നവരാകണം. ഈ ശ്രേഷ്ഠ

വിശുദ്ധന്മാരുടെ മദ്ധ്യസ്ഥതകൾ



ഫാ.ഡോ. ജോസ് ജോൺ

ദൈവത്തെ വിശേഷിപ്പിക്കുവാൻ വി. വേദപുസ്തകത്തിൽ ഉപയോഗിച്ച പദങ്ങൾ (ഉദാ: വിശുദ്ധൻ, മദ്ധ്യസ്ഥൻ, പുരോഹിതൻ) മനുഷ്യർക്ക് ഉപയോഗിക്കുന്നതുകൊണ്ട് മനുഷ്യർ ഒരിക്കലും ദൈവത്തിന് തുല്യരാകുന്നില്ല. മനുഷ്യർ തമ്മിൽ പരസ്പരം അഭിസംബോധന ചെയ്യുവാൻ ഉപയോഗിക്കുന്ന പദങ്ങൾ (നീ, നിന്റെ, സഹായി, സ്നേഹിതൻ) ദൈവത്തെ അഭിസംബോധന ചെയ്യുവാൻ ഉപയോഗിക്കുമ്പോൾ ആ പദങ്ങളുടെ ഉപയോഗം കൊണ്ട് ദൈവത്വത്തിന് യാതൊരു വിശേഷണ കുറവോ, ന്യൂനതയോ കല്പിക്കപ്പെടുന്നില്ല.

ആയതിനാൽ പദങ്ങളുടെ ഉപയോഗം സത്താപരമായി മനുഷ്യനെ ദൈവമോ, ദൈവത്തെ മനുഷ്യനോ ആക്കിത്തീർക്കുന്നില്ല. എന്നാൽ ദൈവത്തിനും മനുഷ്യനും ആ പദങ്ങളുടെ ഉപയോഗം അതിന്റേതായ ശ്രേഷ്ഠതയും, മാഹാത്മ്യവും കല്പിക്കുന്നു.

ദൈവത്തിനും മനുഷ്യർക്കുമിടയിൽ ഏക മദ്ധ്യസ്ഥനായി ക്രിസ്തുവുള്ളതുകൊണ്ട് മറ്റ് മദ്ധ്യസ്ഥരുടെ ആവശ്യകതയില്ല എന്ന് വി. വേദപുസ്തകം പഠിപ്പിക്കുന്നില്ല. മറിച്ച് മദ്ധ്യസ്ഥത ആവശ്യമുണ്ടെന്ന് ചൂണ്ടിക്കാട്ടുകയും ചെയ്യുന്നു. ഏക മദ്ധ്യസ്ഥനായ ക്രിസ്തു തന്നെയാണ് 'മദ്ധ്യസ്ഥത' തന്റെ ശിഷ്യന്മാരെ ഭരമേല്പിച്ചത് (യോഹ. 16:23-24; 14:13, 14; 20:22, 23).

ക്രിസ്തുവിന്റെ മദ്ധ്യസ്ഥതാദൗത്യം മനുഷ്യരുടെ മദ്ധ്യസ്ഥതാദൗത്യത്തിൽ നിന്നും വിഭിന്നവും വ്യത്യസ്തവുമാണ്. ക്രിസ്തു സൃഷ്ടിയേയും, സൃഷ്ടാവിനേയും തമ്മിൽ നിരപ്പാക്കുന്ന നിരപ്പിന്റെ വലിയ ശുശ്രൂഷാദൗത്യമാണ് നിർവ്വഹിച്ചത്. അത് ഒരിക്കലായിട്ടുള്ളതും, ദൈവത്തിന് മാത്രം നിവൃത്തിക്കുവാൻ സാധിക്കുന്നതുമായ ഒന്നാണ്. മനുഷ്യർ ക്രിസ്തുവിന്റെ ആ വലിയ നിരപ്പിന്റെ ശുശ്രൂഷയിൽ അശക്തരും, അനർഹരുമാണ്. ആയതിനാൽ ക്രിസ്തുവിന്റെ ഏക മദ്ധ്യസ്ഥതാദൗത്യമല്ല വിശുദ്ധന്മാർ എന്ന് ഗണിക്കപ്പെടുന്ന ദൈവമനുഷ്യർ നിർവ്വഹിക്കുന്നത്. മറിച്ച് ദൈവം തന്നെ തങ്ങളെ ഭരമേല്പിച്ചിട്ടുള്ള മദ്ധ്യസ്ഥതാവരമാണ് അവർ അനുഷ്ഠിക്കുന്നത്.

ക്രിസ്തു ഏക മദ്ധ്യസ്ഥനെന്ന് പഠിപ്പിച്ച പ. പൗലോസ് തന്നെ തനിക്കുവേണ്ടി മദ്ധ്യസ്ഥത അഭ്യർത്ഥിക്കുവാൻ മറ്റുള്ളവരോട് ആവശ്യപ്പെടുന്നുണ്ട്(ഒരുവനുവേണ്ടി മറ്റൊരുവൻ പ്രാർത്ഥിക്കുന്നതാണല്ലോ മദ്ധ്യസ്ഥത) (1. തെസ്സ: 5:25, റോമ: 15:31, 2. തെസ്സ: 3:1, 2; എഫേ: 6:18, കൊലോ. 4:3).

ജഡസംബന്ധമായി ജീവനോടിരിക്കുന്നവർ തമ്മിൽ തമ്മിൽ പ്രാർത്ഥിക്കുന്നത് ദൈവഹിതപ്രകാരവും, ദൈവാത്മാവിലുമാണെങ്കിൽ, ജഡീക മരണം പ്രാപിച്ചവരും, അപ്രകാരം ചെയ്യുന്നുവെങ്കിൽ അത് യുക്തവും ന്യായവുമാണ്. കാരണം ജഡസംബന്ധമായി മരണം പ്രാപിക്കുന്നവർ സദാ ദൈവ സാമീപ്യമുള്ളവരും, ദൈവാരാധികളുമാണ്. ജഡിക മരണം ആരേയും ദൈവസ്നേഹത്തിൽ നിന്നും വേർതിരിക്കുന്നില്ല (റോമ. 8:38, 39).

ജഡ സംബന്ധമായ മരണം പ്രാപിച്ചവർ ആത്മാവിൽ സജീവാവസ്ഥയിൽ ദൈവത്തെ രാപകലുകൾ ആരാധിക്കു

സ്ഥാനത്തെക്കുറിച്ച് വി. പൗലോസ് പഠിപ്പിക്കുന്നുണ്ട് (1 തീമോ. 3.10-13). വേദപുസ്തക വിശദീകരണങ്ങൾക്കു പുറമെ പൗരാണിക സഭയിൽ വ്യക്തമായ ശുശ്രൂഷാ ദൗത്യങ്ങൾ ഈ സ്ഥാനത്തിനുണ്ടായിരുന്നു. ഡിഡാക്കെ, റോമിലെ വി. ക്ലീമ്മീസ്, അന്ത്യോക്യയിലെ വി. ഇഗ്നാത്തിയോസ്, വി. പോളിക്കാർപ്പോസ്, വി. ഐറേനിയോസ്, വി. കുപ്രിയാനോസ്, അപ്പോസ്തോലിക നിയമങ്ങൾ എന്നീ ക്രിസ്തീയ സഭയിലെ ആദ്യ നാലു നൂറ്റാണ്ടുകളിൽ ജീവിച്ചിരുന്ന പിതാക്കന്മാരുടെ ലിഖിതങ്ങളിലും രേഖകളിലും അവ വിവരിക്കുന്നുണ്ട്.

ഓർത്തഡോക്സ് സുറിയാനി സഭാ പാരമ്പര്യത്തിൽ ഇവരുടെ പൗരോഹിത്യ നൽവര ശുശ്രൂഷയിൽ പുരോഹിതന്മാർക്കു നിർവ്വഹിക്കുന്ന അതേ ക്രമത്തിലുള്ള പരിശുദ്ധാത്മാഹ്വാന കൈആവസിപ്പിക്കൽ (ക്രൊയിത്തൊദ് റൂഹോ) ഈ പദവിയുടെ ശ്രേഷ്ഠതയെക്കുറിക്കുന്നു. മ്ദകേ്യാനോ അഥവാ വെടിപ്പാക്കൽ, ഒരുക്കൽ, എന്നി ശുശ്രൂഷയാണ് ശുശ്രൂഷകന്റേത്. ആയതിനാൽ നമ്മുടെ സഭയിൽ പുരോഹിതന്റെ നിയോഗപ്രകാരം വി. കുർബ്ബാന കൊടുക്കുന്നതിനും വി.ഏവൻഗേലിയോൻ വായിക്കുന്നതിനും പുരോഹിതന്റെ അസാന്നിദ്ധ്യത്തിൽ സ്വന്തമായി ധൂപക്കുറ്റിയിൽ കുന്തിരിക്കമിട്ട് ധൂപക്കുറ്റി വീശുന്നതിനും അധികാരമുണ്ട്. സ്ഥാനം ഏറ്റശേഷം വിവാഹം കഴിക്കുവാനനുവാദമില്ല. സ്ഥാന വസ്ത്രങ്ങൾ ശുശ്രൂഷക്കുപ്പായവും, ഇടത്തെ തോളിൽ മാത്രം ഇടുന്ന ഊറാറയും ആകുന്നു. തൊപ്പി വാഴ്ത്താതെ കൊടുക്കുന്നു. സ്ഥാന ചിഹ്നം മറബ്ഹസായാകുന്നു.

2. അർക്കദിയാക്കോൻ (Archdeacon)

ഈ ഗ്രീക്ക് പദത്തിന്റെ അർത്ഥം *ശുശ്രൂഷകരുടെ നേതാവ്* എന്നാണ്. സഭയിൽ കാലക്രമത്തിൽ ഉടലെടുത്ത ഒരു സ്ഥാനമാണിത്. വി വേദപുസ്തകം, സഭയുടെ ആരാധനക്രമങ്ങൾ, എല്ലാ പദവിയിലുമുള്ള ശുശ്രൂഷകരുടെ ദൗത്യം, ഇവയെക്കുറിച്ച് നല്ല

ന്നതായി ദൈവവചനം നമ്മെ പഠിപ്പിക്കുന്നു. (വെളി : 7 : 13 - 15, 7 :9)

ദൈവാരാധികളായ വിശ്വാസികൾ മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുകയില്ല എന്ന് വിചാരിക്കുന്നത് മൗഢ്യമല്ലേ. ശരീരത്തിൽ വസിക്കുമ്പോൾ പ്രാർത്ഥിക്കുവാനും ആരാധിക്കുവാനും കഴിവുള്ളവർ ജഢിക മരണ ശേഷവും അത് നിർവ്വഹിക്കയില്ലേ? അപ്രകാരം നിർവ്വഹിക്കുമെന്നാണ് പൗലോസ് ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നത്. (2 കൊരി : 5 :9) തന്റെ മരണശേഷവും, വിശ്വാസികൾ സത്യത്തിൽ ഉറച്ചു നില്ക്കുന്നതായി കാണപ്പെടുവാൻ താൻ ഉത്സാഹിക്കുമെന്ന് പത്രോസ് ശ്ലീഹായും നമ്മെ ഓർമ്മിപ്പിക്കുന്നു.(2 പത്രോസ് : 1: 15)

ദൈവഹിത പ്രകാരം ദൈവമനുഷ്യരായി ഈ ലോകത്തിൽ ജീവിക്കുകയും, മരണശേഷം ദൈവത്തോടുകൂടെ വസിക്കുകയും, സദാ ദൈവത്തെ ആരാധിക്കുകയും ചെയ്യുന്ന വിശുദ്ധർ തങ്ങൾക്കുവേണ്ടി പ്രാർത്ഥനയും, യാചനയും നടത്തുമെന്ന വിശ്വാസവും ബോധ്യവുമാണ് വിശുദ്ധന്മാരോടുള്ള മദ്ധ്യസ്ഥതയ്ക്ക് വിശ്വാസികളെ പ്രേരിപ്പിക്കുന്നത്. ലോകത്തിൽ നീതിമാന്മാരായി ജീവിച്ച്, ജനത്തിനുവേണ്ടി മദ്ധ്യസ്ഥത അണയ്ക്കുകയും, അവരുടെ മദ്ധ്യസ്ഥതയാൽ ദൈവം ജനത്തോട് കരുണ ചെയ്യുകയും ചെയ്തതായി വി. വേദപുസ്തകത്തിൽ നാം വായിക്കുന്നതു (യാക്കോബ് : 5 : 17 , 18; ഇയ്യോബ്: 42 : 8; എബ്രാ 1: 12 : 22 - 24, 1 പത്രോസ് : 3 : 12, അ. പ്രവർത്തി : 19 : 11, 12)

> **ജഡസംബന്ധമായി ജീവനോടിരിക്കുന്നവർ തമ്മിൽ തമ്മിൽ പ്രാർത്ഥിക്കുന്നത് ദൈവഹിതപ്രകാരവും, ദൈവാത്മാവിലുമാണെങ്കിൽ, ജഡീകമരണം പ്രാപിച്ചവരും, അപ്രകാരം ചെയ്യുന്നുവെങ്കിൽ അത് യുക്തവും ന്യായവുമാണ്.**

കൂടാതെ മരണത്തിനല്ലാത്ത പാപം ചെയ്തവർക്കുവേണ്ടി പ്രാർത്ഥിക്കണമെന്നും, അങ്ങനെ പ്രാർത്ഥിച്ചാൽ ദൈവം അവർക്ക് ജീവനെ കൊടുക്കുമെന്നും ദൈവ വചനം പഠിപ്പിക്കുന്നു (1 യോഹ: 5 : 16).

വാങ്ങിപ്പോയ പിതാക്കന്മാരുടെ പ്രാർത്ഥന മാത്രമല്ല, അവരുടെ അസ്ഥികൾക്കുപോലും ജീവനെ കൊടുക്കാനുള്ള കഴിവുണ്ടെന്നു 2 രാജാ. 13:20-ൽ നാം വായിക്കുന്നു.

നീതിമാന്മാരും, വിശുദ്ധന്മാരുമായ വാങ്ങിപ്പോയവർ സജീവരും, ദൈവ സന്നിധിയിൽ പ്രാർത്ഥനയിലും , ആരാധനയിലും സംബന്ധിക്കുകയും ദൈവജനത്തോട് കരുതലും, വിശ്വാസികളുടെ കാര്യങ്ങളിൽ തല്പരരും ആകയാൽ അവർ തങ്ങൾക്കായി മദ്ധ്യസ്ഥത അണയ്ക്കുമെന്ന വിശ്വാസം ദൈവജനത്തെ വിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെടുവാൻ പ്രേരിപ്പിക്കുന്നു. കൂടാതെ വാങ്ങിപ്പോയ വിശുദ്ധന്മാരെല്ലാവരും, ദൈവത്താൽ അയക്കപ്പെട്ടവരാണെന്നും, അവരെ ബഹുമാനിക്കുന്നതും, ആദരിക്കുന്നതും, ദൈവത്തെ ആദരിക്കുന്നതിനും ബഹുമാനിക്കുന്നതിനും തുല്യമാണെന്നും ദൈവം വചനം നമ്മെ ഓർമ്മിപ്പിക്കുന്നു. (മത്തായി 10:40)

വാങ്ങിപ്പോയ വിശുദ്ധന്മാരെ നാം ഏത് തരത്തിൽ സ്വീകരിക്കുന്നുവോ, അതിനനുയോജ്യമായ പ്രതിഫലവും ദൈവം നമുക്ക് വാഗ്ദാനം ചെയ്യുന്നുണ്ട്. (മത്തായി : 10 : 41 - 42)

ആയതിനാൽ വാങ്ങിപ്പോയ, ദൈവത്താൽ അയയ്ക്കപ്പെട്ട വിശുദ്ധരെ സ്മരിക്കുന്നതും അവരുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെടുന്നതും അവരുടെ വിശ്വാസം അനുകരിക്കുന്നതും ദൈവീകവും, വേദപുസ്തകാധിഷ്ഠിതവും, ദൈവകല്പനകളുടെ ആചരണവുമാണ്. ദൈവകല്പനകളെ ലംഘിക്കുവാനോ, ചോദ്യം ചെയ്യുവാനോ ഉള്ളവരല്ല നാം, മറിച്ച് ദൈവ കല്പനകളുടെ ആചരണത്തിൽ തീക്ഷ്ണതയുള്ളവരും ദൈവവിശ്വാസത്തിലേയ്ക്ക് വളരുവാൻ വിളിക്കപ്പെട്ടവരാണ്. ദൈവീക വിശുദ്ധിയിലേക്ക് ആനയിക്കപ്പെടുവാൻ വാങ്ങിപ്പോയ നീതിമാന്മാരും, പുണ്യവാന്മാരും, വിശുദ്ധരുമായവരുടെ പ്രാർത്ഥനകളും, മദ്ധ്യസ്ഥതകളും നമുക്ക് പ്രചോദനവും സഹായകരമാവും എന്നതിന് സംശയമില്ല. ■

ബോധ്യമുള്ള ആളായിരിക്കണം. പക്വതയും സ്വഭാവഗുണവിശേഷങ്ങളുമുള്ള ആളായിരിക്കണം. അദ്ദേഹം തന്റെ കീഴ്സ്ഥാനികളെ എല്ലാം നയിക്കുന്നവനായിരിക്കണം. മെത്രാസന ഇടവകയിലെ അവസ്ഥകളെക്കുറിച്ച് എപ്പിസ്ക്കോപ്പായ്ക്ക് അപ്പോഴപ്പോൾ അറിവു കൊടുക്കുന്ന ആളായിരിക്കണം. അദ്ദേഹം എല്ലാ ശുശ്രൂഷകരുടെയും പ്രതിനിധിയായും നേതാവായും എപ്പിസ്ക്കോപ്പായുടെ നിർദേശപ്രകാരം പ്രത്യേകമായി ആരാധനയിൽ നേതൃത്വം കൊടുക്കുന്നയാളായിരിക്കണം. പൂർണ്ണശെമ്മാശനെയാണ് അർക്കദിയാക്കോൻ ആക്കുന്നത്. പട്ടത്വശുശ്രൂഷയില്ല, സ്ഥാനദാനം മാത്രമെയുള്ളു. പൂർണ്ണശെമ്മാശന്റെ വേഷത്തിൽ വി. കുർബ്ബാനയിൽ സംബന്ധിക്കണം. പ്രാർത്ഥനകൾക്ക് ശേഷം നെറ്റിയിൽ റൂശ്മാ ചെയ്ത് സ്ഥാനദാന പ്രഖ്യാപനം നടത്തുന്നു. പൂർണ്ണശെമ്മാശന്റെ ഇടത്തെ തോളിൽ കിടക്കുന്ന ഊറാറയുടെ അഗ്രങ്ങൾ വലത്തെകൈയുടെ അടിയിൽ ബന്ധിച്ചിടുന്നതാണ് സ്ഥാനവസ്ത്രം. സ്ഥാന ചിഹ്നമായി ഒരു വടി കൊടുക്കുന്നു. തുടർന്ന് അർക്കദിയാക്കോൻ പൂർണ്ണശെമ്മാശ്ശനെപോലെ തന്നെ ഏവൻഗേലിയോൻ വായിക്കുന്നു. ആമുഖ-സമാപന ആശംസകൾ എപ്പിസ്ക്കോപ്പാ ചെയ്യുന്നു. തുടർന്ന് മേൽപ്പട്ടക്കാരനോടൊപ്പം എല്ലാവരും *ഓക്സിയോസ്* (യോഗ്യൻ) മൂന്ന് പ്രാവശ്യം ചൊല്ലി ശുശ്രൂഷകൾ സമാപിക്കുന്നു. മലങ്കരസഭയിൽ ഈ സ്ഥാനം ഇപ്പോൾ നിലവിലില്ല. പുനർജീവിപ്പിക്കുവാൻ ആലോചിക്കാവുന്നതാണ്.

(തുടരും...)

For Favours Received



Annamma Chacko, Puthupally

വിശുദ്ധ കുർബ്ബാന ലഘു വിശദീകരണം

■ ഫാ. ഡോ. ജേക്കബ് കുര്യൻ

വി. കുർബ്ബാന, ദൈവസ്നേഹത്തെ നാം രുചിച്ചറിയുന്ന അത്യുന്നത കൂദാശയാണ്. സ്വർഗ്ഗീയ പിതാവിൽ നിന്നും ദൈവമക്കൾ "അനുഗ്രഹങ്ങൾ" പ്രാപിക്കുന്നതും, ദൈവത്തോടും പരസ്പരവും "സമാധാനം" അഥവാ അനുരഞ്ജനം അനുഭവിക്കുന്നതും, ദൈവപുത്രന്റെ "ബലി"യിൽ പങ്കുചേരുന്നതും, ദൈവകൃപകൾക്കായി "സ്തോത്രം" അർപ്പിക്കുന്നതും ആയ അവസരമാണത് ("അനുഗ്രഹങ്ങളും, സമാധാനവും, ബലിയും, സ്തോത്രവും")

അന്ത്യോഖ്യായിലെ വി. ഇഗ്നാത്തിയോസ് വി. കുർബ്ബാനയെ വിശേഷിപ്പിച്ചിട്ടുള്ളത് "അമർത്യതയുടെ ഔഷധം" എന്നാണ്. എല്ലാ കൂദാശകളും പൂർത്തീകരിക്കപ്പെടുന്നത് വി. കുർബ്ബാനയിലാണ്.

പദങ്ങൾ

"കുർബ്ബാന" എന്ന സുറിയാനി പദത്തിന് 'അർപ്പണം,' 'യാഗം,' 'കാഴ്ച', 'ബലി' എന്നൊക്കെയാണ് അർത്ഥം. അതായത് ദൈവം സ്വന്തം ജീവനെ നമുക്കായി അർപ്പിച്ചതിനെ നാം സ്വീകരിച്ചുകൊണ്ട്, നമ്മുടെ ജീവിതത്തെ ദൈവഹിതത്തിനായി അർപ്പിക്കുന്ന സന്ദർഭമാണ് വി. കുർബ്ബാന. "യഫ്ക്കാറസ്തിയ" (ഇംഗ്ലീഷിൽ യൂക്കറിസ്റ്റ്) എന്ന ഗ്രീക്കു പദവും വി. കുർബ്ബാനയ്ക്ക് ഉപയോഗിക്കാറുണ്ട്. ആ പദത്തിന്റെ അർത്ഥം, സ്തോത്രം അഥവാ കൃതജ്ഞതയുടെ അർപ്പണം എന്നാണ്. "മിസ്സാ" (ഇംഗ്ലീഷിൽ മാസ്) എന്ന ലത്തീൻ പദവും വി. കുർബ്ബാനയ്ക്ക് പാശ്ചാത്യ പാരമ്പര്യത്തിൽ ഉപയോഗിച്ചിട്ടുണ്ട്.

വി. കുർബ്ബാനയുടെ പഴയനിയമ സൂചനകൾ

(1) ജീവവൃക്ഷത്തിന്റെ ഫലം - ഉല്പത്തി 3:22

(2) ഹാബേലിന്റെ ബലി - ഉല്പത്തി 4:4

(3) നോഹയുടെ സ്തോത്രയാഗം - ഉല്പത്തി 8:20

(4) അബ്രാമിന്റെ യാഗം - ഉല്പത്തി 12:9

(5) മൽക്കീസദെക്കിന്റെ അപ്പവും വീഞ്ഞും - ഉല്പത്തി 14:18

(6) അബ്രഹാമിന്റെ അതിഥി സൽക്കാരം - ഉല്പത്തി 18:1-8

(7) അബ്രഹാം ഇസഹാക്കിനെ യാഗത്തിനായി സമർപ്പിച്ചത് - ഉല്പത്തി 22:9.

(8) യാക്കോബിന്റെ ബെഥേൽ ആരാധന ഉല്പത്തി - 28:18,19

(9) മിസ്രയീമിലെ പെസഹ. പുറപ്പാട് - 12:21

(10) മരുഭൂമിയിലെ മന്ന പുറപ്പാട് - 16:31

(11) ഏലിയാവിന്റെ ഭക്ഷണവും - (1 രാജാ 17:6; 19:6) ബലിയും (18:30-38)

(12) ഏശയ്യാവിന്റെ തീക്കനൽ - (യെശയ്യാവ് 6:6)

വി. കുർബ്ബാന സ്ഥാപനത്തിന്റെ പുതിയനിയമ അടിസ്ഥാനങ്ങൾ

വി. മത്തായി 26:26-28
വി. മർക്കോസ് 14:22-24
വി. ലൂക്കോസ് 22:17-20
1 കൊരിന്തി 11:23-25

വി. കുർബ്ബാനാനുഭവത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് യേശു തമ്പുരാന്റെ പ്രധാന വചനങ്ങൾ

1. "സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിയ ജീവനുള്ള അപ്പം ഞാൻ ആകുന്നു; ഈ അപ്പം തിന്നുന്നവൻ എല്ലാം എന്നേക്കും ജീവിക്കും; ഞാൻ കൊടുപ്പാനിരിക്കുന്ന അപ്പമോ ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ കൊടുക്കുന്ന എന്റെ മാംസം ആകുന്നു" (വി. യോഹന്നാൻ 6:51).

(2) "ആമെൻ, ആമെൻ, ഞാൻ നിങ്ങളോടു പറയുന്നു; നിങ്ങൾ മനുഷ്യപുത്രന്റെ മാംസം തിന്നാതെയും അവന്റെ രക്തം കുടിക്കാതെയും ഇരുന്നാൽ നിങ്ങൾക്കു ഉള്ളിൽ ജീവൻ ഇല്ല. എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവനു നിത്യജീവൻ ഉണ്ട്. ഞാൻ ഒടുക്കത്തെ നാളിൽ അവനെ ഉയർത്തെഴുന്നേല്പിക്കും. എന്റെ മാംസം സാക്ഷാൽ ഭക്ഷണവും എന്റെ രക്തം സാക്ഷാൽ പാനീയവും ആകുന്നു എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു. ജീവനുള്ള പിതാവ് എന്നെ അയച്ചിട്ടു ഞാൻ പിതാവിൻ മൂലം ജീവിക്കുന്നതുപോലെ എന്നെ തിന്നുന്നവൻ എൻ മൂലം ജീവിക്കും" (വി. യോഹന്നാൻ 6:53-57).

വി. കുർബ്ബാനാനുഷ്ഠാനത്തിന്റെ പ്രധാന ഭാഗങ്ങൾ

1. ഒരുക്ക ശുശ്രൂഷ (തൂയോബോ)

2. പരസ്യ ശുശ്രൂഷ

1) ഒന്നാം ഭാഗം : **വചന ശുശ്രൂഷ**

2) രണ്ടാം ഭാഗം : **തിരുശരീരരക്ത ശുശ്രൂഷ**

ഒന്നാം അദ്ധ്യായം : സമാധാനത്തിന്റെ ശുശ്രൂഷ

രണ്ടാം അദ്ധ്യായം : വി. കുർബ്ബാനസ്ഥാപന ശുശ്രൂഷ

മൂന്നാം അദ്ധ്യായം : മദ്ധ്യസ്ഥപ്രാർത്ഥനകൾ (തൂബ്ദേൻ) ഖണ്ഡിപ്പ്, ലുത്തിനിയ)

നാലാം അദ്ധ്യായം : കർത്തൃപ്രാർത്ഥന, ധൂപപ്രാർത്ഥന, വി. കുർബ്ബാനാനുഭവം

അഞ്ചാം അദ്ധ്യായം : കൃതജ്ഞതാ ശുശ്രൂഷ, ആശീർവാദം

3. കുർബ്ബാനാനന്തര ശുശ്രൂഷ

വി. കുർബ്ബാനയിലെ ചില ഭാഗങ്ങളുടെ ലഘു വിശദീകരണം

1. തൂയോബോ (ഒരുക്ക ശുശ്രൂഷ): അപ്പ വീഞ്ഞുകൾ പ്രാർത്ഥനയോടെ ഒരുക്കിവയ്ക്കുകയും, വി. കുർബ്ബാനയിൽ ഓർക്കാനുള്ള എല്ലാവരെയും ഓർത്ത് രഹസ്യത്തിൽ പ്രാർത്ഥിക്കയും ചെയ്യുന്നു.

2. കൗമാ ("നിന്നുകൊണ്ടുള്ള" പ്രാർത്ഥന-"ദൈവമേ നീ പരിശുദ്ധനാകുന്നു" എന്നു തുടങ്ങി "ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനെ ഞങ്ങളോടു കരുണചെയ്യണമേ" എന്നതുവരെ): ഈ പ്രാർത്ഥന, യേശുതമ്പുരാനോട് ഉള്ളതാണ്. ഒരു പുരാതന പാരമ്പര്യമനുസരിച്ച്, യേശുതമ്പുരാന്റെ കബറടക്കത്തിൽ, മാലാഖമാർ പ്രത്യക്ഷപ്പെട്ട്, "ദൈവമേ നീ പരിശുദ്ധനാകുന്നു, ബലവാനേ നീ പരിശുദ്ധനാകുന്നു, മരണമില്ലാത്തവനേ നീ പരിശുദ്ധനാകുന്നു" എന്നു, ചൊല്ലിയപ്പോൾ യൗസേപ്പും നീക്കോദീമോസും "ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ ഞങ്ങളോട് കരുണ ചെയ്യണമേ" എന്നു പ്രാർത്ഥിച്ചതിനാലാണ് ഈ ത്രിത്വ പ്രാർത്ഥനയുടെ (ത്രൈസാഗിയോൻ) ആരംഭം.

3. വചന ശുശ്രൂഷ

1. വി. കുർബ്ബാന പരസ്യമായി ആരംഭിക്കുന്നതിനു മുമ്പ് പഴയനിയമത്തിൽ നിന്നും, പരസ്യമായി ആരംഭിച്ചതിനുശേഷം, പുതിയ നിയമത്തിൽ നിന്നും, വായനകൾ വായിക്കയും, തുടർന്ന് പ്രബോധനം (പ്രസംഗം) നടത്തുകയും ചെയ്യുന്നു. പുതിയ നിയമ വായനകൾക്ക് മൂന്നു ഭാഗങ്ങളുണ്ട്. (1) വടക്കുവശത്ത് അപ്പോസ്തോല പ്രവൃത്തികളിൽ നിന്നോ പൊതു ലേഖനങ്ങളായ പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവരിൽ നിന്നോ ഉള്ള വായന (2) തെക്കുഭാഗത്ത് വി. പൗലൂസിന്റെ ലേഖനങ്ങളിൽ നിന്ന് (3) ഏവൻഗേലിയോൻ: സുവിശേഷങ്ങളിൽ നിന്ന്

2. പൗലൂസ് ശ്ലീഹാ ധന്യൻ...... എന്ന ഗീതത്തിന്റെ വേദപുസ്തകാടിസ്ഥാനം : ഗലാത്യലേഖനം 1:8-9

4. പ്രൊമിയോൻ, ഹൂസോയൊ, സെദ്റ

ഒരു ദീർഘമായ പ്രാർത്ഥനാ ഗണമാണിത്. "പ്രൊമിയോൻ" എന്നു പറഞ്ഞാൽ "മുഖവുര" എന്നാണർത്ഥം. പ്രാർത്ഥനയ്ക്ക് പൊതുവായ ഒരു മുഖവുര ഭാഗമാണിത്; "ഹൂസോയോ" എന്നു പറഞ്ഞാൽ പാപമോചനം എന്നാണർത്ഥം. ഇവിടെ അനുതാപത്തോടെ പാപമോചനത്തിനായി പ്രാർത്ഥിക്കുന്നു, "സെദ്റ" എന്നു പറഞ്ഞാൽ "നിര", "കൂട്ടം" എന്നാണർത്ഥം. അപേക്ഷകളുടെയും പ്രബോധനങ്ങളുടെയും ഒരു നിരയാണ് ഈ പ്രാർത്ഥനാഭാഗത്തുള്ളത്.

5. ധൂപക്കുറ്റി വാഴ്വും കാർമ്മികൻ പടിഞ്ഞാറോട്ടു വന്ന് കൈമലർത്തി നടത്തുന്ന യാചനയും

ഇത് വി. കുർബ്ബാനയിൽ മൂന്നു ഭാഗത്തുണ്ട്; ഒന്ന് തൂയോബോയ്ക്ക് കയറുമ്പോൾ, രണ്ട് വി. കുർബ്ബാനയുടെ രണ്ടാം ഭാഗത്തേക്ക് പ്രവേശിക്കുമ്പോൾ; മൂന്ന് വി. കുർബ്ബാന അനുഭവിക്കുന്നതിനു മുമ്പ്. മൂന്നിടത്തും, താഴ്മയോടെ, തന്നോട് ക്ഷമിച്ച്, തനിക്കുവേണ്ടി പ്രാർത്ഥിക്കണമേ എന്നാണ് കാർമ്മികൻ ആംഗ്യത്തിൽ അപേക്ഷിക്കുന്നത്.

6. ശുശ്രൂഷക്കാരൻ ധൂപക്കുറ്റിയുമായി പടിഞ്ഞാറോട്ട് വീശിവരുന്നത്

തുടർന്നുള്ള ഭാഗം, വിശ്വാസികൾക്കു മാത്രമായിട്ടുള്ളതിനാൽ വിശ്വാസികളല്ലാത്തവർക്ക് പിരിഞ്ഞുപോകാം എന്നറിയിക്കുവാനാണ് പടിഞ്ഞാറേക്ക് വരുന്നത്. മുമ്പൊക്കെ വാതിൽ അടക്കുകയും ചെയ്യുമായിരുന്നു. പിന്നീട്, മദ്ബഹാ വാതിൽക്കൽ ശുശ്രൂഷക്കാരൻ തിരിച്ചു വരുമ്പോൾ, ധൂപക്കുറ്റിയുടെ ചങ്ങലയിൽ പിടിച്ചുകൊണ്ടു വരുന്നത്, വിശ്വാസികൾ വിശ്വാസത്തിന്റെ ചങ്ങലയിൽ ഐക്യത്തോടെ നിൽക്കുന്നുവെന്ന് സൂചിപ്പിക്കുവാനാണ്.

7. കൈഹസ്തുരി (സമാധാന ചുംബനം)

വിശ്വാസികൾ തമ്മിൽ ദൈവിക സ്നേഹത്തിലും, സമാധാനത്തിലും രമ്യപ്പെടുന്നതിന്റെ സൂചനയാണിത്. ചില ഓർത്തഡോക്സ് സഭകളിൽ ഇത് സ്നേഹചുംബനത്താൽ തന്നെയാണ് നിർവ്വഹിക്കുന്നത്. (വേദപുസ്ത അടിസ്ഥാനം: വി. മത്തായി 5:23, 24; യോഹന്നാൻ 13:34, 14:27; ഫിലിപ്പി.4:7; 1 കൊരി16:20, 2 കൊരി 13:12)

8. ശോശപ്പാ ആഘോഷം

("ശോശപ്പാ" എന്ന പദത്തിന്റെ അർത്ഥം, "മേഘം", "വായു" എന്നൊക്കെയാണ്.) വി. കുർബ്ബാനസ്ഥാപന ശുശ്രൂഷയിലേക്ക് പ്രവേശിക്കുമ്പോൾ, അപ്പവീഞ്ഞുകളുടെ മൂടി മാറ്റുന്നതിന് ആന്തരിക അർത്ഥം നൽകപ്പെടുന്നു. (1) പഴയതു നീക്കി പുതിയതിലേക്ക്

പ്രവേശിക്കുന്നു-2 കൊരിന്തി 3:14-16, (2) ജീവജലത്തിന്റെ സൂചന യായി തീക്കൽ പാറയിൽ നിന്നു പുറപ്പെട്ട വെള്ളത്തെയും, പുതിയ പാറയായ യേശുവിനെയും ഓർക്കുന്നു. പുറപ്പാട് 17:6-7; 1 കൊരി 10:4; (3) ഇസ്രായേൽകാർക്ക് നൽകപ്പെട്ട മന്നയെ മൂടിയിരുന്ന മഞ്ഞിനെ (പുറപ്പാട് 16:14) സൂചിപ്പിക്കുന്നു. (4) കർത്താവിന്റെ കബ റിന്റെ മൂടിയായ കല്ലിനെയും, മാറ്റപ്പെട്ട ആ കല്ലിനാൽ ഉയിർത്തെഴു ന്നേറ്റ കർത്താവിനെയും സൂചിപ്പിക്കുന്നു. മത്തായി 27:60; 28:2. (5) തിരുനിവാസത്തിന്റെ ചുറ്റുമുള്ള ദിവ്യപ്രഭ (ഷെക്കിന) യെ സൂചിപ്പി ക്കുന്നു.

9. കർത്താവിന്റെ വീണ്ടും വരവിനെ അനുസ്മരിപ്പിക്കുന്ന പ്രത്യേക അടയാളം: വി. കുർബ്ബാനയ്ക്ക് ഉപയോഗിക്കുന്ന സ്പൂണും, സ്പോഞ്ചും ഒന്നിച്ച് പെട്ടെന്നുയർത്തുമ്പോൾ, പെട്ടെന്നുള്ള പുനരാ ഗമനത്തെ സൂചിപ്പിക്കുന്നു. സ്പൂണും സ്പോഞ്ചും പിന്നീട് കുർബ്ബാ നാനുഭവത്തിനായി ഉപയോഗിക്കുവാൻ ഒന്നിച്ചു വയ്ക്കുകയും ചെയ്യുന്നു.

10. "കർത്താവെ എന്നോടുത്തരമരുളിച്ചെയ്യണമേ"

ഈ പ്രാർത്ഥന, ഏലിയാവിന്റെ കർമ്മേലിലെ പ്രാർത്ഥനയെ അനു സ്മരിപ്പിക്കുന്നു. (1 രാജാ. 18:37, 38)

11. തുബ്ദേനുകൾ

"തുബ്ദേൻ" എന്ന വാക്കിന്റെ അർത്ഥം "ആകയാൽ വീണ്ടും" എന്നാണ്. ശുശ്രൂഷക്കാരൻ തുടർച്ചയായി ചൊല്ലുന്ന ഒരു മധ്യസ്ഥ പ്രാർത്ഥനാ ഗണമായതിനാൽ, തുടർച്ച സൂചിപ്പിക്കുവാൻ ഈ സുറി യാനി പദത്തിൽ പ്രാർത്ഥനകൾ ആരംഭിക്കുന്നു. ആറ് വിഭാഗം ആളു കൾക്കുവേണ്ടിയാണ് ഈ മധ്യസ്ഥപ്രാർത്ഥനകൾ നടത്തുന്നത്. ഒന്നാ മത്തേത്, ആത്മീയ പിതാക്കൾ അഥവാ വൈദികമേലധ്യക്ഷന്മാർക്കു വേണ്ടി; രണ്ടാമത്തേത്, ശരീരത്തോടെയിരിക്കുന്ന വിശ്വാസി കൾക്കെല്ലാം വേണ്ടി; മൂന്നാമത്തേത്, ഭരണകർത്താക്കൾക്കുവേണ്ടി, നാലാമത്തേത്, കന്യകമറിയാമിനും പരിശുദ്ധഗണത്തിനും വേണ്ടി; അഞ്ചാമത്തേത്, വാങ്ങിപ്പോയ സഭാപിതാക്കന്മാരും ഗുരുക്കന്മാരും ആയവർക്കുവേണ്ടി; ആറാമത്തേത്, വാങ്ങിപ്പോയ എല്ലാ വിശ്വാസി കൾക്കും വേണ്ടി.

12. "അൻപുടയോനെ" ചൊല്ലുമ്പോൾ മറയിടുന്നത്

കർത്താവിന്റെ കഷ്ടാനുഭവം, മരണം, കബറടക്കം, ഉയിർപ്പ് എന്നി വയെ ധ്യാനിച്ചുകൊണ്ട്, തിരുശരീരം ഖണ്ഡിക്കുന്നത് രഹസ്യമായി പ്രാർത്ഥനയോടെ നിർവഹിക്കുവാൻ മറയിടുന്നു.

13. കാസായും പീലാസായും ഉയിർത്തുന്നത്.

കർത്താവിന്റെ സ്വർഗ്ഗാരോഹണത്തെ പ്രത്യേകമായി അനുസ്മരി പ്പിക്കുന്നു. അതേസമയത്ത്, നമ്മോടുകൂടെയുള്ള തന്റെ നിത്യസാ ന്നിധ്യത്തെയും ഓർക്കുന്നു.

14. കുക്കിലിയോൻ

സാക്ഷികളുടെ വലിയ സമൂഹത്തിന്റെ നമ്മോടുകൂടെയുള്ള സാന്നി ധ്യത്തെയാണ്, "ചാക്രിക രൂപത്തിലുള്ള" (കുക്കിലിയോൻ) പ്രാർത്ഥ നകൾ അനുസ്മരിപ്പിക്കുന്നത്. ഓരോ കുക്കിലിയോനും ഒരേ ചാക്രിക രൂപമാണുള്ളത്- എക്ബോ, കോലോ, ബോവൂസോ. ഓരോ എക്ബോയ്ക്കും ആരംഭമായി ഒരു സങ്കീർത്തനഭാഗം ചേർത്തിരിക്കും. അഞ്ചു കുക്കിലിയോനുകളാണുള്ളത്. സ്ലീബാ, ദൈവമാതാവ്, പരി ശുദ്ധന്മാർ, പട്ടക്കാർ, പരേതർ എന്നിവയാണ് ഈ അഞ്ചെണ്ണം. ഓരോ കുക്കിലിയോന്റെയും ആരംഭത്തിലുള്ള സങ്കീർത്തനങ്ങൾ താഴെക്കൊടുക്കുന്നു. 1. സ്ലീബാ,. സങ്കീർത്തനം 60:12, 2. ദൈവമാതാ വ്. സങ്കീർത്തനം 45:9-11, 3. പരിശുദ്ധന്മാർ. സങ്കീർത്തനം 92:12-14, 4. പട്ടക്കാർ. സങ്കീർത്തനം 132:9-10, 5. പരേതർ. സങ്കീർത്തനം 103:13-15

15. പടിഞ്ഞാറോട്ടു വി. കുർബ്ബാന ആഘോഷത്തോടെ കൊണ്ടു വരുന്നത്.

ജനങ്ങൾക്ക് വി. കുർബ്ബാന കൊടുക്കുവാനുള്ള വരവാണെങ്കി ലും, കർത്താവിന്റെ രണ്ടാമത്തെ വരവിനെയാണ് ഇത് പ്രതീകാത്മക മായി സൂചിപ്പിക്കുന്നത്. ■

യാത്രാമൊഴി...

ഫാ. വി.എം. ഗീവർഗീസ് കല്ലൂപ്പറമ്പിൽ

മലങ്കര സഭയിൽ സമാധാനത്തിനും യോജിപ്പിനും വേണ്ടി മുൻനിരയിൽ നിന്നു പ്രവർത്തിച്ച ഫാ. വി. എം. ഗീവർഗീസ് കല്ലൂപ്പറമ്പിൽ (92) സെപ്റ്റംബർ എട്ടിന് നിര്യാത നായി. കോട്ടയം പള്ളം സെന്റ് ഇഗ്നേഷ്യസ് പള്ളിയിൽ സംസ്കരിച്ചു. പള്ളം സെന്റ് പോൾസ് പള്ളിയിൽ ഭൗതിക ശരീരം കൊണ്ടു വന്ന് ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്തായുടെ മുഖ്യ കാർമികത്വ ത്തിൽ വിടവാങ്ങൽ ശുശ്രൂഷ നടത്തി. മല ങ്കര സഭയിലെ കക്ഷി വഴക്കുകൾക്കിടയിൽ ഇത് ഒത്തൊരുമയുടെ മാതൃകയായി.

മലങ്കര സഭയിൽ സമാധാനം സാദ്ധ്യമാ ക്കുന്നതിന് സുപ്രധാന നേതൃത്വം നൽകു കയും ത്യാഗമനുഷ്ഠിക്കുകയും ചെയ്ത വൈദി കശ്രേഷ്ഠനും വിദ്യാഭ്യാസ പ്രവർത്തകനുമാ യിരുന്നു കല്ലൂപ്പറമ്പിൽ അച്ചൻ എന്ന് പരിശുദ്ധ കാതോലിക്കാ ബാവാ അനുശോചനസന്ദേശ ത്തിൽ പറഞ്ഞു. ബാവായ്ക്കു വേണ്ടി ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാ പ്പോലീത്താ വസതിയിലെത്തി ആദരാഞ്ജ ലിയർപ്പിച്ചു. ഡോ. തോമസ് മാർ അത്താനാ സിയോസ്, ഗീവർഗീസ് മാർ കൂറിലോസ് എന്നീ മെത്രാപ്പോലീത്താമാരും വസതിയി ലെത്തി പ്രാർത്ഥന നടത്തി.

ആവശ്യമുണ്ട്

കോലഞ്ചേരി:- കണ്ടനാട് വെസ്റ്റ് ഭദ്രാ സനത്തിന്റെ കീഴിലുള്ള *പ്രസന്നം* മാന സ്സികാരോഗ്യ കേന്ദ്രത്തിലെ *(കാരി ക്കോട്-വെള്ളൂർ)* ശുശ്രൂഷകൾക്കായി പരിചയ സമ്പന്നരായ നേഴ്സുമാരേയും കോലഞ്ചേരിയിൽ പ്രവർത്തിക്കുന്ന സൗജന്യ ക്ലിനിക്കിലേക്ക് ഡോക്ടർമാ രേയും നേഴ്സുമാരേയും ആവശ്യ മുണ്ട്. റിട്ടയേർഡ് ചെയ്തവർക്ക് മുൻഗ ണന.

പ്രസാദം സെന്റർ
കോലഞ്ചേരി-682311
Contact No.
9447231131

ഒരുമയുടെ മാതൃക

ഫാ. വി. എം. ഗീവർഗീസ് കല്ലൂപ്പറമ്പിലിന്റെ മൃതദേഹം പള്ളം സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളിയിൽ എത്തിച്ചപ്പോൾ ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്തായുടെ മുഖ്യ കാർമികത്വത്തിൽ നടന്ന വിടവാങ്ങൽ ശുശ്രൂഷ.

പരുമലയിൽ 2002 മാർച്ച് 20നു കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ ട്രിബ്യൂണൽ അംഗമായി കല്ലൂപ്പറമ്പിൽ അച്ചൻ പ്രവർത്തിച്ചു. ശിഷ്യസമ്പത്തുകൊണ്ട് അനുഗൃഹീതനായ അദ്ദേഹം കോട്ടയം ബസേലിയോസ് കോളജിന്റെ ആദ്യകാല സെക്രട്ടറിയാണ്. നവതിയോടനുബന്ധിച്ച് 2014 ഓഗസ്റ്റ് 15-ന് പരിശുദ്ധ കാതോലിക്കാ ബാവാ അദ്ദേഹത്തെ ഭവനത്തിലെത്തി ആദരിച്ചു.

യാക്കോബായ വിഭാഗത്തിന്റെ വൈദിക ട്രസ്റ്റിയായി 1957-ൽ തെരഞ്ഞെടുക്കപ്പെട്ടു. 1958-ലെ സഭാ യോജിപ്പിനെ തുടർന്ന് ഒന്നര വർഷം മാത്രം വഹിച്ച ഈ സ്ഥാനം ഉപേക്ഷിക്കുന്നതിന് അദ്ദേഹത്തിനു മടിയുണ്ടായില്ല. 1970-കളിലെ സഭാ ഭിന്നിപ്പ് വേദനിപ്പിച്ചിരുന്നു. സ്വന്തം ഇടവകയിൽ പിളർപ്പ് ഒഴിവാക്കാനായി യാക്കോബായ പക്ഷത്തോടൊപ്പം നിൽക്കാൻ അദ്ദേഹം നിർബന്ധിതനായി. എങ്കിലും സ്വന്തം പള്ളിയിൽ അതിഥികളായി വരുന്ന ഓർത്തഡോക്സ് വൈദികർക്ക് കൂദാശകളിൽ മുഖ്യ കാർമികത്വം വഹിക്കുന്നതിന് അവസരം കൊടുക്കുന്നതിന് അദ്ദേഹം തയ്യാറായിരുന്നു. അവസാനം വരെ മലങ്കരസഭയുടെ ഐക്യ ത്തിനുവേണ്ടി നിലകൊണ്ടു.

ഫിലോസഫിയിൽ എം.എ. ബിരുദധാരിയാണ്. കോട്ടയം സി.എം.എസ്. കോളേജിൽ അധ്യാപകനും കോതമംഗലം മാർ അത്തനേഷ്യസ് കോളജിലും മാർ അത്തനേഷ്യസ് എഞ്ചിനിയറിംഗ് കോളജിലും കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളജിലും പ്രിൻസിപ്പലുമായിരുന്നു. ഡോ. കെ.എം. തരകൻ ഫൗണ്ടേഷൻ ഏർപ്പെടുത്തിയ ആചാര്യ പുരസ്കാരം ലഭിച്ചിട്ടുണ്ട്.

കോട്ടയം പള്ളം കല്ലൂപ്പറമ്പിൽ വ്യവസായിയും പ്ലാന്ററുമായിരുന്ന വി.ഐ. മാത്തന്റെയും തിരുവാർപ്പ് കാഞ്ഞിരത്തിൽ ശോശാമ്മയുടെയും മകനായി 1924 ഓഗസ്റ്റ് 15നു ജനിച്ചു. എട്ടാം വയസിൽ പ. ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവ മ്സമ്രോനോ പട്ടം നൽകി (1932). മിഖായേൽ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് കശീശാ പട്ടം സ്വീകരിച്ചു (1949). സഹധർമിണി സെഷൻസ് ജഡ്ജിയായിരുന്ന കോട്ടയം കന്നുകുഴിയിൽ കെ.കെ. തോമസിന്റെ മകൾ സൂസൻ (വൈവി) 2013-ൽ നിര്യാതയായി. ഏക മകൻ ജോർജ് മാത്തൻ വ്യവസായിയാണ്. ■

ഓർത്തഡോക്സ് യുവജനപ്രസ്ഥാനം അഖില മലങ്കര വാർഷിക കോൺഫ്രൻസ് അഹമ്മദാബാദിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തപ്പോൾ. ഡോ. ഗീവർഗീസ് മാർ യൂലിയോസ്, യൂഹാനോൻ മാർ പോളികാർപ്പോസ്, തോമസ് മാർ അത്താനാസിയോസ്, ഗീവർഗീസ് മാർ കൂറിലോസ്, ഡോ. ജോസഫ് മാർ ദിവന്നാസിയോസ് എന്നീ മെത്രാപ്പോലീത്തന്മാർ സമീപം.

മലങ്കരസഭ മാസിക

കോട്ടയം: മലങ്കരസഭാ മാസികയുടെ സപ്തതിയോടനുബന്ധിച്ച് 70 ലധികം വരിക്കാരെ ചേർത്ത ധാരാളം ഇടവകകൾ ഉണ്ട്. നിരണം ഭദ്രാസനത്തിലെ കല്ലൂപ്പാറ സെന്റ് മേരീസ് തീർത്ഥാടനപള്ളി (ഫാ. ജോജി എം. ഏബ്രഹാം, ഫാ. ഫിലിപ്പ് എം. ചെറിയാൻ), ചെങ്ങരൂർ സെന്റ് ജോർജ് (ഫാ. തോമസ് പാറേക്കടവിൽ, ഫാ. ജോസഫ് കെ. ഏബ്രഹാം), മേപ്രാൽ സെന്റ് ജോൺസ് (ഫാ. ഗീവർഗീസ് വർക്കി), കാരയ്ക്കൽ സെന്റ് ജോർജ് (ഫാ. കുരുവിള മാത്യു).

കടമറ്റം സെന്റ് ജോർജ് പള്ളിയിൽ 132 പേർ മലങ്കരസഭയുടെ വരിക്കാരായി ചേർന്നു (എസ്.വി. വർഗീസ്). പുതിയകാവിൽ നിന്നും 86 പേർ മലങ്കരസഭാ മാസികയുടെ വരിക്കാരായി ചേർന്നു. (ഫാ. ജോൺസ് ഈപ്പൻ, ഫാ. വിൽസൺ ജോർജ്, ഫാ. ഡോ. ജേക്കബ് മാത്യു). മലങ്കര സഭാ മാസികയുടെ മുഖ്യ പ്രതിനിധി അജിത് എബ്രഹാം (കുറിച്ചി) 2016-ൽ 1000 രൂപായുടെ 35 വരിക്കാരെ ഉൾപ്പെടെ 1700 വരിക്കാരേ ചേർത്തു.

പ്രസ്തുത പള്ളികളിലെ വൈദികർക്കും മലങ്കരസഭ മാസിക പ്രതിനിധികൾക്കും നന്ദി.

പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാൾ

ആലുവ:- കടവിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ 109 -ാം ഓർമ്മ, നവം. 2-ന് ആലുവ തൃക്കുന്നത്തു സെമിനാരിയിൽ.

ഭിലായ്:- സ്തേഫാനോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്തായുടെ 9-ാം ഓർമ്മ, നവം. 5-ന് ഭിലായ് സെ. തോമസ് ആശ്രമത്തിൽ.

ആലുവ:- വയലിപ്പറമ്പിൽ ഗീവർഗീസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ 50-ാം ഓർമ്മ, നവം. 6-ന് ആലുവ തൃക്കുന്നത്തു സെമിനാരിയിൽ.

ദേവലോകം:- പരിശുദ്ധ മാർ ത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവായുടെ 20-ാം ഓർമ്മ നവം. 8-ന് ദേവലോകം അരമനയിൽ.

പത്തനാപുരം:- ഇയ്യോബ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുടെ 5-ാം ഓർമ്മ നവം. 20-ന് പത്തനാപുരം മൗണ്ട് താബോർ ദയറായിൽ.

ലോക റിക്കോർഡ് നേടിയ കോട്ടയം ബാബുരാജ്



കേരള സ്ഥല വിജ്ഞാനകോശത്തിന്റെ രചയിതാവ് കോട്ടയം ബാബുരാജിനു ലോക റെക്കോർഡ്. കേരളത്തിലുടനീളമുള്ള മുഴുവൻ റോഡുകളിലൂടെയും സ്ക്കൂട്ടറിൽ സഞ്ചരിച്ചു സമ്പാദിച്ച വിവരങ്ങൾ ചേർത്ത് കേരള സ്ഥല വിജ്ഞാനകോശം തയ്യാറാക്കിയതാണ് അംഗീകാരത്തിന് അർഹത നേടിയത്.

ഇതിനായി അഞ്ചുലക്ഷത്തിൽപരം കിലോ മീറ്റർ യാത്ര ചെയ്തു. സംസ്ഥാനത്തെ 28000-ൽ പരം സ്ഥലങ്ങൾ അക്ഷരമാല ക്രമത്തിൽ ചേർത്ത് ഓരോ സ്ഥലത്തിന്റെയും കോർപ./മുനി./പഞ്ചായത്ത് തുടങ്ങിയ വിവരങ്ങളും ഓരോ സ്ഥലത്തും എത്തിച്ചേരുന്നതിനുള്ള റൂട്ട്, ദൂരം തുടങ്ങിയവയും ഇതിൽ വിശദീകരിക്കുന്നു. സ്ഥലങ്ങളുടെ സ്ഥാനം കൃത്യമായി മനസ്സിലാക്കുന്നതിന് 530 റോഡ് ചാർട്ടുകളുമുണ്ട്. പരിചയമില്ലാത്ത റോഡിലൂടെ രാത്രി സമയത്തുപോലും വഴിതെറ്റാതെ സഞ്ചരിച്ചു നിർദിഷ്ട സ്ഥലത്ത് എത്താൻ ഈ പുസ്തകം സഹായകമാകും.

ലോകത്തിലെ ആദ്യത്തെ സംരംഭം എന്ന പരിഗണനയിലാണ് യൂണിവേഴ്സൽ റെക്കോർഡ്സ് ഫോറം ലോക റെക്കോർഡ് നൽകി ബാബുരാജിനെ ബഹുമാനിച്ചത്.

മലങ്കരസഭ മാസിക സന്ദർശിക്കൂ...

പരുമലയിൽ ഓഫീസ്

പരുമല പെരുന്നാളിനോടനുബന്ധിച്ച് മലങ്കര സഭ മാസികയുടെ ഓഫീസ് 28, 29, 30, 31, നവം. 1, 2 തീയതികളിൽ പരുമലപള്ളിയിൽ പ്രവർത്തിക്കും. വരിസംഖ്യ പുതുക്കുന്നതിനും പുതിയ വരിക്കാരാകുന്നതിനും സൗകര്യം ഉണ്ടായിരിക്കും.

വീടിനൊരു മലങ്കര സഭ
www.malankarasabhaonline.in
6 വർഷത്തേക്ക് 1000 രൂപാ മാത്രം

- മലങ്കരസഭാ മാസികയിലേക്ക് പരസ്യങ്ങൾ, ഉപകാര സ്മരണ, പ്രത്യേക പരസ്യ ഫീച്ചറുകൾ എന്നിവ ക്ഷണിക്കുന്നു.
- മലങ്കരസഭാ മാസികയുടെ പ്രൊമോട്ടറന്മാരായി പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് അവസരം ഉണ്ടായിരിക്കും.
- മലങ്കര സഭ മാസികയുടെ പ്രസിദ്ധീകരണത്തിന് ഉദാരമായ സംഭാവനകൾ നൽകി സഹായിക്കാവുന്നതാണ്.
- പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ ജീവിതവും സംഭാവനകളും എന്ന ഗ്രന്ഥം ലഭ്യമാണ്.

ബന്ധപ്പെടുക:- 0481-2573234, 9744648617

സെപ്റ്റംബർ മൂന്നിന് കൊൽക്കൊത്ത മൊഹിത് മെയിട്രാ മഞ്ചിൽ നടന്ന ചടങ്ങിൽ പശ്ചിമ ബംഗാൾ ഊർജമന്ത്രി സൊവദേവ് ചതോപാധ്യായ സർട്ടിഫിക്കറ്റും ട്രോഫിയും ബാഡ്ജും സമ്മാനിച്ചു.

1993-ൽ തുടങ്ങിയ യാത്രകളിലൂടെ ശേഖരിച്ച വിവരങ്ങൾ ക്രോഡീകരിച്ച് പുസ്തകം പ്രസിദ്ധീകരിച്ചത് 2000 ത്തിലാണ്. പിന്നീട് ഇതിന്റെ ആറ് എഡിഷനുകൾ കൂടി പുറത്തിറങ്ങി. പ. മാത്യൂസ് ദ്വിതീയൻ ബാവായാണ് ഇതിന്റെ പ്രഥമ എഡിഷൻ കോട്ടയത്ത് പ്രകാശനം ചെയ്തത്. *ഇത്രയും കഠിനാദ്ധ്വാനം ചെയ്ത് തയ്യാറാക്കിയ ഒരു ഗ്രന്ഥം ആദ്യമായാണ് എന്റെ ജീവിതത്തിൽ കാണുന്നത്* എന്നുപറഞ്ഞ് കോട്ടയം ബാബുരാജിനെ അനുഗ്രഹിച്ചു. ഏഴാം പതിപ്പ് പ്രസിദ്ധീകരണത്തിന് തയ്യാറാകുന്നു. ഇംഗ്ലീഷിലും ഈ പുസ്തകം ലഭ്യമാണ്.

ലിംക ബുക് ഓഫ് റിക്കോർഡ്സ്, ഇന്ത്യ ബുക് ഓഫ് റെക്കോർഡ്സ് എന്നിവയിൽ ഇടം നേടിയതിനുപുറമെ ഹാൾ ഓഫ് ഫെയിം അവാർഡ് ഉൾപ്പെടെ നിരവധി അവാർഡുകളും പുരസ്ക്കാരങ്ങളും ലഭിച്ചു. ഇതിനോടകം വിവിധ വിഷയങ്ങളിൽ 17 പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്. കോട്ടയം ജില്ലാ ഡയറക്ടറി, ക്രൈസ്തവ സഭാ വിജ്ഞാനകോശം, മലങ്കര സഭയുടെ ആചാരാനുഷ്ഠാനങ്ങൾ ഒരു പഠനം, (8-ാം പതിപ്പ്), ദൈവമാതാവിന്റെ സമ്പൂർണ്ണ ജീവചരിത്രം, ബൈബിൾ കഥാപ്രസംഗങ്ങൾ, നസ്രാണി നർമ്മം, നല്ല മലയാളം, വ്യാകരണ ശബ്ദകോശം, താമരത്തോണി എന്നിവയാണ് പ്രധാന പുസ്തകങ്ങൾ.

27 വർഷം കഥാപ്രസംഗ രംഗത്ത് സജീവമായിരുന്നു. രക്തനിലം, കൊലയും കുമ്പസാരവും, താമരത്തോണി, നീലകുറിഞ്ഞി എന്നിവയാണ് പ്രശസ്തമായ കഥാപ്രസംഗങ്ങൾ.

ടെലിവിഷനും സാമൂഹിക മാധ്യമങ്ങളും വന്നതോടെ കഥാപ്രസംഗം കേരളത്തിൽ നിന്നും അപ്രത്യക്ഷമായി എന്നാണ് കോട്ടയം ബാബുരാജ് പറയുന്നത്. *ഇപ്പോൾ ആർക്കും സമയം ഇല്ല. കഥാപ്രസംഗം പറഞ്ഞാൽ തന്നെ ഒന്നര മണിക്കൂർ കൊണ്ട് അവസാനിപ്പിക്കണം.* പ്രശസ്ത കാഥികനായ ബാബുരാജിന് 2000ത്തിൽ കേരള കഥാപ്രസംഗം അക്കാദമിയുടെ അവാർഡ് ലഭിച്ചു. കോട്ടയം ബാബുരാജ് അറിയപ്പെടുന്ന നർമ പ്രഭാഷകനാണ്.

ഇത്രയും യാത്ര ചെയ്തതിൽ വയനാടും ഇടുക്കിയും മറക്കുവാൻ കഴിയില്ല എന്ന് കോട്ടയം ബാബുരാജ് പറഞ്ഞു. ഫോൺ: 9447212588.

കോട്ടയം ബാബുരാജിന് അവാർഡ്

കോട്ടയം:- ഭാരതീയ ദലിത് സാഹിത്യ അക്കാദമിയുടെ 2016-ലെ ഡോ. അംബേദ്ക്കർ ദേശീയ അവാർഡ് ലഭിച്ച കോട്ടയം ബാബുരാജ്. ഡിസംബർ 12-ന് ഡൽഹിയിൽ വച്ച് രാഷ്ട്രപതി പ്രണബ് മുഖർജി അവാർഡ് നൽകും.

കേരളത്തിൽ ഉടനീളമുള്ള റോഡുകളിലൂടെ അഞ്ചുലക്ഷത്തിൽപ്പരം കിലോമീറ്റർ സ്ക്കൂട്ടറിൽ സഞ്ചരിച്ച് വിവര ശേഖരണം നടത്തി രചിച്ച കേരള സ്ഥലവിജ്ഞാനകോശം എന്ന ബ്രഹത് ഗ്രന്ഥത്തിന് 2016-ലെ ലോക റിക്കോർഡ് ലഭിച്ചിട്ടുണ്ട്.

കാഥികൻ, ഗ്രന്ഥകാരൻ, ഗവേഷകൻ എന്നീ നിലകളിൽ അറിയപ്പെടുന്ന കോട്ടയം ബാബുരാജ് റിട്ട. ലേബർ ഓഫീസറും മീനടം കുന്നുംപുറത്ത് കുര്യന്റെയും ശോശാമ്മയുടെയും മകനുമാണ്. പുതുപ്പള്ളി സെ. ജോർജ് ഇടവക മാനേജിംഗ് കമ്മിറ്റി അംഗമാണ്. ഭാര്യ; മറിയാമ്മ (റിട്ട. മാർക്കറ്റ് ഫെഡ് സ്റ്റാഫ്) മക്കൾ: ജിജിനാ, ജോജോഷ്.

പരിശുദ്ധ കാതോലിക്കാ ബാവായുടെ സപ്തതി ആഘോഷത്തോടനുബന്ധിച്ച് കോട്ടയം ദേവലോകം അരമന ഓഡിറ്റോറിയത്തിൽ കേരളത്തിലെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ സ്പെഷ്യൽ സ്ക്കൂൾ വിദ്യാർത്ഥികളുടെ കലാപരിപാടികൾ ആസ്വദിക്കുന്ന പിതാക്കന്മാർ; മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ, പരിശുദ്ധ കാതോലിക്കാ ബാവാ, ആർച്ച് ബിഷപ്പ് എമിരിറ്റസ് ജോസഫ് പൗവ്വത്തിൽ, കുറിയാക്കോസ് മാർ ക്ലീമ്മീസ്, യൂഹാനോൻ മാർ പോളികാർപ്പോസ്, ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, ഡോ. യൂഹാനോൻ മാർ തേവോദറോസ്.

22-ാം ചരമ വാർഷികം

MRS. RACHEL JOSEPH

(nee Ammini, Padavupurackal, Edathua)

W/o V.C. Joseph, Vettikkad House
200-A, Malligai Avenue, Sakthi Nagar East,
Thindal P.O., Erode-638012

20-06-1930

27-10-1994

അവളുടെ മക്കൾ എഴുന്നേറ്റ് അവളെ ഭാഗ്യവതി
എന്നു പുകഴ്ത്തുന്നു. (സദൃ. 31:28)

Her Mortal remains lie interred in a Tomb in the
CSI. Cemetery at the foothill of the historical Sankari Hill.

പ്രത്യാശയുള്ള കുടുംബാംഗങ്ങൾ

1. V.C. Joseph, Erode
2. Mrs. Rebecca John and Mr. Joha Devasitham, Trichy
3. Mrs. Susan Edward and Late mr. Edward Joseph, Chennai
4. Mr. J. Mohan Vettikkad and Mrs. Sunitha (Rachel) Mohan, Bahrain
5. Mr. J. Thomas Raj and Mrs. Suja (Rachel) Thomas, Erode
6. Mr. J. Babu and Mrs. Suma (Mary) Joseph Babu, California, USA



കുരിശുപള്ളി കൂദാശ

പെരുമ്പാവൂർ ടൗണിൽ നിന്നും ഒരു കിലോമീറ്റർ തെക്ക്, എം.സി. റോഡിന് കിഴക്ക് വശത്തായി, വട്ടയ്ക്കാട്ടുപടിയിൽ, പരിശുദ്ധ പരുമല തിരുമേനിയുടെ നാമത്തിൽ സ്ഥാപിച്ചിട്ടുള്ള പുതിയ കുരിശുപള്ളിയുടെ കൂദാശയും സമർപ്പണവും 2016 നവംബർ 11,12 തീയതികളിൽ, പരിശുദ്ധ കാതോലിക്കാ ബാവാ തിരുമനസ്സിന്റെ പ്രധാന കാർമികത്വത്തിൽ നടത്തപ്പെടുന്നു.

ഈ കുരിശുപള്ളിയുടെ നിർമ്മിതിക്കുവേണ്ടി നിർലോഭം സംഭാവനകൾ തന്ന എല്ലാവരോടും, വിശേഷാൽ, കുവൈറ്റ് സെ. ഗ്രിഗോറിയോസ് ഓർത്തഡോക്സ് മഹാ ഇടവകയോടും ഉള്ള നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു.

നവംബർ പതിനൊന്നാം തീയതി വെള്ളിയാഴ്ച വൈകിട്ട് ആറു മണിക്ക്, പരിശുദ്ധ കാതോലിക്ക ബാവ തിരുമനസ്സിന് നൽകുന്ന വരവേൽപ്പിലും തുടർന്നുള്ള കൂദാശയിലും, പന്ത്രണ്ടാം തീയതി നടക്കുന്ന വിശുദ്ധ കുർബാനയിലും എല്ലാവരും സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കണമെന്ന് കർതൃനാമത്തിൽ ക്ഷണിച്ച് കൊള്ളുന്നു.

ഫാ. മത്തായി ഇടയനാൽ കോർഎപ്പിസ്ക്കോപ്പ
(ഫോ: 9447396369)
ഫാ. ജോർജ് പട്ട്ളാട്ട്
(ഫോ: 9447142710)

In Ever loving Memory of

MARIAMMA MATHEN
4th Anniversary, 03-11-2016

GEEVAGHESE MATHEN
8th Anniversary, 17-10-2016

Gone but never forgotten
will meet in the heavenly abode

Children, Grand Children & Great Grand Children
Chakkalayil House, Kizhakkumbhagom, Niranam

U.K., EUROPE, AFRICA ഹരിതാഭമാകുന്നു

■ ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ

മലങ്കരസഭയുടെ യു.കെ., യൂറോപ്പ്, ആഫ്രിക്ക മെത്രാസനത്തിന് ഇത് ദ്രുതഗതിയിലുള്ള വളർച്ചയുടെ ഹരിതകാലം. രാജ്യങ്ങളും ഭൂഖണ്ഡങ്ങളും പേറുന്ന ഇത്ര ബ്രഹത്തായ ഒരു മെത്രാസനം വേറെ ഉണ്ടാകുമെന്നു തോന്നുന്നില്ല. ആ പ്രത്യേക പശ്ചാത്തലത്തിൽ, അതു 'ഇരുന്നു' ഭരിക്കാനുള്ളതല്ല, 'ഓടിനടന്ന്' പരിപാലിച്ചു വളർത്താനുള്ളതെന്ന് ഉത്തമബോദ്ധ്യമുള്ള ഒരു ഇടയനെ ലഭിച്ചത് മെത്രാസനത്തിന്റെ ഭാഗ്യം. അവിടവിടെ നട്ട ചെടികൾ വളർന്നു വലുതായി വരുന്ന കാഴ്ച മനോജ്ഞമാണ്. പുതുതായി രൂപം കൊണ്ട മെത്രാസനത്തിലെ First generation ആണ് ഇപ്പോൾ. ഇപ്പോൾ ഇടുന്ന അടിസ്ഥാനം ഉറപ്പുള്ളതായിരിക്കണമെന്ന് അവർക്കു നന്നായിട്ടറിയാം. ബലാരിഷ്ടതകൾ നീങ്ങുമ്പോഴേക്കും ഒരു തലമുറ അസ്തമിച്ചിരിക്കും! ഇപ്പോൾ മെത്രാസനാസ്ഥാനം സ്ഥിതി ചെയ്യുന്ന ഇംഗ്ലണ്ടിൽ നിന്ന്, ഇതര ഭാഗങ്ങളിലേക്കു പോകണമെങ്കിൽ 'visa' വേണ്ടിയിരിക്കുന്നു. ഏറെ വെല്ലുവിളികളിലേക്കുള്ള ഒരു സാഹചര്യമാണിത്. എങ്കിലും 'ബാല' ദശയിലുള്ള മെത്രാസനം "ഗംഭീരമായ" സ്വപ്നങ്ങൾ താലോലിക്കുന്നു എന്നത് ശുഭോദർക്കമാണ്.

രണ്ടായിരാമാണ്ടിൽ ഈ മെത്രാസനം നിലവിൽ വരുമ്പോൾ, ഇംഗ്ലണ്ടിൽ പുതുതായി വാങ്ങിയ ഒരു ദേവാലയമൊഴികെ മറ്റൊരിടത്തും സ്വന്തമായി ഒരു ദേവാലയവുമില്ലാത്ത സ്ഥിതിയായിരുന്നു. അവിടെയും ഇവിടെയുമായി മലങ്കര ഓർത്തഡോക്സ് വിശ്വാസി സാന്നിദ്ധ്യമുണ്ടായിരുന്നു താനും. ഉദാഹരണത്തിന്, ജർമ്മനിയിൽ (അന്തരിച്ച) ബ. കോരയച്ചന്റെ നേതൃത്വത്തിൽ ഒരു കോൺഗ്രിഗേഷൻ നടന്നുവന്നിരുന്നു. അങ്ങനെ, ഏകദേശം 'പൂജ്യ'ത്തിൽ നിന്നും ആരംഭിച്ച അതിവിശാലമായ ഈ മെത്രാസനത്തിൽ, ഇംഗ്ലണ്ടിൽ മാത്രം ഇപ്പോൾ 27 കേന്ദ്രങ്ങളിൽ ആരാധന നടക്കുന്നു: അതിൽ 8 എണ്ണം സ്വന്തം പള്ളികളും, കൂടാതെ സൗത്ത് ആഫ്രിക്കയിലും താമസിയാതെ സ്വന്തമായ ദേവാലയം ഉയരും. അയർലണ്ടിൽ മലങ്കര ഓർത്തഡോക്സ് സഭാ സാന്നിദ്ധ്യം ശക്തമാണിന്ന്. ശീഘ്രഗതിയിലുള്ള ഈ വളർച്ചയ്ക്കു പിന്നിൽ, ഭദ്രാസന മെത്രാപ്പോലീത്തായുടെ സമർത്ഥമായ നേതൃത്വവും തീരുമാനങ്ങളും, വൈദിക വൃന്ദത്തിന്റെ ഇച്ഛാശക്തിയും, ജനങ്ങളുടെ ഔദാര്യപൂർവ്വമായ സഹകരണവും പ്രസ്പഷ്ടമായി കാണാൻ കഴിയുന്നു. ഇന്ന് ഈ ഭദ്രാസനം സന്ദർശിക്കുന്ന ആരും അഭിനന്ദനപൂർവ്വം പറയും: "തുടക്കം ഗംഭീരമായി". വളർച്ചയുടെയും, ഓർത്തഡോക്സ് വിശ്വാസ നൈർമ്മല്യത്തിന്റെയും ദർശനമലരുകൾ എങ്ങും ദൃശ്യമാണ്.

> 'തുടക്കം ഗംഭീരമായി. വളർച്ചയുടെയും, ഓർത്തഡോക്സ് വിശ്വാസ നൈർമ്മല്യത്തിന്റെയും ദർശനമലരുകൾ എങ്ങും ദൃശ്യമാണ്.'

ഇംഗ്ലണ്ടിൽ തുടക്കത്തിൽ, ഓർത്തഡോക്സ് ആരാധന നടന്നിരുന്നത് London YMCA യിലായിരുന്നു. നാളുകൾ പിന്നിട്ടപ്പോൾ സ്ഥിരമായ ഒരു വൈദികനുണ്ടായി. ലണ്ടനിലെ സെന്റ് പോൾസ് കത്തീഡ്രലിനടുത്തുള്ള St. Anderews Beside the Wardrobe എന്ന പള്ളിയിലാണ് പിന്നീട് ആരാധനാ സൗകര്യമൊരുങ്ങിയത്. ആംഗ്ലിക്കൻ സഭയുടെ ഉടമസ്ഥതയിലുള്ള ഈ പള്ളിയിൽ ഇന്നും, മാസത്തിൽ രണ്ടു തവണ മലങ്കര ഓർത്തഡോക്സ് സഭയുടെ ആരാധന നടന്നുവരുന്നുണ്ട്. ലോകോത്തര നാടകകൃത്തും കവിയുമായ Shakespear, Sir Warreu Heartings, എന്നിവർ ലണ്ടൻ പട്ടണത്തിൽ വരുമ്പോൾ, ഈ ദേവാലയത്തിലാണ് ആരാധിച്ചിരുന്നത്. ഈ പള്ളിയിൽ മലങ്കര ഓർത്തഡോക്സ് ആരാധന ആരംഭിച്ചിട്ട് ഒരു തലമുറ പിന്നിട്ടിരിക്കുന്നു എന്നു പറയാം. സ്വന്തമായി ദേവാലയമില്ലെങ്കിലും, താമസിയാതെ നഗരപ്രാന്തത്തിൽ ഒരു പാഴ്സനേജ് ഉണ്ടായി. കാലം ചെയ്ത തോമസ് മാർ മക്കാറിയോസ് തിരുമേനിയുടെ ചുമതലയിലായിരിക്കുമ്പോഴാണ് ലണ്ടനിൽ ആദ്യമായി ഒരു ദേവാലയമുണ്ടാകുന്നത്. പുതിയ ഭദ്രാസനത്തിന്റെ പ്രഥമ ഇടയനായി ഡോ. മാത്യൂസ് മാർ തീമോത്തിയോസ് തിരുമേനിയുടെ ആഗമനം, മെത്രാസനത്തിനാകെ ഒരു പുത്തൻ ഉണർവ്വിനു ഹേതുവായി. പോയ ഏഴു വർഷങ്ങൾ ശീഘ്രഗതിയിലുള്ള പുരോഗതിക്കാണ് സാക്ഷ്യം വഹിച്ചത്. ഇക്കാര്യത്തിൽ വൈദികരും, 'പ്രവാസി'കളായ ജനങ്ങളും വഹിച്ചുകൊണ്ടിരിക്കുന്ന പങ്ക് നിസ്തുലമാണ്. ആഫ്രിക്കൻ രാജ്യങ്ങളിൽ പലയിടത്തും ഓർത്തഡക്സ് സാന്നിദ്ധ്യമുണ്ട്. ഏതാനും സ്ഥലങ്ങളിൽ ആരാധന ആരംഭിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തുവരുന്നു.

ഭൂമിശാസ്ത്രപരമായി അതിവിപുലമായ ഈ മെത്രാസനത്തിൽ ഭദ്രാസന മെത്രാപ്പോലീത്തായുടെ സജീവ നേതൃത്വം നിർണ്ണായകമാണ്. കേരളത്തിലെപ്പോലെ, സുഗമയാത്രയോ, പരിചാരകരോ ലഭ്യമല്ലാത്ത ഒരു സാഹചര്യമാണവിടെയുള്ളത്. അതതു രാജ്യത്തെ തൊഴിൽ നിയമങ്ങളും, 'വിസാ'യുടെ അനിവാര്യതയും ഒപ്പമുണ്ട്. എല്ലാവരും ഒരുതരം നിർബന്ധിത ഏകാന്തത ആരംഭിക്കുന്നവരാണെന്നു തോന്നും! ഭാഷയുടെ സംസ്ക്കാരത്തിന്റെയും വൈവിധ്യമാണ് മറ്റൊരു ഘടകം. കേരളത്തിൽ നിന്നുള്ള ഏറിയും കുറഞ്ഞുമുള്ള 'കുടിയേറ്റം' ഒരു വശത്ത്; അതതു രാജ്യത്ത് ജനിച്ചു വളരുന്ന കുട്ടികളുടെ ലോകം മറ്റൊരു വശത്ത്. പൊതുവെ എല്ലാ 'പ്രവാസി' മെത്രാസനങ്ങളും നേരിടുന്ന ഒരു വെല്ലുവിളിയാണ് ഈ സാഹചര്യമെങ്കിലും, ഇവിടെ അത് മാറിമറിയുന്ന ഒരു പ്രതിഭാസമാണ്. 'മംഗ്ലീഷ്' എന്ന മാദ്ധ്യമത്തിന്റെ ഉപയോഗത്തിന് ഒരളവിൽ അറുതിവരികയാണ്.

ഈ മെത്രാസനത്തിലെ ഇക്ക

ഴിഞ്ഞ Youth & family Conference (August 24-28, 2016) കാര്യങ്ങളുടെ ഒരു ഏകദേശ രൂപം വെളിപ്പെടുത്തുന്നതായിരുന്നു. ഇംഗ്ലണ്ടിൽ പ്രശസ്തവും വിശാല സൗകര്യങ്ങളുള്ളതുമായ ഒരു സ്കൂളിൽ നടന്ന ഈ കോൺഫറനസിൽ 500 ഓളം പ്രതിനിധികൾ സംബന്ധിച്ചത് ഒരു സർവ്വകാല റെക്കാർഡായിരുന്നു. ക്രമീകൃതമായ സംഘടിപ്പിക്കപ്പെട്ട ഈ കൂട്ടായമയിൽ, യുവജനങ്ങളുടെ ഉത്സാഹത്തോടെയുള്ള പാങ്കാളിത്തം ശ്രദ്ധേയമായിരുന്നു. ദൂരെയുള്ള ആഫ്രിക്കൻ ഭൂഖണ്ഡത്തിൽ നിന്നൊഴികെ മറ്റെല്ലായിടത്തുനിന്നും പ്രതിനിധികൾ എത്തിയിരുന്നു. മെത്രാസനത്തിന്റെ ഇന്നിനെയും നാളെയെയും കുറിച്ചുള്ള തന്റെ സ്വപ്നങ്ങൾ മാർ തീമോത്തിയോസ് പിതാവ്, സമാപന സമ്മേളനത്തിൽ പങ്കു വയ്ക്കുകയുണ്ടായി.

Swindon-ൽ ഇപ്പോൾ വാങ്ങിയിരിക്കുന്ന മെത്രാസന ആസ്ഥാനം വലിയ ഒരു നേട്ടം തന്നെ. എന്നാൽ വളർന്നു വരുന്നതും, ഭാഷാ-സംസ്ക്കാര ബഹുലതയുമുള്ളതുമായ ഈ മെത്രാസനത്തിൽ കുറെക്കൂടെ വിപുലമായ ഒരു കേന്ദ്രകാര്യാലയം അനിവാര്യമായി വരും. അതുവരെ ഒരു ഇടത്താവളമായി swindon -ൽ ആസ്ഥാനം തുടരുകയുമാകും. ഇക്കാര്യത്തിൽ ഭദ്രാസന മെത്രാപ്പോലീത്തായുടെ പങ്കും നേതൃത്വവും അത്യന്തം ശ്ലാഘനീയമാണ്. ശാന്തമായും, എന്നാൽ ശക്തമായും, വ്യക്തമായ ലക്ഷ്യബോധത്തോടും അദ്ദേഹം പ്രവർത്തിക്കുന്നു. അക്കാരണത്താൽ മെത്രാസനത്തിന്റെ വിവിധ നിരകളിൽ നിന്ന് അദ്ദേഹത്തിന് നിർലോപമായ സഹകരണവും ലഭിക്കുന്നുണ്ട്. ■



അവാർഡ്

ഭാരത് സ്കൗട്ട് & ഗൈഡ്സ് രാഷ്ട്രപതി സ്കൗട്ട് അവാർഡിന് അർഹനായ കൊട്ടാരക്കര പട്ടമല സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളി ഇടവകാംഗവും കുണ്ടറ M.G.D.B.H.S. വിദ്യാർത്ഥിയുമായ ഉമ്മൻ കോശി. സഭാ മാനേജിംഗ് കമ്മിറ്റി അംഗം കോശി ഉമ്മൻ കിഴക്കടത്തിന്റെ മകനാണ്.

സ്വർണ്ണ മെഡൽ

ദേശീയ ഫെൻസിങ് മത്സരത്തിൽ കേരളത്തിനുവേണ്ടി സ്വർണ്ണമെഡൽ നേടിയ ജിബിൻ റെജി തോമസ്. കടമ്മനിട്ട സെന്റ് ജോൺസ് ഇടവകയിൽ കാലായിൽ റെജി കെ. തോമസിന്റെയും ജെസ്സി റെജിയുടെയും മകൻ.

18TH DEATH ANNIVERSARY, 28-10-2016

13TH DEATH ANNIVERSARY, 24-07-2016

OOLAMACKAL

PULICKAL KAVALA

Inserted by:

Ponnamma, Leenu, Lijo

EASO ANDREWS (KUNJUMON)

MARIAMMA ANDREWS

MALANKARA ORTHODOX CHURCH PUBLICATIONS
DEVALOKAM - KOTTAYAM - 1, KERALA, INDIA
PH: 0481-2561305.
E-mail : mocpublications@gmail.com.

Most. Rev. Thomas Mar Athanasios
President

Rev. Fr. Joseph Kuriakose
Secretary

പരുമല സെമിനാരിയിൽ
എം.ഒ.സി. ബുക്ക് സ്റ്റാൾ



പരുമല സെമിനാരിയിൽ എം.ഒ.സി. ബുക്സ് സ്റ്റാൾ
എല്ലാ ദിവസവും തുറന്ന് പ്രവർത്തിക്കുന്നു.

പരുമല പെരുനാളിനോടനുബന്ധിച്ച് എല്ലാ പുസ്തകങ്ങൾക്കും വിലക്കുറവ്.

സന്ദർശിക്കുക...

മലങ്കര ഓർത്തഡോക്സ് സഭയുടെ
ഔദ്യോഗിക പ്രസിദ്ധീകരണ വിഭാഗം

സന്ദർശിക്കുക...

MOC BOOKS

KOTTAYAM

ERAYILKADAVU ROAD,
MANORAMA JN., KOTTAYAM

PARUMALA

വേദശാസ്ത്ര ഗ്രന്ഥങ്ങൾ, പള്ളി ഉപകരണങ്ങൾ, സഭാ പ്രസിദ്ധീകരണങ്ങൾ, ഫോട്ടോകൾ...

അവാർഡ്

ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എഞ്ചിനീയേഴ്സ് (ഇൻഡ്യ) ഏർപ്പെടുത്തിയ എയ്റോസ്പേസ് എഞ്ചിനീയറിംഗ് ഡിവിഷൻ പ്രൈസ് ലഭിച്ച ജോൺസൺ വൈ. അന്താരാഷ്ട്രതലത്തിൽ ഏറ്റവും മികച്ച ഗവേഷണ ലേഖനത്തിനുള്ള അവാർഡാണിത്. പാളയം സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവകാംഗവും പാരിപ്പള്ളി UKF എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകനുമാണ്.

ഒന്നാം റാങ്ക്

കൊച്ചിൻ സാങ്കേതിക സർവ്വകലാശാലയിൽ നിന്നും M.Tech Therminal എഞ്ചിനീയറിംഗിനു ഒന്നാം റാങ്ക് കരസ്ഥമാക്കിയ ജനീഷ് പി. വറുഗീസ്. പുറമറ്റം പ്രാടിയോടത്ത് രാജൻ വറുഗീസിന്റെയും ഓമന വറുഗീസിന്റെയും മകനാണ്. പുറമറ്റം സെന്റ് മേരീസ് ഊർശ്ലേം ഓർത്തഡോക്സ് ഇടവകാംഗമാണ്.

രണ്ടാം റാങ്ക്

എം.ജി. സർവകലാശാലയിൽ നിന്നു എം.ടെക്കിന് (കംപ്യൂട്ടർ സയൻസ്) രണ്ടാം റാങ്ക് നേടിയ മുതലകേരിൽ ജോൺസിമോൾ ജോയി (പ്രൊഫ. സെന്റ് ഗിറ്റ്സ്, പാത്താമുട്ടം).

പാച്ചിറ താബോർ ഇടവകയിൽ വി. ജെ. ജോയിയുടെയും ഏലിയാമ്മയുടെയും മകളും കുഴിമറ്റം മുതലകേരിൽ രാജ് ഫിലിപ്പിന്റെ (യുവജനം മുൻ ചീഫ് എഡിറ്റർ) ഭാര്യയുമാണ്.

സൺഡേസ്കൂൾ വിജ്ഞാനിയും മത്സരപരീക്ഷയിൽ തുടർച്ചയായി നാലു വർഷം അഖില മലങ്കര ജേതാവുമായിരുന്നു.

മലങ്കരസഭ മാസിക

മലങ്കര ഓർത്തഡോക്സ് സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണം

എല്ലാ മാസവും 10-ന് പ്രസിദ്ധീകരിക്കുന്നു.

1-ാം ചരമ വാർഷികം (17-10-2016)

"നിന്റെ മഹത്വമുദിക്കും നാൾ
നില്ക്കണമിവൾ വലഭാഗത്തിൽ"

മക്കൾ, മരുമക്കൾ

ഡോ. തോമസ് കോശി & അനിതാ അലക്സ് കോശി

ഡോ. തോമസ് വർഗീസ് & സൂസൻ മാത്യു

ഡോ. സൂസൻ എബ്രഹാം & ഡോ. എബ്രഹാം ഫിലിപ്പ്

പേരക്കുട്ടികൾ

അരുൺ തോമസ് കോശി, ഡോ. ഷാരോൺ എലിസബത്ത് കോശി

ശ്രുതി എൽസ വർഗീസ്, ശില്പ മറിയം വർഗീസ്

ഫിലിപ്പ് എബ്രഹാം & നിധി ഫിലിപ്പ്, ജോവൻ സൂസൻ ഫിലിപ്പ്,
ഡോ. മിറിയം എബ്രഹാം & ഡോ. അൻവിൻ കുര്യൻ തോമസ്

ഏലിയാമ്മ തോമസ്

W/o എ.കെ. തോമസ്,
അമ്പിയിൽ, പറക്കോട്

BRIDE WANTED

Orthodox parents invites proposals for their son 28/168, MBA/HR., working abroad, from parents of professionally qualified God fearing Orthodox girls.

Contact:
04734260043, 9447327243
frpcthomas@gmail.com

BRIDE WANTED

Ex NRI Orthodox മാതാപിതാക്കളുടെ സീമന്തപുത്രൻ 37/5' 8" Mech. Engg. Diploma, Kuwait - ൽ ജോലി, അനുയോജ്യമായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹ ആലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. സാമ്പത്തികം പ്രശ്നമല്ല.

Contact:
0471- 2447616, Mob : 9495556577

BRIDE GROOM WANTED

Invited marriage proposal for ancient Orthodox Christian religious girl of Kollam District: 28 years, 158 cm, M.Sc, B.Ed, TTC, good complexion; from parents of Orthodox Deacons or suitable boys. Contact email:

E-mail: gracetfrjgmg@gmail.com
Mob: 9447892491

BRIDE WANTED

ഓർത്തഡോക്സ് യുവാവ് 29 വയസ്സ്. 178 c.m. ഉയരം, ഇരുനിറം, ഇടത്തരം കുടുംബം. പള്ളി ശുശ്രൂഷകൻ/ ബേക്കറി ക്യാഷർ. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Contact:
9539494948, 9847162111

പള്ളികൾ മനോഹരമാക്കൂ

Vinyle, Carpet tyle, Synthetic carpets, Belgium Centre Carpets എന്നിവ ഉപയോഗിച്ച് ഞങ്ങൾ നേരിട്ടെത്തി വർക്കുകൾ ഏറ്റെടുത്ത് ചെയ്യുന്നു. വിവിധതരം ഇംപോർട്ടഡ് ഡോർമാറ്റുകളുടെ വിപുലമായ ശേഖരം!

പള്ളികളിൽ, വീടുകളിൽ, ഓഫീസ് അകത്തളങ്ങൾ...
എവിടെയും, നിങ്ങളുടെ വർക്കുകൾ, ചെറുതോ വലുതോ ആകട്ടെ, ഷോറൂം സന്ദർശിക്കൂ...
ഫോൺ: 0481-2571126, 2574183
0484-3292390 മൊബൈൽ: 9447259003

എം.എ. കയർ ഹൗസ്
ജി-മാർട്ടിനു സമീപം
കഞ്ഞിക്കുഴി, കോട്ടയം

50th Wedding Anniversary

24, OCTOBER 2016

K.T. George & Mariamma George
Floral Park, New York

BRIDE WANTED

A Christian Orthodox Keralite boy born and brought up in Gujrat, BSc (Hon) and MBA 32 years Height 5'8" fair average built Self employed (Kerala Matrimony ID E3057220) inviting proposals from Parents of a good lookng, homely Keralite girl of 27 to 30 years. Contact over phone
09725225776, 723816151 or at Email:
josevarghese1@rediffmail.com

BRIDEGROOM WANTED

Orthodox parents invite proposals for their daughter 29/157 M.Tech., Asst.Professor from parents of professionally qualified boys.

M4marry Id: 4235067
Phone : 9847883822,
9446851838

മലങ്കരസഭ മാസിക വരിസംഖ്യ

ഒറ്റപ്രതി	: ₹ 15	13 ലക്കം	: ₹ 200
ഒരുവർഷം	: ₹ 180	രണ്ട് വർഷം	: ₹ 360
6 വർഷം	: ₹ 1000	വിദേശത്തേക്ക്:	
		ഒരു വർഷം	: ₹ 2000

Malankara Sabha Magazine Devalokam
Kottayam-04; Ph:0481-2573234, 9947804477





സമ്യഗ് ദർശനം

ഫാ. ഷാലു ലൂക്കോസ്, തിരുമംഗലം

ഒരാൾ നഗരത്തിലെ അതിമനോഹരമായ സൗധത്തിൽ താമസിക്കുകയായിരുന്നു. അതിന്റെ സൗന്ദര്യം എല്ലാവരും ആസ്വദിക്കുകയും അതിനെ വാഴ്ത്തിപറയുകയും ചെയ്തിരുന്നു. അവിടുത്തെ ഏറ്റവും നല്ല ഭവനം. ഒരു വിക്ടോറിയൻ കൊളോണിയൽ സൗധം. ഉടമസ്ഥന് ആ വീടിനെപറ്റിയും അത് അയാളുടെ സ്വന്തമായിരുന്നതിനാലും വലിയ അഭിമാനമായിരുന്നു. ആയതുകൊണ്ട് തന്നെ അനേകം അഥിതികളെ സൽക്കരിക്കാനും അവിടെ താമസത്തിന് ക്ഷണിക്കാനും അവരെ കൂടുതൽ സന്തോഷിപ്പിക്കാനും അയാൾക്ക് താത്പര്യമായിരുന്നു. അതിലെ ഉദ്യാനങ്ങളും, നീന്തൽക്കുളങ്ങളും അകത്തളങ്ങളിലെ സൗന്ദര്യാലങ്കാരങ്ങളെയുംപറ്റി അയാൾ അത്യുൽസാഹത്തോടെ എല്ലാവരോടും വർണ്ണിച്ചുകൊണ്ടേയിരിക്കുന്നു.

ഒരിക്കൽ വളരെ ജ്ഞാനിയായ ഒരു ഗുരു അയാളുടെ ആഥിത്യം സ്വീകരിക്കുകയും ഗൃഹനാഥന്റെ അത്യാനന്ദത്തിൽ പങ്ക് ചേർന്ന് അയാളെ അനുഗ്രഹിക്കുകയും ചെയ്തു. ഏറെ കാലങ്ങൾക്ക് ശേഷം ആ ഗുരു തന്നെ യാത്രാമദ്ധ്യേ ആ ഭവനത്തിൽ ഒരാഴ്ചക്കാലം താമസിക്കുകയുണ്ടായി അയാൾക്ക് വലിയ സന്തോഷമില്ല, ഉത്സാഹപൂർണ്ണമായ വർത്താനമില്ല, പഴയത് പോലെയൊക്കെ ആഥിത്യമരുളാൻ ഉത്സാഹം കാണിക്കുന്നുണ്ടെങ്കിലും അദ്ദേഹം വീടിനെപ്പറ്റി പറയുകയോ അതിൽ അദ്ദേഹം ആനന്ദം കണ്ടെത്തുന്നതോ കണ്ടില്ല. ഗുരുചോദിച്ചു. "എന്ത് പറ്റി? നിങ്ങളുടെ ആനന്ദവും ഉത്സാഹവും ഒക്കെ എവിടെ പോയി. ദുഖാർദ്രമായ മിഴികളോടെ അയാൾ പറഞ്ഞു അങ്ങ് കാണുന്നില്ലേ. അപ്പുറത്തെ വലിയ വീട്? ഗുരു അത് കണ്ടിരുന്നു. ഒരു പുതിയ വെണ്ണക്കൽ ഭവനം. ഇതിനെ നിഷ്പ്രഭമാക്കുന്ന സൗന്ദര്യം ആ ഭവനത്തിനുണ്ടായിരുന്നു. അയാൾ തുടർന്ന് പറഞ്ഞു. "അത് വന്നതിൽപ്പിന്നെ എന്റെ സന്തോഷമെല്ലാം പോയി.

ഗുരു പറഞ്ഞു "പക്ഷെ നിങ്ങൾ മുമ്പത്തെ വീട്ടിൽത്തന്നെയാണല്ലോ താമസിക്കുന്നത്. നിങ്ങൾ വളരെ സന്തുഷ്ടനുമായിരുന്നു. ഇപ്പോഴും നിങ്ങൾ അതേ വീട്ടിലാണ്. എന്ത് കൊണ്ടാണ് നിങ്ങൾ ദുഃഖിതനാവുന്നത്.? അയൽക്കാരനും ഇതും തമ്മിൽ എന്താണ് ബന്ധം? അയൽക്കാരൻ ചെറുവീടുകളിലാണ് താമസിക്കുന്നത് എന്നതിനാലാണ് നിങ്ങൾ ആഹ്ലാദിച്ചത്. അയൽക്കാരന്റെ വലിയവീട് നിങ്ങൾക്കിത്രയും ദുഃഖമുണ്ടാക്കുന്നുവെങ്കിൽ നിങ്ങളുടെ വീട് കാരണം അയൽക്കാരൻ എത്ര ദുഃഖിതനായിരിക്കണം? നിങ്ങളോട് പ്രതികാരം ചെയ്യാനായിരിക്കണം അയാൾ വലിയ വീടുണ്ടാക്കിയത്."

ഗുരു ഈ വീട്ടിൽ ഉള്ളതറിഞ്ഞ് പുതിയ വീട്ടുകാരൻ ഈ വീട്ടുകാരനേയും ഗുരുവിനെയും വന്ന് കണ്ട് അവരെ അത്താഴത്തിന് ക്ഷണിച്ചു. ഈ വീട്ടുകാരൻ പറഞ്ഞു "അയ്യോ എനിക്ക് വരാൻ കഴിയില്ല. ഇപ്പോൾ ഞാൻ വളരെ തിരക്കിലാണ്", യഥാർത്ഥത്തിൽ അയാൾക്ക് തിരക്കൊന്നുമുണ്ടായിരുന്നില്ല. ക്ഷണിക്കാൻ വന്നയാൾ തിരികെ പോയപ്പോൾ ഗുരു ചോദിച്ചു. നിങ്ങൾക്ക് തിരക്കൊന്നുമുണ്ടായിരുന്നില്ലല്ലോ? അയാൾ പറഞ്ഞു. എനിക്ക് തിരക്കില്ല. പക്ഷെ ആ വീട്ടിലേക്ക് ഞാനില്ല. അതിലും വലിയ ഒരു വീട് ഞാൻ നിർമ്മിക്കും. അയാളുടെ വീട് എനിക്ക് വലിയ ദുഃഖമായിരിക്കുന്നു. എന്റെ വീട് കാണുമ്പോൾ ആ ദുഖത്തിൽ നിന്ന് കരകയറാൻ എനിക്ക് കഴിയുന്നില്ല.

അയൽക്കാരനേക്കാൾ വലിയ വീടുള്ളതായിരുന്നു അയാളുടെ സന്തോഷം. അയൽക്കാരന് വലിയ വീടുണ്ടായത് അയാൾക്ക് ദുഃഖവുമായിത്തീർന്നു. ഒരോരുത്തരുടെയും മനസ്സ് ശരിക്കും ഇങ്ങനെയാണ്. ചില കാര്യങ്ങളിൽ നിങ്ങൾ സന്തോഷിക്കുന്നത് അന്യരുടെ കൈവശം അവയില്ലാത്തത് കൊണ്ടാണ്. നമ്മുടെ കൈവശമുള്ളവകൊണ്ട് യഥാർത്ഥത്തിൽ നമ്മുടെ അയൽക്കാരൻ പീഡിപ്പിക്കപ്പെടുകയാണ് അതിൽ നാം ആനന്ദിക്കുകയാണ്. നമ്മേക്കാൾ അയാൾ ഉയർച്ചയുടെ പടവുകൾ താണ്ടുമ്പോൾ നാം അതിൽ ദുഃഖിക്കുകയും സ്വയം പീഢനം ഏറ്റ് വാങ്ങുകയും ചെയ്യുകയാണ്.

ഈ വീട് നമ്മുടെയെല്ലാം സ്വത്വത്തേയാണ് ഓർമ്മിപ്പിക്കുന്നത്. നമ്മുടെ പ്രതിഭയിൽ നാം ആനന്ദിക്കും. നമ്മുടെ സംഗീതത്തിൽ, നമ്മുടെ എഴുത്തിൽ, നമ്മുടെ പ്രഭാഷണത്തിൽ, നമ്മുടെ ആരാധനയിൽ, നമ്മുടെ കലയിൽ, നമ്മുടെ ബുദ്ധിയിൽ, നമ്മുടെ ധനത്തിൽ, നമ്മെ എല്ലാവരും പുകഴ്ത്തുന്നതിൽ, നമ്മുടെ ധ്യാനത്തിൽ, നമ്മുടെ കായിക വളർച്ചയിൽ, നമ്മുടേതെന്ന് ധരിച്ച് വശാകുന്ന എല്ലാത്തിലും നാം ആനന്ദിക്കും. നമ്മുടെ അടുത്തുള്ളവന്റേതെന്ന് വിചാരിക്കുന്ന സകലതിലും നാം ദുഃഖിക്കുകയും ചെയ്യും. ഒരേ സമയം മനുഷ്യൻ അവന്റെ പ്രതിഭ കൊണ്ട് മറ്റുള്ളവരെ പീഡിപ്പിക്കുകയും അപരന്റെ പ്രതിഭ കണ്ട് സ്വയം പീഢിതനാകുകയും ചെയ്യും.

നമ്മുടെ കണ്ണ് കൊണ്ട് നാം മറ്റുള്ളവരെ നോക്കിക്കാണാനും വിലയിരുത്താനും മത്സരിക്കുകയാണ് എന്നാൽ അപരന്റെ കണ്ണിലൂടെ ഒരു വേളയെങ്കിലും നമ്മെ നോക്കിക്കാണാനും വിലയിരുത്താനും നാം സമയമെടുക്കുന്നില്ല. ശരിയായ ആത്മീയതയുടെ അന്വേഷണം ആരംഭിക്കുന്നത് അവനവനെ കണ്ട് തുടങ്ങുന്നതിലൂടെയാണ്.

"നാമെല്ലാം അന്യരെ വഴി നടത്താൻ വിധിക്കപ്പെട്ടവരാണ് അവനവനെ കണ്ടെത്താത്തവർ എങ്ങനെ അപരനെ വഴി നടത്തും. വഴിതെറ്റിയ ഇടയന്മാർ വഴിമറന്ന ഇടയന്മാർ എന്നൊക്കെ വചനം ഓർമ്മിപ്പിക്കുമ്പോൾ ഒരൽപ്പം ഭയമൊക്കെ നമുക്ക് വേണ്ടതല്ലേ? നമ്മുടെ ഡംഭുകളുടെ കൽഫലകകൾ ഉടച്ചെറിയാനായില്ലെങ്കിൽ എങ്ങനെ അവന്റെ അഗ്നിശുദ്ധി ചെയ്ത കൽപനകൾ ഏറ്റെടുത്ത് പകർന്നാടാനാകും"?

E-mail: fr.thirumangalam@gmail.com



വെളിപ്പാട് പുസ്തകം

■ ഫാ. മാത്യു വറുഗീസ് പുളിമൂട്ടിൽ

മർത്തമറിയം വനിതാ സമാജത്തിന്റെ 2016-ലെ കേന്ദ്ര പരീക്ഷയ്ക്കുള്ള പഠന സഹായിയും വേദബോധനവും

വെളിപാട് പുസ്തകം 4-ാം അദ്ധ്യായത്തിൽ സ്വർഗ്ഗത്തിലെ ആരാധനയുടെ ഒരു വിവരണമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സ്വർഗ്ഗത്തിൽ തുറന്നിരുന്ന ഒരു വാതിലിൽ കൂടി കേട്ടതായ ശബ്ദം മുഖേന ഒരു സിംഹാസനം കണ്ടു. വെളിപാടു പുസ്തകത്തിൽ 40-ാം പ്രാവശ്യം സിംഹാസനത്തെക്കുറിച്ച് പറയുമ്പോൾ 20:11-ൽ വെള്ളസിംഹാസനത്തെകുറിച്ചുള്ള ഒരു പ്രസ്താവനയും കാണാം. സിംഹാസനത്തിനു ചുറ്റും ഒരു പച്ചിപ്പ് (മഴവില്ല്) കാണാം. ജലപ്രളയം പോലെയുള്ള ഒരു ശിക്ഷ ഇനി ഉണ്ടാവില്ല എന്ന് (ഉല്പ. 9:12-17) ദൈവം നോഹയ്ക്കു നൽകിയ ഉടമ്പടിയാണ് ഈ മഴവില്ല്. യിസ്രായേലിലെ പുരാതന മഹാപുരോഹിതന്മാർ മാറത്തു ധരിച്ചിരുന്ന തിളക്കമാർന്ന രത്നക്കല്ലുകൾക്കും (പുറ. 28:15-20) സോർ രാജാവ് ധരിച്ചിരുന്ന ആഭരണങ്ങൾക്കും (യെഹ. 28:12-14) സദൃശ്യമായ ആഭരണങ്ങൾ ധരിച്ച ഒരുവനാണ് സിംഹാസനത്തിൽ ഇരിക്കുന്നത്. ഈ സിംഹാസനത്തിനു ചുറ്റുമായി ഉൽപ്പത്തി പുസ്തകത്തിൽ പറയുന്ന 12 ഗോത്രപിതാക്കന്മാരേയും, യേശുവിന്റെ 12 ശിഷ്യന്മാരേയും കൂട്ടി 24 മൂപ്പന്മാർ വെള്ളയുടുപ്പു ധരിച്ച് ഇരിക്കുന്നു. സിംഹാസനത്തിനു മുമ്പിൽ പളുങ്കിനൊത്ത കണ്ണാടിക്കടൽ (യെശ. 1:22-26) യിസ്രായേൽ മക്കൾ ചെങ്കടലിൽ കൂടി കടന്ന പ്രകാരം കർത്താവിന്റെ മരണത്തിൽ കൂടിയും പുനരുത്ഥാനത്തിൽ കൂടിയും കടക്കുന്നവന്-വെള്ളത്തിൽ കൂടി മാമോദീസാ ഏൽക്കുന്നവന്-പുതിയ ജീവൻ ലഭിക്കുമെന്നുള്ളതിന്റെ ഓർമ്മപ്പെടുത്തലാണ് ഈ കണ്ണാടിക്കടൽ.

സിംഹാസനത്തിനു ചുറ്റിലും നാലു ജീവികളെ കാണുന്നു. ഈ ജിവികൾക്കു മുമ്പുറവും പിമ്പുറവും കണ്ണുകൾ നിറഞ്ഞിരിക്കുന്നുവെന്നു പറഞ്ഞാൽ, ഈ ജീവികൾ അതീവ ജാഗ്രതയോടുകൂടിയാണ് ഈ സിംഹാസനത്തിനു ചുറ്റും കാവൽ നിൽക്കുന്നുവെന്ന് അർത്ഥം. സിംഹം (അധികാരം), കാള (ശക്തി), മനുഷ്യൻ (ജ്ഞാനം), കഴുകൻ (വേഗത) ഇവയാണ് ആ ജീവികൾ. ഈ ജീവികൾ രാപകലുകൾ വിശ്രമമില്ലാതെ ദൈവത്തെ സ്തുതിച്ചുകൊണ്ടിരിക്കുമ്പോൾ സിംഹാസനങ്ങളിൽ ഇരിക്കുന്ന മൂപ്പന്മാർ പ്രധാന സിംഹാസനത്തിനു മുമ്പിൽ വീണ്, തലയിൽ ഇരിക്കുന്ന കിരീടങ്ങൾ സിംഹാസനത്തിനു മുമ്പിലേക്ക് ഇടുന്നു. തുടർന്നുകൊണ്ടേയിരിക്കുന്ന സ്തുതിപ്പുകളും (സങ്കീ. 103:20-22; 1 തെസ്സ. 5:17) ദൈവമുമ്പാകെ അധികാരം താഴ്ത്തി, വീണു നമസ്ക്കരിക്കുന്ന ആരാധനയുമാണ് സ്വർഗ്ഗത്തിൽ നടക്കുന്നത്.

5-ാം അദ്ധ്യായത്തിൽ കുഞ്ഞാടിനെ സംബന്ധിച്ചും മുദ്രയിട്ട ചുരുൾ അഥവാ പുസ്തകത്തെ കുറിച്ചുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ന്യായവിധിയെ കുറിച്ചും, മനുഷ്യന്റെ രക്ഷയെകുറിച്ചുമുള്ള ദൈവത്തിന്റെ രഹസ്യാത്മകമായ നിയമങ്ങളാണ് ചുരുളിലുള്ള (സങ്കീ. 139:16; യെസ. 2:10). ആരും വായിക്കാതിരിക്കുവാൻ ഈ ചുരുളുകളുടെ പുറത്ത് മെഴുകുകൊണ്ട് രണ്ടോ മൂന്നോ മുദ്രകൾ വെച്ചിരിക്കും. മുദ്രയിട്ട ഈ ഏഴു ചുരുളുകളെ കൂടാതെ, വെളിപാടു പുസ്തകത്തിൽ 2, 3 അദ്ധ്യായങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന 7 സഭകൾക്കുള്ള തുറന്ന ചുരുളുകൾ, 13:8 പറയുന്ന ജീവന്റെ തുറന്ന പുസ്തകം, 20:12-ൽ പറയുന്ന ന്യായവിധിയുടെ തുറന്ന പുസ്തകവും ഉണ്ട്. മുദ്രയിട്ട ചുരുൾ തുറക്കുവാൻ യഹൂദാ ഗോത്രത്തിലെ ബാലസിംഹമായ-ദാവീദിന്റെ വേര് എന്ന് പരാമർശിക്കുന്ന-ദൈവത്തിന്റെ കുഞ്ഞാടിനു (ക്രിസ്തു) മാത്രമേ സാധിക്കുകയുള്ളൂ. സിംഹാസനത്തിനും, നാലു ജീവികൾക്കും മൂപ്പന്മാർക്കും ഇടയിൽ നില്ക്കുന്ന കുഞ്ഞാട് ഏഴുകണ്ണും ഏഴു കൊമ്പുമായി നിൽക്കുന്നു വെന്നു പറഞ്ഞാൽ ക്രിസ്തുവിന്റെ ശക്തിയുടെയും, ജ്ഞാനത്തിന്റെയും പൂർണ്ണതയെ കുറിക്കുന്നു. ധൂപവർഗ്ഗത്തിന്റെ പരാമർശം ഈ അദ്ധ്യായത്തിൽ കാണുന്നു. പുരാതന കാലത്ത് ലൗകീക ജീവിതത്തിലും ആരാധനാ ജീവിതത്തിലും ധൂപവർഗ്ഗങ്ങൾ ഉപയോഗിച്ചിരുന്നുവെന്നും കാണാം. ബലിപീഠങ്ങൾ, ആളുകൾ, സാധനങ്ങൾ എന്നിവയെ ധൂപിപ്പിക്കുന്നത് ഒരു പ്രത്യേക ബഹുമതിയായും സമർപ്പണമായും കണ്ടിരുന്നു. അറുക്കപ്പെട്ട കുഞ്ഞാട് ശക്തിയും ധനവും, ജ്ഞാനവും, ബലവും, ബഹുമാനവും, മഹത്വവും,

സ്തോത്രവും ലഭിക്കുവാൻ യോഗ്യൻ എന്ന് പതിനായിരം പതിനായിരവും ആയിരം ആയിരവും ദൂതന്മാരുടെ ആരാധനാ ശബ്ദത്തിൽ കൂടി കേൾക്കാമായിരുന്നു. കുഞ്ഞാടിനെയും രക്തത്താൽ വിലക്കു വാങ്ങിയ ദൈവത്തെയും പ്രകീർത്തിച്ചുകൊണ്ട് 24 മൂപ്പന്മാർ ഒരു പുതിയ പാട്ടുപാടിക്കൊണ്ടിരുന്നു (യെശ. 42:10). പുതിയ ദൈവജനത്തിനു രാജകീയ പുരോഹിത വർഗ്ഗമെന്ന നിലയിൽ ദൈവസന്നിധിയിൽ വരുവാൻ അധികാരമുണ്ട് (പുറ. 19:6; വെളി. 1:6). ത്യാഗത്തിൽ കൂടിയുള്ള വിജയം (victory through sacrifice) എന്നാണ് വെളിപാടു പുസ്തകത്തിന്റെ മുഖ്യ സന്ദേശം.

6-ാം അദ്ധ്യായത്തിൽ 6 മുദ്രകളെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നു. ഒന്നാം മുദ്ര പൊട്ടിച്ചപ്പോൾ കണ്ടതായ വെള്ളക്കുതിരയും അതിന്മേൽ ഇരിക്കുന്നവനും അയാളുടെ വില്ലും സൈനിക വിജയത്തിന്റെ അടയാളമാണ്. കിരീടം അധികാരത്തിന്റെയും വിജയത്തിന്റെയും ചിഹ്നമാണ്. 6:1-8 വരെയുള്ള വാക്യങ്ങളിൽ 4 മുദ്രകൾ പൊട്ടിക്കുമ്പോൾ പ്രത്യക്ഷപ്പെടുന്ന കുതിരകൾ സഖര്യാ പ്രവാചകന്റെ 8-ാമത്തെ ദർശനത്തിനു തുല്യമാണ്. രണ്ടാം മുദ്ര പൊട്ടിച്ചപ്പോൾ കണ്ട ചുവന്ന കുതിര യുദ്ധത്തെയും രക്തച്ചൊരിച്ചിലിനേയും സൂചിപ്പിക്കുന്നു. മൂന്നാം മുദ്ര പൊട്ടിച്ചപ്പോൾ കണ്ട കറുത്ത കുതിരയും അതിന്മേൽ ഇരിക്കുന്നവന്റെ കയ്യിൽ ഒരു തുലാസും പിടിച്ചിരിക്കുന്നത് ക്ഷാമത്തെയും പട്ടിണി മരണത്തെയും സൂചിപ്പിക്കുന്നു. നാലാം മുദ്ര പൊട്ടിച്ചപ്പോൾ കണ്ട മഞ്ഞക്കുതിര, മരണത്തെയും യുദ്ധത്തിന്റെ അനന്തര ഫലമായി ഉണ്ടാകുന്ന പട്ടിണിയെയും, മഹാവ്യാധിയെയും സൂചിപ്പിക്കുന്നു. അഞ്ചാം മുദ്ര പൊട്ടിച്ചപ്പോൾ ദൈവ വചനം നിമിത്തം അറുക്കപ്പെട്ടവരുടെ ആത്മാക്കളെ യാഗപീഠത്തിൽ കണ്ടു. മരണാനന്തരം രക്തസാക്ഷികൾ വെള്ള അങ്കി ധരിച്ച് സമാധാനത്തിൽ ജീവിക്കുന്നു. ആറാം മുദ്ര പൊട്ടിച്ചപ്പോൾ വലിയ ഭൂകമ്പം ഉണ്ടായി. കുഞ്ഞാടിന്റെ കോപദിവസത്തിൽ ദുഷ്ടന്മാർക്കുണ്ടാകുന്ന ഭീതിയെയാണ് ഇവിടെ സൂചിപ്പിക്കുന്നത്.

7-ാം അദ്ധ്യായത്തിൽ മുദ്രയിട്ട നൂറ്റിനാൽപ്പത്തിനാലായിരം യിസ്രായേൽ മക്കളെ കുറിച്ചു പറയുന്നു. ഭൂമിയുടെ മേൽ നാശം വരുത്തുവാൻ കഴിവുള്ള നാല് ദൂതന്മാർ ദൈവ ജനത്തെ സൂക്ഷിക്കുന്നതും പ്രസ്താവിക്കുന്നു. വിഗ്രഹാരാധികളായി തീർന്ന ദാൻഗോത്രത്തിനു പകരമായി മനശ്ശ ഗോത്രം വന്നു. സിംഹാസനത്തിൽ ഇരിക്കുന്നവനായ നമ്മുടെ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും ദാനമാണ് രക്ഷയെന്ന് വെള്ള നിലയങ്കി ധരിച്ച് കയ്യിൽ കുരുത്തോലയുമായി നിൽക്കുന്നവൻ ഉച്ചത്തിൽ പാടി കൊണ്ടിരുന്നു. കഷ്ടത്തിൽ നിന്ന് വന്ന് കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ അങ്കി വെളുപ്പിച്ച് സിംഹാസനത്തിൽ ഇരിക്കുന്നവർ അവർക്ക് കൂടാരമായിരിക്കുന്നു. ഇനി ഇവർക്ക് വിശപ്പില്ല; ദാഹമില്ല; വെയിലും യാതൊരു ചൂടും ഇവരുടെ മേൽ തട്ടുകയില്ല; ജീവജലത്തിന്റെ ഉറവിങ്കലേക്ക് ഇവരെ നയിക്കും. കണ്ണിൽ നിന്ന് കണ്ണുനീരെല്ലാം തുടച്ചു കളയും.

ചോദ്യങ്ങൾ

1. സ്വർഗ്ഗത്തിലെ ആരാധനയുടെ പ്രത്യേകതകൾ എന്തെല്ലാം?
2. 4-ാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന 4 ജീവികളും അവയുടെ സൂചനകളും ഏവ?
3. വെളിപാടു പുസ്തകത്തിന്റെ മുഖ്യ സന്ദേശം എന്ത്?
4. അറുക്കപ്പെട്ട കുഞ്ഞാട് ഏതിനെല്ലാം യോഗ്യനാണ്?
5. ആറു മുദ്രകളും സൂചനകളും വ്യക്തമാക്കുക?
6. വെള്ളനിലയങ്കി ധരിച്ച് കുരുത്തോലയുമായി നിൽക്കുന്നവരുടെ ഭാഗ്യാവസ്ഥ എന്ത്?

(അവസാനിച്ചു)

അവാർഡ്

അരുണാചർപ്രദേശ് സർക്കാർ വിദ്യാഭ്യാസ വകുപ്പിൽ നിന്ന് സർട്ടിഫിക്കേറ്റ് ഓഫ് എക്സലൻസ് അവാർഡ് ലഭിച്ച എൽസി ടി.ടി., മാവേലിക്കര പനച്ചമൂട്ടിൽ പാരേത്ത് ഒ. സണ്ണിയുടെ സഹധർമ്മിണിയും പത്തിച്ചിറ സെന്റ് ജോൺസ് ഓർത്തഡോക്സ് വലിയ പള്ളി ഇടവകാംഗവുമാണ്. അരുണാചൽപ്രദേശ് രാഗായിൽ ഗവ. ഹയർസെക്കണ്ടറി സ്ക്കൂൾ അദ്ധ്യാപികയാണ്. ഏക മകൻ ഡോ. സോണി പി. സണ്ണി. മരുമകൾ: റെബേക്ക

DOCTORATE



ഉമ്മന്നൂർ ശ്രീനവത്തിൽ സാംസൺ കെ. ബേബി. ഫിസിക്സിൽ കേരളാ യൂണിവേഴ്സിറ്റിയിൽ നിന്ന് പി.എച്ച്.ഡി. നേടി. ഒ. ബേബിയുടെയും കുഞ്ഞുമോളുടെയും മകനും കൊട്ടാരക്കര പുനലൂർ ഭദ്രാസനത്തിലെ ഉമ്മന്നൂർ മാർ ശെമവൂൻ ദെസ്തുനി ഓർത്തഡോക്സ് ഇടവകാംഗവുമാണ്.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ നിന്നും ഫിസിക്സിൽ പി.എച്ച്.ഡി. നേടിയ ഡോ. ലിജ കെ. ജോയി. കടമ്മനിട്ട സെ. ജോൺസ് ഓർത്തഡോക്സ് ഇടവകയിൽ വേക്കൽ ഗീവറുഗീസ് ജോണിന്റെ ഭാര്യയും, പുത്തൂർ മൈലംകുളം തട്ടാരുതുണ്ടിൽ സ്റ്റാർലൈറ്റിൽ കെ. ജോയി കുട്ടിയുടെയും ലീലാമ്മ ജോയിയുടെയും മകൾ.

മലങ്കരസഭ മാസിക

മലങ്കര ഓർത്തഡോക്സ് സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണം

വായിക്കൂ...
വരിക്കാരാകൂ...

0481-2573234

എല്ലാ മാസവും 10-ന് പ്രസിദ്ധീകരിക്കുന്നു.

17th Death Anniversary
27-10-2016

17.8.1912



27.10.1999

ALEYAMMA MATHEW

VADAKKE VEEDU
ERUVA, KAYAMKULAM

"നിന്റെ മഹത്വമുദിക്കും നാൾ
നില്ക്കണമിവൾ വലഭാഗത്തിൽ"

3rd Death Anniversary
23-10-2016

Shri. G. VARGHESE
(KUNJACHAN) (68)
Departed on (23/10/2013)

VADAKE PUTHEN VEEDU
EDAMULACKAL, ANCHAL, KERALA

PARUMALA BHAVAN, ANAND, GUJARAT
PH: 02692233115, 09574342770, 09447280626
Inserted by Sorrowing Family Members,
Kerala & Gujarat

5-ാം ചരമ വാർഷികം
(30-10-2016)

എം.സി. മാത്യു
(അച്ചൻകുഞ്ഞ്)
മാളിയേക്കമലയിൽ, പുറമറ്റം

എന്ന്,
ദുഃഖാർത്തരായ കുടുംബാംഗങ്ങൾ

Third Death Anniversary
19 October 2016

SUSAMMA THOMAS
Vadakke Kavanal
Enathu

Forever in our Hearts

Until we meet again on
that beautiful shore....

Jan, Jean & Kunjumon

PULIKOTTIL



മാർ ദീവന്നാസ്യോസ് ഒന്നാമൻ നവോത്ഥാന നായകൻ

■ ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ

കോട്ടയം: സാമൂഹിക വിദ്യാഭ്യാസ രംഗത്ത് രണ്ട് നൂറ്റാണ്ടിന് മുമ്പ് കേരള നസ്രാണികളുടെ സ്വത്വം പുനർനിർണ്ണയിച്ച് സാമൂഹ്യ ദർശനം പകർന്ന നവോത്ഥാന നായകനാണ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ഒന്നാമൻ എന്ന് അഹമ്മദാബാദ് ഭദ്രാസനാധിപൻ ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത പ്രസ്താവിച്ചു.

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ഒന്നാമൻ ചരമ ദ്വിശതാബ്ദി സിംപോസിയം കോട്ടയം പഴയ സെമിനാരിയിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

പഴയസെമിനാരി മാനേജർ സഖറിയാ റമ്പാൻ, ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ, ഡോ. എം. കുര്യൻ തോമസ്, വിപാസന ഡയറക്ടർ ഡോ. സിബി തരകൻ, കെ. സി. സി. വൈസ് പ്രസിഡന്റ് ഡോ. ജെയ്സി കരിങ്ങാട്ടിൽ എന്നിർ പ്രസംഗിച്ചു.

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ഒന്നാമന്റെ ജീവിതവും ദർശനവും എന്ന വിഷയത്തിൽ അഖില മലങ്കര അടിസ്ഥാനത്തിൽ നടത്തിയ പ്രസംഗ മത്സരത്തിൽ ബോധിഷ തോമസ് (പന്തളം), ആഷ്ലി മറിയം പുന്നൂസ് (കല്ലുങ്കത്ര), ആഷ്ന അന്ന വർഗ്ഗീസ് (കനകമ്പലം) എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

* * *

പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് ഒന്നാമന്റെ ചരമ ദ്വിശതാബ്ദിയുടെ ആഗോള സമാപന സമ്മേളനം 2016 നവം. 20-ന് കുന്നംകുളത്ത് മലങ്കര ആശുപത്രി മൈതാനത്ത് (മാർ ദിവന്നാസ്യോസ് നഗറിൽ) നടത്തും. എത്യോപ്യൻ പാത്രിയർക്കീസ് പ. ആബൂനാ മത്ഥ്യാസ് ബാവാ മുഖ്യാതിഥി ആയിരിക്കും. പ. പുലിക്കോട്ടിൽ ഒന്നാമൻ മലങ്കര മെത്രാപ്പോലീത്തായുടെ ചരമദ്വിശതാബ്ദിയോടനുബന്ധിച്ച് നടത്തിയ വിവിധ മത്സരങ്ങളിലെ വിജയികൾക്കുള്ള പുരസ്ക്കാര വിതരണവും സമ്മേളനത്തിൽ നടത്തും.

പ. കാതോലിക്കാ ബാവാ, അഭിവന്ദ്യ മെത്രാപ്പോലീത്തന്മാർ, രാഷ്ട്രീയ സാമൂഹിക, സാംസ്ക്കാരിക രംഗത്തെ പ്രമുഖർ തുടങ്ങിയവർ സമ്മേളനത്തിൽ സംബന്ധിക്കുമെന്ന് ചരമദ്വിശതാബ്ദി ആഘോഷങ്ങളുടെ കൺവീനർ ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ, ഫാ. ഗീവർഗ്ഗീസ് തോലത്ത് (കുന്നംകുളം, ഭദ്രാസന ജനറൽ കൺവീനർ), ഫാ. മാത്യൂസ് കെ. ബർസൗമ (മീഡിയ & പബ്ലിസിറ്റി ചെയർമാൻ, കുന്നംകുളം ഭദ്രാസനം), അഡ്വ. ഗിൽബർട്ട് ചീരൻ (മീഡിയ & പബ്ലിസിറ്റി കൺവീനർ) എന്നിവർ അറിയിച്ചു.

MGOCSM

കോട്ടയം: എം.ജി.ഒ.സി.എസ്.എം. *പേട്രൻസ് ഡേ* ആഘോഷത്തോടനുബന്ധിച്ച് നവംബർ 2-നു പരുമലയിൽ വച്ച് സഭാംഗങ്ങളായ സർവ്വകലാശാല പരീക്ഷയിലെ റാങ്ക് ജേതാക്കൾക്ക് അവാർഡ് നൽകും.

അർഹതയുള്ളവർ ഒക്ടോബർ 25-നു മുമ്പായി റാങ്ക് സർട്ടിഫിക്കറ്റുമായി ബന്ധപ്പെടണം. സെക്രട്ടറി, എം.ജി.ഒ.സി.എസ്.എം. സ്റ്റുഡന്റ്സ് സെന്റർ, കോളജ് റോഡ്, പി.ബി. നമ്പർ 610 കോട്ടയം-686001, e-mail: mgocsmoffice@yahoo.com.



അഖില മലങ്കര പ്രസംഗ മത്സരം
(2016 നവം. 6, ഞായറാഴ്ച)

പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായുടെ 20-ാം ഓർമ്മപ്പെരുന്നാളിനോട് അനുബന്ധിച്ച് അഖില മലങ്കര അടിസ്ഥാനത്തിൽ സൺഡേസ്ക്കൂൾ വിദ്യാർത്ഥികൾക്കായി പ്രസംഗ മത്സരം നടത്തുന്നു. **2016 നവംബർ 6** ഞായറാഴ്ച രാവിലെ 10 മണി മുതൽ മത്സരം കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ വച്ച് നടത്തും.

വിഷയം: പ. മാത്യൂസ് പ്രഥമൻ ബാവായുടെ ആത്മീയ ദർശനവും ഭരണ നേതൃത്വവും

നിബന്ധനകൾ: 1. സൺഡേസ്ക്കൂളിൽ 12-ാം ക്ലാസ്സ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾ (VII-XII); 2. 2016 നവം. 3-ന് മുൻപായി പേര് രജിസ്റ്റർ ചെയ്യണം; 3. പ്രസംഗ സമയം 5 മിനിറ്റ്. 4. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന വിദ്യാർത്ഥികൾക്ക് 5000, 3000, 2000 രൂപ വീതം സമ്മാനം നൽകും. 5. സമ്മാനങ്ങൾ 13-ന് കോട്ടയം ഏലിയാ കത്തീഡ്രലിൽ നടക്കുന്ന പ. മാത്യൂസ് പ്രഥമൻ ബാവാ അനുസ്മരണ സമ്മേളനത്തിൽ നൽകും.

For Registration : Fr. Mohan Joseph, Ph: 9447420746, 0481-2563384

DOCTORATE

ചെന്നൈ സത്യഭാമ സർവ്വകലാശാലയിൽ നിന്നും സിവിൽ എഞ്ചിനീയറിംഗിൽ ഡോക്ട്രേറ്റ് നേടിയ സിജി തോമസ്. നിരണം ഭദ്രാസനത്തിൽ വളഞ്ഞവട്ടം കിഴക്ക് സെ. മേരീസ് പള്ളി ഇടവകാംഗമായ ചെമ്പുമാലിയിൽ കിഴക്കേതിൽ ജേക്കബ് ചാക്കോയുടെ ഭാര്യയും തേവലക്കര തയ്യിൽ ചിറ്റുണ്ടയിൽ പരേതനായ തോമസ് വൈദ്യന്റെയും ഗ്രേസിക്കുട്ടിയുടെയും മകളുമാണ്. ഇപ്പോൾ കൺസൾട്ടിംഗ് എഞ്ചിനീയർ. മക്കൾ: ജോഹാൻ, ജോയാൻ.

എത്യോപ്യൻ ഓർത്തഡോക്സ് തെവഹീദോ സഭ



എത്യോപ്യൻ ഓർത്തഡോക്സ് തെവഹീദോ സഭ എന്നാണ് ഔദ്യോഗിക നാമധേയം. തെവഹീദോ (Tewahedo) എന്ന ഗീസ് വാക്കിന് ഏകമായത് (united) എന്നാണർത്ഥം. ക്രിസ്തുവിൽ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും ഒന്നായിരിക്കുന്നതിനെയാണ് ഈ വാക്ക് സൂചിപ്പിക്കുന്നത്.

എത്യോപ്യൻ പാത്രിയർക്കീസ് പ. ആബൂനാ മത്ഥ്യാസ് നവം. 19 മുതൽ 25 വരെ കേരളം സന്ദർശിക്കുന്നു

■ ഫാ. ഡോ. ബി. വറുഗീസ്



അപ്പൊസ്തോലിക പാരമ്പര്യത്തിലും, ആത്മീയ പൈതൃകത്തിലും, സജീവമായ സന്യാസ ജീവിതത്തിലും മറ്റൊരു പൗരസ്ത്യ സഭയുടെയും പിന്നിലല്ല എത്യോപ്യൻ ഓർത്തഡോക്സ് സഭ. സാമ്പത്തിക പിന്നോക്കാവസ്ഥ നിമിത്തം, വിദ്യാഭ്യാസത്തിലും, വേദശാസ്ത്ര പരിശീലനത്തിലും മാത്രം, ഓറിയന്റൽ ഓർത്തഡോക്സ് കുടുംബത്തിലെ ഏറ്റവും വലിയ ഈ സഭ അൽപ്പം പിന്നിലാണ്.

സഭയുടെ സ്ഥാപനം:

ഫിലിപ്പോസിൽ നിന്നും സുവിശേഷം ശ്രവിച്ച ഷണ്ഡൻ എത്യോപ്യയിൽ ക്രിസ്തീയ വിശ്വാസമെത്തിച്ചെന്നാണ് പാരമ്പര്യം. നാലാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ തന്നെ എത്യോപ്യൻ രാജ കുടുംബം ക്രിസ്തുമതം സ്വീകരിച്ചു. തെക്കൻ ലെബനോനിലെ സോർ ദേശക്കാരായ രണ്ടു സഹോദരങ്ങൾ കപ്പലപകടത്തിൽ പെട്ട് എത്യോപ്യൻ തീരത്തണഞ്ഞു. അവരെ അടിമകളായി രാജകൊട്ടാരത്തിൽ എത്തിച്ചുവെന്നും, അതിൽ ഫ്രൂമെന്റിയസ് എന്നയാൾ രാജകുമാരന്റെ അധ്യാപകനായി നിയമിതനായത്,രാജകുടുംബത്തിന്റെ മാനസാന്തരത്തിന് ഇടയാക്കിയെന്നും, ആദിമ സഭാചരിത്രകാരന്മാർ രേഖപ്പെടുത്തുന്നു. ഒരു ബിഷപ്പിനെ ലഭിക്കുവാനായി ഫ്രൂമെന്റിയസ് അലക്സാന്ത്രിയയിൽ എത്തി. വി. അത്താനാസ്യോസ് അദ്ദേഹത്തെ എ.ഡി. 340 നോടടുത്ത് ബിഷപ്പായി വാഴിച്ചു. ആബാ സലാമാ (സമാധാനത്തിന്റെ പിതാവ്) എന്നാണ് ഫ്രൂമെന്റിയസ് അറിയപ്പെടുന്നത്.

ഇതരസഭകളുമായുള്ള ബന്ധം

ആറാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ കോൺസ്റ്റാന്റിനോപ്പിളിൽ നിന്നും ഒൻപതുപേരടങ്ങുന്ന ഒരു സുവിശേഷക സംഘം എത്യോപ്യയിൽ എത്തി. 'ഒൻപതു വിശുദ്ധന്മാർ (Nine saints) എന്നറിയപ്പെടുന്ന ഇവർ സന്യാസ പ്രസ്ഥാനത്തിന് അടിത്തറയിട്ടു. തുടർന്ന് ഗ്രീക്കിൽ നിന്നും പഴയനിയമവും, പുതിയ നിയമവും ആരാധനാ ക്രമങ്ങളും ഗീസ് (Geez) ഭാഷയിലേക്ക് വിവർത്തനം ചെയ്തു. പിന്നാലെ സിറിയായിൽ നിന്നും അല

ക്സന്ത്രിയായിൽ നിന്നുമുള്ള സന്യാസിമാരുമെത്തി. എത്യോപ്യൻ സഭയുടെ വളർച്ചയ്ക്ക് നാന്ദികുറിച്ചത് ഇവരാണ്. ആറാം നൂറ്റാണ്ടു മുതൽ വടക്കൻ പ്രവിശ്യയായ തിഗ്രെയിലെ അക്സും (Axum) ആയിരുന്നു സഭയുടെ ആസ്ഥാനം. അതിനാൽ പാത്രിയർക്കീസിന്റെ സ്ഥാനപ്പേരിൽ *ആർച്ച് ബിഷപ്പ് ഓഫ് ആക്സും* എന്ന് കൂട്ടിച്ചേർത്തിട്ടുണ്ട്.

ഏഴാം നൂറ്റാണ്ടു മുതൽ ചുറ്റുമുള്ള നാടുകളിൽ മുസ്ലീമുകൾ അധികാരമുറപ്പിച്ചതിനാൽ, കോപ്റ്റിക്ക് സഭയൊഴികെയുള്ള പൗരസ്ത്യ സഭകളുമായി ബന്ധമില്ലാതെ ഒറ്റപ്പെട്ട് കഴിയേണ്ടി വന്നു എത്യോപ്യൻ സഭയ്ക്ക്. നല്ല പങ്ക് ആരാധനാ ക്രമങ്ങളും ഗ്രീക്കിൽ നിന്നും, കോപ്റ്റിക്കിൽ നിന്നും വിവർത്തനം ചെയ്തവയാണ്. യാക്കോബിന്റെ അനാഫോറയുൾപ്പെടെയുള്ള ചില സുറിയാനി ക്രമങ്ങളും, പ്രാർത്ഥനകളും, അപ്രേമിന്റെ ഗീതങ്ങളും ഗീസ് ഭാഷയിൽ ഭാഷാന്തരം ചെയ്തു. എന്നാൽ വിവർത്തനങ്ങളെ മാത്രം ആശ്രയിക്കാതെ തദ്ദേശീയമായ ആരാധനാക്രമങ്ങളും എഴുതിയുണ്ടാക്കി. പതിനെട്ടോളം അനാഫോറാകൾ എത്യോപ്യൻ സഭയ്ക്കുണ്ട്.

പതിമൂന്നാം നൂറ്റാണ്ടിനു ശേഷമാണ് ഗീസ് ഭാഷയും, ആരാധനാ ക്രമങ്ങളും, ആരാധനാ സംഗീതവും, കലാരൂപങ്ങളും ഇന്നത്തെ രീതിയിൽ വികസിച്ചത്. ആറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന യാരേദ് എന്ന വിശുദ്ധനാണ് ആരാധനാ സംഗീതത്തിന്റെ ഉപജ്ഞാതാവ്.

എത്യോപ്യൻ സഭ ഏറ്റവുമധികം ആരാധിക്കുന്ന തെക്ലെ ഹൈമനോത്ത് (1215-1313) എന്ന വിശുദ്ധനാണ് നാടിന്റെയും സഭയുടെയും നവോത്ഥാന ശിൽപ്പി. 'ശലോമോൻ രാജവംശം' എന്ന പരമ്പര അധികാരത്തിലേറിയത് ഇദ്ദേഹത്തിന്റെ കാലത്താണ്.

പഴയ നിയമപാരമ്പര്യം:

പഴയനിയമത്തിൽ 'കൂശ്' എന്ന് പരാമർശിക്കുന്നത് എത്യോപ്യയെപ്പറ്റിയാണ്. പഴയനിയമ പൈതൃകത്തെ ഏറ്റവും അഭിമാനത്തോടെയാണ് ഇവിടുത്തുകാർ കരുതുന്നത്. മറ്റ് സഭകളുമായി കാര്യമായ ബന്ധമില്ലാതെ കഴിഞ്ഞിരുന്നതിനാൽ, യഹൂദ ആചാരങ്ങൾ വ്യാപകമായി. പരിഛേദന ആചരിക്കുന്ന ഏക ക്രിസ്തീയസഭ എത്യോപ്യയിലേതാണ്. ഞായറാഴ്ചയോടൊപ്പം, ശനിയാഴ്ച (ശാബത്) ആചരിക്കുന്ന ഒരു വിഭാഗം സഭാംഗങ്ങൾ ഇവിടെ ഉണ്ടായിരുന്നു. യഹൂദ പൈതൃകത്തിനു നൽകുന്ന പ്രാധാന്യത്തിനു തെളിവാണ് 'ശലോമോന്റെ രാജവംശം' എന്നറിയപ്പെടുന്ന പരമ്പര അധികാരത്തിലേറിയത്. ശലോമോൻ രാജാവിന് ഷേബാ രാജ്ഞിയിൽ ജനിച്ച മെനലിക്ക് ഒന്നാമൻ എത്യോപ്യ ഭരിച്ചെന്നാണ് പാരമ്പര്യം. പതിമൂന്നാം നൂറ്റാണ്ടിൽ ഈ രാജവംശം പുനർജീവിച്ചെന്നും, അതിലെ അവസാനത്തെ കണ്ണി ഹെയിലി സെലാസി ചക്രവർത്തിയാണെന്നും ഇവർ വിശ്വസിക്കുന്നു.

എത്യോപ്യൻ ഓർത്തഡോക്സ് സഭ

സഭാതലവൻ: ആബൂനാ മത്തിയാസ് പാത്രിയർക്കീസ് കാതോലിക്കോസ്, അംഗസംഖ്യ: മൂന്നുകോടി നാൽ പ്പതു ലക്ഷം (എത്യോപ്യയിൽ മാത്രം). മേൽപട്ടക്കാർ: 60; മെത്രാസനങ്ങൾ 44, ഇടവകകൾ: 32537, വൈദികർ : 75000, ആരാധനാ ഭാഷ: ഗീസ് (Ge'ez), സംസാര ഭാഷകൾ: അംഹാറിക്ക്; ഒറോമോ; തിഗ്രിയാനാ.

ശലോമനോന്റെ മരണശേഷം, പുത്രനായ മെനെലിക്ക് യെരുശലേമിലെത്തി, ന്യായപ്രമാണ പെട്ടകം. അക്സുമിലേക്ക് കൊണ്ടു പോന്നത്രെ. ഇവിടുത്തെ *സെന്റ് മേരി ഓഫ് സീയോൻ* എന്ന ദേവാലയത്തിൽ പെട്ടകം സൂക്ഷിച്ചിരിക്കുന്നു. ഹെയ്ലി സെലാസിയുടെ കാലത്ത് പണിത പുതിയ ദേവാലയമാണിത്. സൂക്ഷിപ്പുകാരനായ സന്യാസ വൈദികനല്ലാതെ, പാത്രിയർക്കീസിനു പോലും പെട്ടകം കാണുവാൻ അനുവാദമില്ല. വാർദ്ധക്യത്തിൽ പിൻഗാമിയെ നിർദ്ദേശിച്ച ശേഷമാണ് ഈ സന്യാസി വിരമിക്കുന്നത്. ദേവാലയത്തിന്റെ വേലിക്കെട്ടിനു പുറത്തു പോകുവാൻ അദ്ദേഹത്തെ ആചാരങ്ങൾ അനുവദിക്കുന്നില്ല.

ആധുനിക ചരിത്രം:

മറ്റു നാടുകളിൽ നിന്നും ഒറ്റപെട്ട് കഴിഞ്ഞ കാലത്തും, ആശ്രമങ്ങൾ സ്ഥാപിച്ച്, സുവിശേഷ പ്രവർത്തനങ്ങൾ വ്യാപകമായി. പതിനാറാം നൂറ്റാണ്ടിൽ മുസ്ലീം സൈന്യം എത്യോപ്യ ആക്രമിച്ച ആശ്രമങ്ങളും, ദേവാലയങ്ങളും നശിപ്പിക്കുകയും, ക്രിസ്ത്യാനികളെ ബലമായി മതപരിവർത്തനം ചെയ്യിപ്പിക്കുകയും ചെയ്തു. മുസ്ലീം ആക്രമണത്തെ ചെറുക്കുവാൻ അന്നത്തെ രാജാവ് പോർട്ടുഗീസ് സഹായം തേടി. തുടർന്ന് പോർട്ടുഗീസ് സൈന്യത്തോടൊപ്പം, ജസ്വീത്ത് വൈദികരും എത്യോപ്യയിലെത്തി. പതിനേഴാം നൂറ്റാണ്ടിൽ സുസ്നെയോസ് രാജാവ് കത്തോലിക്കാ വിശ്വാസം സ്വീകരിച്ചു. എന്നാൽ ജനങ്ങളുടെ എതിർപ്പിനെ തുടർന്ന് അദ്ദേഹത്തിന് സ്ഥാനത്യാഗം ചെയ്യേണ്ടിവന്നു. പകരം രാജാവായ മകൻ, ജസ്വീത്ത് വൈദികരെ നാടുകടത്തി. തുടർന്നുള്ള ഒന്നര നൂറ്റാണ്ട് പാശ്ചാത്യ മിഷനറിമാർക്ക് എത്യോപ്യയിൽ പ്രവേശിക്കാനായില്ല.

പത്തൊൻപതാം നൂറ്റാണ്ടിൽ മെനെലിക്ക് രണ്ടാമൻ (1889-1913) തെക്കൻ പ്രദേശങ്ങൾ കീഴടക്കിയപ്പോൾ, അന്നാട്ടുകാരും ഓർത്തഡോക്സ് സഭാംഗങ്ങളായി. മെനെലിക്കിന്റെ പുത്രി സ്വാദിത്തു 1917-ൽ ചക്രവർത്തിനിയായി അവരോധിക്കപ്പെട്ടപ്പോൾ, ബന്ധുവായ തഫാരിയെ പിൻഗാമിയായി നാമനിർദ്ദേശം ചെയ്തു, 1928-ൽ ഹെയ്ലി സെലാസി എന്ന പേരിൽ ഇദ്ദേഹം ചക്രവർത്തിയായി. (*ത്രിത്വത്തിന്റെ ശക്തി* എന്നാണ് ഈ വാക്കിന്റെ അർത്ഥം). എത്യോപ്യയിലെ ഒരു ആധുനിക രാജ്യമാക്കുവാൻ അധ്വാനിച്ചയാളാണ് ഹെയ്‌ലി സെലാസി.

1935-36-ൽ ഇറ്റലി, എത്യോപ്യ കീഴടക്കിയപ്പോൾ ചക്രവർത്തിക്ക് നാടുവിടേണ്ടി വന്നു. ഇറ്റാലിയൻ അധിനിവേശത്തെ എതിർത്ത രണ്ടു ബിഷപ്പന്മാരെ, അധിനിവേശ സൈന്യം വധിച്ചു. കൂടാതെ 1937 മെയ് 21-ന്, എത്യോപ്യയിലെ ഏറ്റവും വലിയ ആശ്രമമായ ദെബ്‌റെ ലിബാനോസിലെ 300-ൽ പരം സന്യാസിമാരെയും ഇറ്റലിക്കാർ കൊല ചെയ്തു.

1941-ൽ ബ്രിട്ടീഷ് സൈന്യം ഇറ്റലിക്കാരെ തുരുത്തിയതിനെ തുടർന്ന് ഹെയ്ലി സെലാസി തിരിച്ചെത്തി. 1974 സെപ്റ്റംബറിൽ ചക്രവർത്തിയെ

സ്ഥാന ഭ്രഷ്ടനാക്കി പട്ടാളം അധികാരം പിടിച്ചെടുത്തു. 1976-ൽ അദ്ദേഹം തടവിൽ വച്ച് ദുരൂഹ സാഹചര്യത്തിൽ മരണമടഞ്ഞപ്പോൾ പട്ടാള ഭരണകൂടം രഹസ്യമായി ഭൗതീക ദേഹം അടക്കം ചെയ്തു. 1992-ൽ ദേഹാവശിഷ്ടങ്ങൾ കണ്ടെടുത്ത് ആഡിസ് അബാബായിലെ ഹോളി ട്രിനിറ്റി കത്തീഡ്രലിൽ ശുശ്രൂഷകൾ നടത്തി അടക്കം ചെയ്തു.

കോപ്റ്റിക് സഭയിൽ നിന്നും സ്വതന്ത്രമാക്കുന്നു.

കോപ്റ്റിക് സഭയിൽ നിന്നും അയക്കുന്ന ഒരൊറ്റ മെത്രാൻ ഭരണം നടത്തുന്ന രീതിയാണ് പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാന ദശകങ്ങൾ വരെ ഉണ്ടായിരുന്നത്. വിശാലമായ എത്യോപ്യയിലെ പള്ളികളും, ആശ്രമങ്ങളും മിക്കവാറും സ്വതന്ത്രമായി തന്നെ തുടർന്നു വന്നു. അതിനാൽ ഭിന്നതകളും പ്രശ്നങ്ങളും ഇടയ്ക്കിടെ ഉണ്ടായിക്കൊണ്ടിരുന്നു.

1876-ൽ എത്യോപ്യയിലെ കോപ്റ്റിക് ബിഷപ്പ് കാലം ചെയ്തപ്പോൾ, യോഹന്നാസ് നാലാമൻ ചക്രവർത്തി ഒരു മെത്രാനു പകരം നാലുപേരെ അയയ്ക്കണമെന്ന് കോപ്റ്റിക് പാത്രിയർക്കീസിനോട് ആവശ്യപ്പെട്ടു. തുടർന്ന് 1881 നാല് കോപ്റ്റിക്ക് ബിഷപ്പുമാർ എത്യോപ്യയിലെത്തി. 1929-ൽ കോപ്റ്റിക്ക് പാത്രിയർക്കീസ് ആദ്യമായി അഞ്ച് എത്യോപ്യൻ മെത്രാന്മാരെ വാഴിച്ചു. എന്നാൽ അവരുടെ തലവനായി കൂറിലോസ് മൂന്നാമൻ എന്ന കോപ്റ്റിക്ക് മെത്രാൻ തുടർന്നു (1950-ൽ മരിച്ചു). ദീർഘനാളത്തെ ചർച്ചകൾക്ക് ശേഷം 1951-ൽ ആദ്യത്തെ എത്യോപ്യൻ ആർച്ചുബിഷപ്പിനെ കോപ്റ്റിക് പാത്രിയർക്കീസ് വാഴിച്ചു. തുടർന്ന് 1959-ൽ ഇദ്ദേഹത്തെ ബസേലിയോസ് ഒന്നാമൻ എന്ന പേരിൽ, കോപ്റ്റിക്ക് പാത്രിയർക്കീസ് കൂറിലോസ് ആറാമൻ വാഴിച്ചു. എത്യോപ്യൻ സഭയുടെ ആറാമത്തെ പാത്രിയർക്കീസാണ് ആബൂനാ മത്തിയാസ്.

എറിത്രിയൻ സഭ

1941-ൽ ഇറ്റാലിയൻ സൈന്യത്തെ തുരത്തിയശേഷം, വടക്കൻ പ്രവിശ്യയായ എറിത്രിയ ബ്രിട്ടീഷ് ഭരണത്തിലായി. 1952-ൽ ഐക്യരാഷ്ട്രസഭയുടെ തീരുമാനപ്രകാരം എറിത്രിയ, എത്യോപ്യയോട് ചേർന്നു. എന്നാൽ 1958-ൽ സ്ഥാപിതമായ എറിത്രിയൻ ലിബറേഷൻ മൂവ്മെന്റ് സ്വാതന്ത്ര്യത്തിനായുള്ള പോരാട്ടം തുടർന്നു. ഈ പോരാട്ടത്തിന്റെ ഫലമായി, 1993-ൽ എറിത്രിയ സ്വതന്ത്ര രാജ്യമായിത്തീർന്നു. ഇതിനിടെ 1991-ൽ കോപ്റ്റിക് പാത്രിയർക്കീസ് ഷെനൂദാ, തെയ്റോയിൽ വച്ച് രണ്ട് എരിത്രിയക്കാരെ മെത്രാന്മാരായി വാഴിച്ചു. 1994-ൽ കൂടുതൽ പേരെ വാഴിക്കുകയും അവർക്ക് ഭദ്രാസനങ്ങൾ നിശ്ചയിക്കുകയും ചെയ്തു. 1998-ൽ എറിത്രിയയുടെ തലസ്ഥാനമായ അസ്മാറായിൽ വച്ച് പോപ്പ് ഷെനൂദാ, ആബൂനാ ഫിലിപ്പോസിനെ എറിത്രിയയുടെ പാത്രിയർക്കീസായി വാഴിച്ചു.

ആബൂനാ ഫീലിപ്പോസ് 2004 ആദ്യം കാലം ചെയ്തു. പിൻഗാമിയായി വാഴിക്കപ്പെട്ട ആബൂനാ യാക്കോബ് ഏതാനും ആഴ്ചകൾക്കു ശേഷം കാലം ചെയ്തു. തുടർന്ന് മൂന്നാമത്തെ പാത്രിയർക്കീസായി ആബൂനാ അന്തോനിയോസിനെ 2004 ഏപ്രിൽ വാഴിച്ചു. കോപ്റ്റിക് പാത്രിയർക്കീസ് മുഖ്യകാർമ്മികനായ ചടങ്ങിൽ കോപ്റ്റിക് ഡെലിഗേഷനും, എറിത്രിയൻ മെത്രാന്മാരും പങ്കെടുത്തു. ആബൂനാ അന്തോണിയോസ് പട്ടാള ഭരണകൂടത്തിന് അനഭിമിതനായതിനെ തുടർന്ന്, സുന്നഹദോസ് അദ്ദേഹത്തെ സ്ഥാന ഭ്രഷ്ടനാക്കി (2006-ൽ). തുടർന്ന് അദ്ദേഹം വീട്ടുതടങ്കിലായി.

നാലാമത്തെ പാത്രിയർക്കീസായി ആബൂനാ ദീയസ്ക്കോറോസ് വാഴിക്കപ്പെട്ടു. എന്നാൽ 2015 ഡിസംബർ 21-ന് അദ്ദേഹം കാലം ചെയ്തു. അദ്ദേഹത്തിന്റെ പിൻഗാമിയെ ഇതുവരെ തെരഞ്ഞെടുത്തിട്ടില്ല.

ആബൂനാ അന്തോണിയോസിനെ സ്ഥാന ഭ്രഷ്ടനാക്കിയത് കാനോനികമല്ലെന്നും, അദ്ദേഹമാണ് കാനോനിക പാത്രിയർക്കീസെന്നും പല എറിത്രിയക്കാരും വിശ്വസിക്കുന്നു.

ഏകാധിപത്യഭരണമായതിനാൽ, ഇതര ക്രിസ്തീയ സഭകളുമായി ബന്ധമില്ലാതെ ഒറ്റപ്പെട്ട നിലയിലാണ് ഇന്ന് *എറിത്രിയൻ തെവഹീദോ* സഭ കഴിയുന്നത്. മുപ്പതു ലക്ഷത്തിൽപ്പരം വിശ്വാസികളുള്ള ഈ സഭയുടെ ആരാധനാ ഭാഷ ഗീസ് തന്നെയാണ്. ഭൂരിപക്ഷം ജനങ്ങളും സംസാരിക്കുന്ന ഭാഷ 'തിഗ്രീന്യ' ആണ്. എത്യോപ്യൻ ആരാധനാ ക്രമങ്ങളും ആരാധനാ ഭാഷയും യാതൊരു മാറ്റവും വരുത്താതെ എറിത്രിയൻ സഭ ഉപയോഗിക്കുന്നു.

എത്യോപ്യൻ സഭയുടെ തദ്ദേശീയത

കല, വാസ്തുവിദ്യ, ആരാധനാ

H.H. ABUNE MATHIAS

പ. മത്ഥിയാസ് പാത്രിയർക്കീസ്



എത്യോപ്യൻ സഭാതലവനായ പരിശുദ്ധ മത്ഥിയാസ് പാത്രിയർക്കീസ് ജനിച്ചത് എത്യോപ്യയിലെ വടക്കൻ പ്രവിശ്യയായ തിഗ്രെയിൽ ആണ് (1941-ൽ). തെക്ലെമറിയാം അസറാത്ത് എന്നായിരുന്നു യഥാർത്ഥ പേര്. തിഗ്രെയിലെ ഒരു സന്യാസാശ്രമാംഗമായിരുന്ന ഇദ്ദേഹം 1954-ൽ ശെമ്മാശ്ശനായി,

1963-ൽ വൈദികനും. ആഡിസ് അബാബായിലെ പഠനത്തെ തുടർന്ന് ഹോളി ട്രിനിറ്റി കത്തീഡ്രലിൽ ഇടവക ശുശ്രൂഷ നടത്തി (1971-76). ഇക്കാലത്താണ് ഹെയ്‌ലി സെലാസി ചക്രവർത്തി സ്ഥാനഭ്രഷ്ടനായത്. പാത്രിയർക്കീസ് തെയോഫിലോസ് ജയിലിലായതും, വധിക്കപ്പെട്ടതും ഇക്കാലത്ത് തന്നെയായിരുന്നു. പിന്നീട് സഭാതലവനായ തെക്ലൈ ഹൈമനോത്ത് പാത്രിയർക്കീസിന്റെ പേട്രിയർക്കൽ വികാരിയായി ഇദ്ദേഹം നിയമിതനായി.

1978-ൽ ആബൂനാ മത്ഥിയാസ് എന്ന പേരിൽ യെറുശലേമിലെ എത്യോപ്യൻ സമൂഹത്തിന്റെ ബിഷപ്പായി വാഴിക്കപ്പെട്ടു. കമ്യൂണിസ്റ്റ് അനുഭാവികളായ പട്ടാള ഭരണകൂടം സഭയുടെ സ്ഥലങ്ങളും, കെട്ടിടങ്ങളും ദേശസാൽക്കരിക്കുകയും, ആഡിസ് അബാബായിലെ സെമിനാരി അടച്ചു പൂട്ടുകയും ചെയ്തു. പട്ടാള ഭരണ കൂടത്തിന്റെ നടപടികളെ വിമർശിച്ചതിനാൽ മുപ്പതു വർഷത്തോളം ആബൂനാ മത്തിയാസ് വിദേശത്ത് താമസിക്കേണ്ടി വന്നു. യെറുശലേമിൽ നിന്നും അമേരിക്കയിലെ വാഷിംഗ്ടണിൽ എത്തിയ അദ്ദേഹം 'വോയ്സ് ഓഫ് അമേരിക്ക' റേഡിയോയിൽ പ്രസംഗങ്ങൾ നടത്തി.

1992-ൽ ആബൂനാ പൗലോസ് പാത്രിയർക്കീസിന്റെ വാഴ്ചയ്ക്ക് അദ്ദേഹം സ്വന്തനാട്ടിലെത്തി, എന്നാൽ വടക്കെ അമേരിക്കയിലെ എത്യോപ്യൻ ഇടവകളുടെ ചുമതല ലഭിച്ചതിനാൽ, വീണ്ടും നാടുവിട്ടു. 2012 ആഗസ്റ്റ് 16-ന് ആബൂനാ പൗലോസ് പാത്രിയർക്കീസ് കാലം ചെയ്തു. തുടർന്ന സുന്നഹദോസും, തെരഞ്ഞെടുപ്പു കൗൺസിലും ചേർന്ന് 2013 ഫെബ്രുവരി 28-ന് പുതിയ പാത്രിയർക്കീസായി ആബൂനാ മത്ഥിയാസിനെ തെരഞ്ഞെടുത്തു. 2013 മാർച്ച് 3-നു എത്യോപ്യയുടെ ആറാമത്തെ പാത്രിയർക്കീസായി അദ്ദേഹം അവരോധിതനായി. Abune Mathias, Patriach and Catholicos of Ethiopia, Archbishop of Axum and Ichege of the see of Saint Teklahaimanot എന്നാണ് പൂർണ്ണമായ നാമധേയം.

എത്യോപ്യൻ സഭയുടെ ആദ്യ ആസ്ഥാനം വടക്കുള്ള ആക്സുമിൽ



ആയിരുന്നതിനാലാണ് ആർച്ച് ബിഷപ്പ് ഓഫ് അക്സും എന്ന് വിളിക്കുന്നത്. Ichege എന്ന അംഹാറിക് വാക്കിന് 'തലവൻ, മുഖ്യ ആശ്രമാധിപൻ' എന്നാണ് അർത്ഥം. 1959 മുതൽ എത്യോപ്യയിലെ എല്ലാ സന്യാസാശ്രമങ്ങളും പാത്രിയർക്കീസിന്റെ നേരിട്ടുള്ള അധികാരത്തിന് വിധേയപ്പെട്ടിരിക്കുന്നു. എഴുപത്തിഅഞ്ചുകാരനായ ആബൂനാ മത്ഥിയാസ് അംഹാറിക്, തിഗ്രിയാനാ എന്നീ എത്യോപ്യൻ ഭാഷകളും, ഇംഗ്ലീഷ്, ഗ്രീക്ക്, ഹീബ്രു, അറബിക് എന്നിവയും നന്നായി സംസാരിക്കും.

സംഗീതം എന്നിവയിൽ തദ്ദേശിയ രൂപങ്ങളാണ് എത്യോപ്യൻ സഭ ഉപയോഗിക്കുന്നത്. ഇതര ഓറിയന്റൽ ഓർത്തഡോക്സ് ആരാധനാ സംഗീതത്തിൽ നിന്നും വ്യത്യസ്തമാണ് ഇവരുടേത്. ആഫ്രിക്കൻ ശൈലിയിൽ വൃത്താകൃതിയിൽ കൂടാരം പോലുള്ള ദേവാലയങ്ങൾ എത്യോപ്യയുടെ പ്രത്യേകയാണ്. യേശുക്രിസ്തു, ദൈവമാതാവ്, അപ്പോസ്തലന്മാർ തുടങ്ങിയവരുടെ ചിത്രങ്ങൾ ആഫ്രിക്കൻ മുഖത്തോടും, വേഷത്തോടും കൂടിയാണ് വരച്ചിരിക്കുന്നത്. പെരുന്നാളുകളിൽ വൈദികരും, ജനങ്ങളും വൃത്താകൃതിയിൽ നടത്തുന്ന ചലനങ്ങൾ (നൃത്തം), എത്യോപ്യൻ ആരാധനയെ ആഫ്രിക്കൻ ആക്കുന്നു. വലിയ ഡ്രം, കിലുക്കുമണിപോലുള്ള ഉപകരണം (sistrum) എന്നിവയുടെ അകമ്പടിയോടെയാണ് ആരാധനക്കുശേഷമുള്ള ചില ഗീതങ്ങൾ ആലപിക്കുന്നത്. എത്യോപ്യയിൽ മാത്രം കാണുന്ന പിച്ചളകൊണ്ടുള്ളതും, ഐക്കണുകൾ ആലേഖനം ചെയ്തതുമായ വിവിധ വലിപ്പത്തിലുള്ള കുരിശുകൾ മറ്റൊരു പ്രത്യേകതയാണ്. ലാലിബെല്ലായിൽ പാറയിൽ വെട്ടി ഉണ്ടാക്കിയ പന്ത്രണ്ട് ദേവാലയങ്ങൾ വാസ്തു വിദ്യയിലെ വിസ്മയങ്ങളാണ്. വലിയ പാറയിൽ കുരിശാകൃതിയിൽ വെട്ടി ഉണ്ടാക്കിയ സെന്റ് ജോർജ് ദേവാലയമാണ് അതിൽ ഏറ്റവും ശ്രദ്ധേയം. ഇന്ത്യയിൽ അജന്തായിലെ ഗുഹാക്ഷേത്രങ്ങളുടെ മാതൃകയിൽ പൂർണ്ണമായും പാറയിൽ വെട്ടി ഉണ്ടാക്കിയതാണിവ. ആഡിസ് അബാബായുടെ വടക്കുള്ള 'റോഹ' (സുറിയാനി=ഉറഹാ=എഡേസാ) എന്ന പുരാതന നഗരമാണ് ലാലി ബെല്ലായെന്ന് അറിയപ്പെടുന്നത്. റോഹ ആസ്ഥാനമാക്കി ഭരിച്ച രാജാവായിരുന്നു ലാലിബെല്ലാ. പതിമൂന്നാം നൂറ്റാണ്ടിൽ അദ്ദേഹത്തിനുണ്ടായ ദർശനമനുസരിച്ച് റോഹയിൽ പുതിയ യെറുശലേം പണിയുവാൻ തുടങ്ങിയതിന്റെ ഭാഗമാണ് ഈ ദേവാലയങ്ങൾ.

സന്യാസ പ്രസ്ഥാനം

നാലാം നൂറ്റാണ്ടു മുതൽ സന്യാസ പ്രസ്ഥാനം എത്യോപ്യയിൽ സജീവമാണ്. പുരാതനമായ പതിനെട്ട് ആശ്രമങ്ങൾ ഇന്ന് എറിത്രയയിൽ ആണ്. എങ്കിലും എണ്ണൂറോളം ആശ്രമങ്ങൾ ഇന്ന് എത്യോപ്യയിലുണ്ട്. ആശ്രമങ്ങൾക്ക് ഗെദാം (Gedam) എന്നാണ് പേര്. ദെബ്റെ (Debre) എന്നറിയപ്പെടുന്ന ആശ്രമങ്ങൾ പ്രധാനപ്പെട്ട ഇടവക പള്ളികളാണ്.

ഭൂരിപക്ഷം ആശ്രമങ്ങളും വടക്കൻ പ്രവിശ്യകളിലാണ്. ആദിമ സഭയിലെ താപസന്മാരുടെ രീതിയിൽ മലകളിലെ ഗുഹകളിലും, പാറയിൽ വെട്ടി ഉണ്ടാക്കിയ അറകളിലും താമസിക്കുന്നവർ ഇന്നുമുണ്ട്. കൂടാതെ വിദൂരമായ മലകളിൽ പുറം ലോകവുമായി ബന്ധപ്പെടാതെ ജീവിക്കുന്നവരും ഉണ്ട്.

വടക്കൻ എത്യോപ്യയിലെ ദെബ്റെ ദാമോ (Debre Damo) എന്ന ആശ്രമത്തിൽ സന്യാസിമാരും സന്ദർശകരും പ്രവേശിക്കുന്നത് കയറിൽ തൂങ്ങിയാണ്. അൻപതടിയോളം ഉയരത്തിലുള്ള വാതിലിൽ നിന്നും തൂക്കിയിട്ടിരിക്കുന്ന കയർ അരയിൽ ബന്ധിച്ച്, മുകളിൽ നിന്നും വലിച്ചുകയറ്റുന്നു. പാറയുടെ ചെറിയ പൊത്തുകളിൽ കാൽ ഊന്നി സാവകാശമാണ് കയറുന്നത്. മുകളിൽ എഴുന്നൂറ് മീറ്ററോളം വ്യാസമുള്ള സ്ഥലത്താണ് ആശ്രമം.

പതിമൂന്നാം നൂറ്റാണ്ടിൽ തെക്ലെ ഹൈമനോട്ട് എന്ന വിശുദ്ധൻ സ്ഥാപിച്ച ദെബ്റെ ലിബാനോസ് ആണ് ഏറ്റവും പ്രധാനപ്പെട്ട ആശ്രമം. എഴുനൂറോളം സന്യാസിമാരും, സന്യാസിനിമാരും ഇവിടെയുണ്ട്. മിക്ക സ്ഥലങ്ങളിലും പുരുഷന്മാരുടെ ആത്മ

സത്തിൽ നിന്നും അധിക ദൂരമെത്താതെയാണ് സ്ത്രീകളുടേത്. വിജന പ്രദേശങ്ങളിൽ കൊള്ളക്കാരിൽ നിന്നും, ശത്രുസൈന്യങ്ങളിൽ നിന്നും സംരക്ഷണം ഉറപ്പാക്കുവാനാണ് ഈ ക്രമീകരണം. ധാരാളം യുവാതീയുവാക്കൾ ഇന്ന് എത്യോപ്യയിൽ സന്യാസ ജീവിതം സ്വീകരിക്കുന്നുണ്ട്.

ഉപസംഹാരം

എത്യോപ്യൻ സഭയുടെ ചരിത്രം, ആത്മീയ പൈതൃകം, സന്യാസ പ്രസ്ഥാനം എന്നിവയെപ്പറ്റി നാം തികച്ചും അജ്ഞരാണ്. അവികസിത രാജ്യം ആയതിനാൽ വിദ്യാഭ്യാസത്തിലും, വേദശാസ്ത്ര പരിശീലനത്തിലും വളരെ പിന്നിലാണ് എത്യോപ്യ. അവരിൽ നിന്നും നമുക്ക് പലതും പഠിക്കാനുണ്ട്. കഴിഞ്ഞ നൂറു വർഷങ്ങൾക്കിടയിൽ, ഇരുപതു ലക്ഷത്തിലധികം അക്രൈസ്തവർ എത്യോപ്യൻ ഓർത്തഡോക്സ് സഭാംഗങ്ങളായി. വെസ്റ്റ് ഇൻഡീസിലും ജമൈക്കയിലും ലക്ഷക്കണക്കിനാളുകൾ ഈ സഭയിൽ ചേർന്നു.

മശിഹാരാജാവ് എത്യോപ്യയിൽ നിന്നായിരിക്കും വരുന്നതെന്നുള്ള സൂചന സെഫന്യാവ് 3:10-ൽ കാണുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ, ഹെയ്‌ലി സെലാസി ചക്രവർത്തിയെ മശിഹായായി കണക്കാക്കുന്ന 'റാസ്തഫാരി' (Ras Tafari) പ്രസ്ഥാനം 1930-ൽ ജമൈക്കയിൽ ആരംഭിച്ചു. ചക്രവർത്തിയാകുന്നിനു മുമ്പ് ഹെയ്സെലാസിയുടെ പേര് 'തഫാരി' എന്നായിരുന്നു. അതിൽ നിന്നാണ് ഈ പ്രസ്ഥാനത്തിന്റെ പേരുണ്ടായത്. ലോകപ്രശസ്ത റെഗെയ് (Reggae) ഗായകൻ ബോബ് മാർലെ (1945-1981) ഇതിലെ അംഗമായിരുന്നു. ഇന്നും പൂർണ്ണമായി കെട്ടടങ്ങിയിട്ടില്ലാത്ത ഇതിലെ ഒരു നല്ല പങ്ക് അംഗങ്ങളും എത്യോപ്യൻ സഭയിൽ ചേർന്നു.

ഹെസെലാസിയുടെ പതനത്തിനു ശേഷം, അധികാരം പിടിച്ചെടുത്ത കമ്യൂണിസ്റ്റ് ഭരണകൂടം സഭയുടെ സ്വത്തുക്കൾ ദേശസാൽക്കരിച്ചു. ഇക്കാലത്ത് ലക്ഷകണക്കിന് എത്യോപ്യക്കാർ നാടുവിട്ടു. ഇന്ന് ലോകത്തിലെ എല്ലാ ഭൂഖണ്ഡങ്ങളിലും എത്യോപ്യൻ ഇടവകകളുണ്ട്. അമേരിക്കയിൽ മാത്രം രണ്ടു ലക്ഷത്തോളം സഭാംഗങ്ങളുണ്ട്. ■

25th DEATH ANNIVERSARY
17-10-2016

Y.LUKOSE
HOREB VILLA
Former Sunday School Headmaster
ST.JOHN THE BAPTIST ORTHODOX CHURCH
Perumpuzha
(KOLLAM DIOCESE)

A User-Friendly Church Operations and Accounting Suite

HA MANAHEL
CHRISTIAN CHURCH SOFTWARE

Ha Manahel is a software developed to suite the demands of Companies Act 2013. With modifications to satisfy the increasing and developing demands, we now bring to you the revised Version 6 with Double Entry Book Keeping. Data entry at a single point provides access to variety of reports related to church activities.

A Few Facilities available in Ha Manahel :

■ Membership Register ■ Cash/Day Book ■ General Ledger ■ Journal Entries ■ Balance Sheet ■ Trial Balance ■ Receipts & Payments ■ Financial Statements / Quarterly ■ Fixed Asset Register ■ Cash Flow Statement ■ Anniversaries Alerts ■ Parish Register ■ Church Service Register ■ Endowment register ■ Stock Register ■ Church Directory ■ Member Volunteer Information ■ Multi-Conditional Search ■ Individual Giving Statement ■ Members Dues List ■ Voters List ■ Blood Group List ■ Prayer request Register ■ Registers for Baptism , Marriage, Death, First Communion, Premarital Counseling ■ Certificates ■ Special Receipt for Qurbana Panam, ... ■ Income & Expenditure A/c (Malankara Orthodox Suriyani Sabha) ■ ...

☎ 09446431460 / 09447046957 / 09495673797 / 9400580620
bilumathew@gmail.com / sales@hamanahel.com Website : hamanahel.com
HM Software Solution, Kottayam Road, Mallappally 689585
Kothamangalam, Ernakulam 686691

Software available for all denominations

Installed Orthodox churches Including :
Niranom, Mallappally Kaipatta, Kaviyoor Sleeba, Panayampala, Naganchery, Thiruvalla—Kattappuram, Kolenchery, Mulamthuruthy, Trichur St Ignatius Cathedral, Arayampal, Australia / Brisbane St George (Indian), New Delhi St. Stephen's, Chengaroor, Kuttapuzha (Tiruvalla), Ichilampadi (Mangalapuram), Chennithala, & other denomations - Maramon, , Eraviperoor, Pandanad, Kollam, Saudi, Muscat, Qatar, Chicago, Bomaby, Bangalore, Delhi, Ernakulam, Trichur, Alapuzha, Ranny, Karavalbor, Chathannur, Kundara, Trivandrum, Chungathara, Ayoor, Perumbavoor, Kottarakkara, Valakom, Panavely, ... (More than 150 installations till September 2016)

Annual Income & Expenditure as per Malankara Orthodox Sabha Audit Requirement

ജലഹള്ളി സെന്റ് മേരീസ് പള്ളിയുടെ സുവർണ്ണ ജൂബിലി ആഘോഷം

ബാംഗ്ലൂർ: ബാംഗ്ലൂർ ഭദ്രാസനത്തിലെ ജലഹള്ളി സെന്റ് മേരീസ് പള്ളിയുടെ സുവർണ്ണ ജൂബിലി ആഘോഷം 2016 നവംബർ 25 മുതൽ 27 വരെ നടത്തും. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ, ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ, ഭദ്രാസന മെത്രാപ്പോലീത്താ ഏബ്രഹാം മാർ എപ്പിഫാനിയോസ് എന്നിവർ മുഖ്യ നേതൃത്വം നൽകും.

വികാരി ഫാ. ജെയിംസ് ഈപ്പൻ കുറ്റികണ്ടത്തിൽ, ഫാ. ബിനു ശാമുവേൽ, വി. മാത്യൂസ് (ട്രസ്റ്റി), സി. ജി. മാത്യു (സെക്രട്ടറി& ജനറൽ കൺവീനർ), കെ.കെ. മാത്തുക്കുട്ടി വൈദ്യൻ (അഡ്വൈസർ) എന്നിവർ വിവിധ കമ്മറ്റികൾക്ക് നേതൃത്വം നൽകുന്നു.

കലാ സാഹിത്യ മത്സരം

പത്തനാപുരം: സൺഡേസ്കൂൾ അഖില മലങ്കര കലാ സാഹിത്യ മത്സരം നവംബർ 19-ന് മൗണ്ട് താബോർ ട്രെയിനിംഗ് കോളജിൽ നടത്തും. നിശ്ചിത അപേക്ഷാ ഫോറത്തിൽ പേര് രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക്: 9447020695, 9526061295, 94477696509,
frdavidkoshy@gmail.com

In Ever Loving Memory of our Papa & Mummy

1st Anniversary

Saramma Koshy
6th July 2015

P. Koshy
21st Oct 2015

Puthen Parambil Veedu
Hospital Jn
Kundara, Kollam

Inserted by Sorrowing Family.

സന്ദർശിക്കുക...
മിതമായ നിരക്ക്...
നൂതന സംവിധാനങ്ങളോടെ
ആകർഷകമായ പുസ്തക ശാല
വേദശാസ്ത്ര ഗ്രന്ഥങ്ങൾ, പള്ളി ഉപകരണങ്ങൾ, സഭാ പ്രസിദ്ധീകരണങ്ങൾ, ഫോട്ടോകൾ...
MGOCSM BOOK SHOP
Ph: 0481-2581912
C.M.S. College Jn., Kottayam

വേദബോധനം

Breaking The Word

ഫാ. മാത്യു വർഗീസ് കുളങ്ങാട്ടിൽ, കുന്നംകുളം



2016 *ഒക്ടോബർ 16*

സ്ലീബാ പെരുന്നാളിന് ശേഷം അഞ്ചാം ഞായർ

വി: മത്താ. 23:1–12

വേദപശ്ചാത്തലം

മത്തായി ശ്ലീഹാ എഴുതിയ ഈ വേദഭാഗം വിഭിന്ന സന്ദർഭങ്ങളിൽ കർത്താവ് പഠിപ്പിച്ചതാകാമെന്ന് പണ്ഡിതർ സൂചിപ്പിക്കുന്നു. മതനേതൃത്വത്തെ കുറിച്ചുള്ള വിമർശനാത്മാക സമീപനമാണ്. *മോശയുടെ പീഠം* എന്നത് ഒരു ആലങ്കാരിക വിശേഷണമാണ്. പരീശന്മാരും ഗുരുക്കന്മാരും *മോശയുടെ അധികാരത്തോടെ പഠിപ്പിച്ചു വന്നു* എന്നാണ് അതിന്റെ സൂചന. പ്രസംഗവും, അപ്രായോഗീക ജീവിതവും വിപൽക്കരമായ പ്രതിസന്ധിയാണ് എന്ന് കർത്താവ് സൂചിപ്പിക്കുകയാണിവിടെ. ഇത് സുവിശേഷകൻ സ്വന്തം ശൈലിയിൽ ക്രോഡീകരിച്ചതുമാവാം. പ്രവർത്തനോന്മുഖമായ മതജീവിതത്തിലേക്കുള്ള ആഹ്വാനമായി ഈ ബോധനത്തെ കാണാം.

1. നുകങ്ങൾ

ഒരു കാലത്ത്, നുകം വഹിക്കുന്ന മൃഗങ്ങൾ നാട്ടിൻപുറങ്ങളിലെ സാധാരണ കാഴ്ച്ചകളിലൊന്നായിരുന്നു. ഇന്നവ അറവുശാലയുടെ അലങ്കാരങ്ങളായി തീർന്നിരിക്കുന്നു. പലപ്പോഴും കുതറാതെ നുകം വഹിക്കുവാൻ ശീലിപ്പിക്കപ്പെട്ടവയായിരുന്നു അവയെല്ലാം. ദൈവം നൽകുന്ന നുകം മൃദുവായിട്ടുള്ളതാണ്. അത് കൂട്ടായി വഹിക്കുവാനുള്ള സംവിധാനമാണ് കുടുംബവും,സഭയും, സന്ന്യാസ മഠങ്ങളും എല്ലാം. ഒരുമിച്ച് വഹിക്കേണ്ടത് ഒറ്റയ്ക്ക് ചുമക്കുവാൻ വിധിക്കപ്പെടുന്ന അനീതിയാണ് സമൂഹത്തിൽ കാണുന്ന കുറ്റകൃത്യങ്ങൾക്ക് നിദാനം. ചിലപ്പോൾ നിയമങ്ങളും ബന്ധങ്ങളും ഒക്കെ നുകങ്ങളായി തീരുന്നുണ്ട്. ഇഷ്ടമില്ലാതെ ചുമക്കേണ്ട അനിഷ്ടങ്ങൾ സങ്കടകരമാണ്. കുടുംബ-സഭാജീവിതങ്ങളിലെല്ലാം ചിലപ്പോൾ ഇത്തരത്തിലുള്ള അനിവാര്യതകളുണ്ട്. ഒരു പിതാവിന്റെ സ്നേഹ ഹീനമായ വാക്കുകൾ ഭവനത്തെ തടവറയായി കാണാൻ ഒരു കുഞ്ഞിനെ പ്രേരിപ്പിച്ചേക്കാം. ദരിദ്രഭൂരിപക്ഷത്തെ കാണാതെ അടിച്ചേൽപ്പിക്കപ്പെടുന്ന സഭാ നിയമങ്ങളും ഇങ്ങിനെ തന്നെയാണ്. കുറേനാക്കാരൻ ശീമോൻ നിയോഗിതനായതുപോലെ ക്രിസ്തുവിന്റെ നുകങ്ങളെ വഹിക്കുന്ന ദൗത്യം സഭാമക്കൾ ഏറ്റെടുക്കണം. ഉപവാസവും ഭക്തിയും സഭാജീവിതമായി പരിണമിക്കാൻ ആ പ്രവാചക സൂക്തം ഹൃദയത്തിലുണ്ടാകണം.

2. പ്രമുഖർക്കൊരു മുന്നറിയിപ്പ്

മുഖ്യാസനങ്ങൾ എന്നും ഒരു പ്രലോഭനമായിരിക്കാം. 'സഹോദരന്മാരേ, അധികം ശിക്ഷവിധി വരുമെന്നോർത്ത്, നിങ്ങളിൽ അനേകർ ഉപദേഷ്ടാക്കളാകരുത്'(യാക്കോ 3.1). ഇത് വളരെ പ്രധാനമായ ഒരു മുന്നറിയിപ്പാണ്. 'നിശ്ചയമില്ലാത്ത ധനത്തിലല്ല,നമുക്ക് സകലവും, ധാരാളമായി അനുഭവിക്കുവാൻ തരുന്ന ദൈവത്തിൽ പ്രത്യാശവെയ്ക്കുവാനും, നന്മ ചെയ്യുവാനും, സൽപ്രവൃത്തികളിൽ സമ്പന്നരായി ദാനശീലരും,ഔദാര്യമുള്ളവരുംമായി സാക്ഷാൽ ജീവനെ പിടിച്ച് കൊള്ളേണ്ടതിനും വരും കാലത്തേക്ക് നല്ലൊരു അടിസ്ഥാനം നിക്ഷേപിച്ചു കൊള്ളുവാനും പഠിപ്പിക്കുക'(1 തീമോ 6.17–19)എന്നതാണ് എപ്പിസ്കോപ്പയായ തീമോത്തിയോസിന് നൽകുന്ന പ്രബോധനം. പ്രാമുഖ്യം ദൈവത്തിന് നൽകുന്നവനായിരിക്കുന്നവരെ ദൈവസന്നിധിയിൽ വലിയവനാകു. അരിസ്റ്റോട്ടിൽ കുറിച്ചത് പോലെ *"ഒരു ഋജുരേഖ മറ്റൊരു ഋജുരേഖയുമായി എല്ലാ വിധത്തിലും ഒത്തിരിക്കും; എന്നാൽ ഒരു വളഞ്ഞ രേഖയ്ക്ക് ഒരു ഋജുരേഖയുമായി ഒത്തിരിക്കാൻ കഴിയുകയില്ല എന്നതാണ് വസ്തുത."*

2. ഗുരുക്കന്മാരുടെ വെണ്മ

കർത്താവിന്റെ സാമൂഹ്യവിമർശനങ്ങൾ അവതരിപ്പിക്കുന്ന ഒരു ഭാഗമാണിത്. 'കപടഭക്തിക്കാരായ ശാസ്ത്രമാരും പരീശന്മാരുമായുള്ളോരെ നിങ്ങൾക്ക് ഹാ കഷ്ടം'. (But woe to you,scribes,and phrisees, hypocrites..) എന്നാണ് സംബോധന ചെയ്യപ്പെടുന്നത്. ഗ്രീക്ക് നാടകത്തിലെ തിയ്യറ്റർ സംവിധാനത്തിൽ നിന്ന് ഉരുതിരിഞ്ഞ ഒരു വാക്കാണ് hypocrites. ഒരു നടനായി സങ്കൽപ്പിക്കപ്പെട്ട പ്രത്യേക കഥാപാത്രത്തെയാണ് അത് കൊണ്ട് ഉദേശിക്കപ്പെടുന്നത്. സാങ്കൽപ്പികമായ ഒരു കഥപാത്രമായി തീരുകയല്ല മതനേതാക്കളുടെ ദൗത്യം. നാട്യമല്ല നന്മയാണ് ദൈവം ഗുരുക്കന്മാരിൽ നിന്ന് ആവശ്യപ്പെടുന്നത്. ഗുരു ആരായിരിക്കണമെന്ന ചോദ്യത്തിന് യേശുവായിരിക്കും ഏറ്റവും ഉചിതമായ മാതൃക. ഗുരുവിന്റെ ഉണ്മ നന്മയാണ്. നന്മ നാട്യമില്ലായ്മകൂടിയാണെന്ന ആന്തരീകധ്വനി ഈ വേദഭാഗത്തിനുണ്ട്. മോർ ക്രിസോസ്റ്റമോസ് സലാമ മെത്രാച്ചൻ *'മനുഷ്യജീവിതം കൊണ്ട് മരണത്തെ താളടിയാക്കി മാലാഖമാരെപോലെ ആയി നിത്യതയെ ആശ്ലേഷിക്കുന്നവരാണ് ക്രിസ്ത്യാനികൾ'* എന്നത് ഇവിടെ ചേർത്ത് വായിക്കാം.

ചരിത്രപഠിതാക്കൾക്ക് ലൂയി പതിനാലാമൻ രാജാവിന്റെ വാക്കുകൾ ഓർമ്മയിലുണ്ടാകും- *'ഞാൻ തന്നെയാണ് രാഷ്ട്രം'*. രാഷ്ട്രത്തിനേൽക്കുന്ന ഏത് ആഘാതവും തനിക്കുള്ള പ്രഹരങ്ങളാണ് എന്ന ചിന്ത ഒരു ഭരണാധികാരിയെ കൃത്യനിർവ്വഹണബോധമുള്ളവരാക്കും. അകൃത്യങ്ങളുടെ ആൾരൂപങ്ങളായതിനാലാണ് കർത്താവ് പരീ

2016 *ഒക്ടോബർ 23*

സ്ലീബാപെരുന്നാളിന് ശേഷം ആറാം ഞായർ

വി: ലൂക്കോ. 18: 18–27

വേദപശ്ചാത്തലം.

യേശുവുമായി സമ്പന്നനായ ഒരാളുടെ സംവാദമാണി ത്.മത്തായി ശ്ലീഹായും(19.16-30) മർക്കോസും 10.17-31) ഇവ പരാമർശിക്കുന്നു. ഈ വിവരണങ്ങളിൽ നിന്ന് മനസ്സിലാ ക്കാവുന്നത്, ഈ യുവാവ് (1) സമ്പന്നനായിരുന്നു,(2) ഒരു പക്ഷെ സന്നദ്രിം സംഘത്തിലെ അംഗമായിരിക്കാം.(3) അറി യുവാൻ ഉത്സുകനായ,വിനയമുള്ളവനായിരുന്നു. ആദ്ധ്യാത്മീക തൽപ്പരതയുള്ള യുവസമൂഹങ്ങൾ വിരളമായി കൊണ്ടിരിക്കുന്ന ഒരു കാലത്താണ് നാ ഈ ചെറുപ്പക്കാര നുമായുള്ള സംവാദം ചർച്ചചെയ്യുന്നത്. അക്കാലത്തെ മത നിഷ്ഠകളുടെ അടിസ്ഥാനം പത്ത് കൽപ്പനകളായിരുന്നു. ഇതിൽ തന്റെ കാലത്തോടും സമൂഹത്തോടും ബന്ധപ്പെടു ത്തുന്ന അവസാനത്തെ ആറെണ്ണം ഒരു പക്ഷെ ഇദ്ദേഹം പാലിച്ചിട്ടുണ്ടാകണം. എന്നാൽ ദൈവത്തോടുള്ള ബന്ധത്തിന് അടിസ്ഥാനമാവുന്ന ആദ്യത്തെ നല്ലെണ്ണം വേണ്ടത്ര പരിഗണിച്ചിട്ടുണ്ടാകില്ല. സമ്പത്തിനോടുള്ള അദ്ദേഹത്തിൻരെ തീവ്രബന്ധവും ഇവിടെ ഇതൾ വിരിയുന്നുണ്ട്. ഒരു പക്ഷെ യുവസമൂഹം ഇന്ന് നേരിടുന്ന വെല്ലുവിളികളിലേക്കുള്ള കൃത്യമായ ഒരു പാഠമായി ഈ വേദഭാഗത്തെ പരിഗണിക്കാവുന്നതാണ്.

1. ആത്മീയതയുടെ ഇരിപ്പ്ശൈലികൾ

യേശു ഓർമ്മിപ്പിച്ച കാര്യങ്ങൾ(വ.19-21) കേട്ടപ്പോൾ ആ യുവാവ് പറഞ്ഞത്, 'ഇവ ഒക്കെയും, ഞാൻ എന്റെ ബാല്ല്യം മുതൽ കാത്തുകൊണ്ടിരിക്കുന്നു'- (All these I have kept from my youth) നാം കാവൽക്കാരായിരിക്കുന്നത് എന്തിന്? വി.മത്തായി ശ്ലീഹായുടെയും(19:16-30),വി.മർക്കോസിന്റെയും(10:1731) സുവിശേഷത്തിൽ ഈ യുവാവ് കടന്ന് വരുന്നുണ്ട്. ചില കാര്യങ്ങളെ നാം തെറ്റാണെന്നറിഞ്ഞിട്ടും ഉപേക്ഷിക്കുവാൻ താൽപ്പര്യപ്പെടുന്നില്ല. അവസാനനിമിഷങ്ങളിൽ അറിയാതെ കൈനിവരുന്നതുവരെ നമ്മിൽ പലരും ഇത്തരം ശീലങ്ങൾ മുറുകെ പിടിക്കുന്നു. *'ഭൂതകാലങ്ങളിൽ നാം സൂക്ഷിക്കുന്ന തെറ്റുകളുടെ അനുഭവത്തെയാണ് നാം പരിചയം എന്ന് വിശേഷിപ്പിക്കുന്നത്'*

നിത്യജീവന് എന്താണാവശ്യമെന്നറിഞ്ഞിട്ടും ജീവിതത്തിന്റെ ശൈലികളിൽ യാതൊരു മാറ്റവും വരുത്താൻ ആഗ്രഹിക്കാത്ത യുവസമൂഹത്തിന്റെ പ്രതിനിധിയാണ് ഇദ്ദേഹം. എങ്ങിനെയാണ് അത് പ്രാപിക്കാനാവുക. സമ്പത്തിനെ സ്നേഹിച്ചവർക്ക് സർവ്വശക്തനെ സ്വന്തമാക്കാനാവത്തത് എന്തുകൊണ്ടാണ്? ധനത്തെ മാത്രം പ്രണയിക്കുമ്പോൾ സ്വാർത്ഥതയുടെ ഖജനാവുകൾ നിറയുകയും, അവഗണന ഗണ്യമായ മുഖമുദ്രയായി മാറുകയും ചെയ്യുന്നു. ദൈവം ദ്രവ്യത്തെക്കാൾ വലുതാണെന്നറിയുവാൻ- വിശ്വാസത്തെ പരിഹാസ്യമാക്കുന്ന പരിചയഭാവങ്ങളെ പരിത്യജിക്കുവാൻ നാം തയ്യാറാവണം. ഈ യുവാവ് ഉചിതമായ ഗുരുവിൽ എത്തി ചേർന്നു. എന്നാൽ ഉചിതമായത് അദ്ദേഹം സ്വീകരിച്ചുവോ എന്നത് പ്രസക്തമാണ്.

2. ആത്മീയതയുടെ പാരസ്പ്പര്യം

ആത്മീയതയെ തൻപോരിമയുടെ അകത്തളങ്ങളായി കാണുന്ന ചിലരെങ്കിലുമുണ്ട്. ആത്മീയതയിൽ അപരനോടുള്ള സമീപനം പ്രധാനമാണ്. കർത്താവിനെ സമീപിക്കുന്ന യുവാവിന് വിനയവും,ഉത്സുകതയും ഉണ്ട്. എന്നാൽ അവസാനഘട്ടം വരെ യേശുവിനെ ഉൾകൊള്ളുവാൻ ഈ യുവാവിന് സാധിച്ചിട്ടില്ല. നമ്മുടെ ആത്മീയോത്സുകത അവസാനഘട്ടം വരെ കാത്തുസൂക്ഷിക്കുവാൻ കഴിയേണ്ടതാണ്.

നമ്മുടെ സഭാജീവിതവും ഇതിന് ഉദാഹരണമാണ്. കാൽകഴുകൽ ശുശ്രൂഷ വളരെ മഹത്തായ ഒരു ശുശ്രൂഷയാണ്. എന്നാൽ തന്റെ കാലത്ത് *ഇത്രതവണ* ആ ശുശ്രൂഷ നടത്തിയെന്ന് ഗർവ്വോടെ പറയുന്ന കൈക്കാരന്മാരും, വികാരിമാരും മലങ്കരയിൽ പലയിടങ്ങളിലും കാണാം. തൻപോരിമ കാണിക്കുന്ന നോട്ടീസും, ബുക്ക്ലെറ്റുകളും പത്രപരസ്യങ്ങളുംവരെ ഇത് നീളുന്നു. എന്നാൽ ഈ ശുശ്രൂഷയുടെ പാഠമോ അനുഗ്രഹങ്ങളോ കാത്ത് സൂക്ഷിക്കുവാൻ അവർക്ക് കഴിയാതെ വരുന്നു. ജീവിതത്തിൽ അനുകരണീയമാക്കേണ്ടവ സൗകര്യപൂർവ്വം മറക്കുന്നത് സ്വാർത്ഥതയുടെ പ്രതിഫലനമാണ്. അപരന് പങ്കിടേണ്ട അപ്പം തന്നെ ആത്മീയതയുടെ അകപ്പൊരുളാണ്. അപരനായുള്ളത് കവർന്നെടുക്കുന്നത് ലോകാത്മകതയും

നന്ദി... നന്ദി...

മലങ്കര സഭാ മാസികയിൽ ഒരുവർഷമായി വേദബോധനം പകർന്നത് പ്രശസ്ത എഴുത്തുകാരനും ഗവേഷകനുമായ ഫാ. മാത്യു വർഗീസ് കുളങ്ങാട്ടിൽ.

വിവിധ സർവകലാശാലകളിൽ നിന്നും എം.എ. ബി.ഡി., ബി.എഡ്. ബിരുദങ്ങൾ കരസ്ഥമാക്കി.

പരിശുദ്ധ കാതോലിക്ക ബാവായുടെ സഹോദരപുത്രിയും അധ്യാപികയുമായ സിസി ഭാര്യ. മക്കൾ: എഫ്രേം, ഗ്രിഗറി. ഇപ്പോൾ കുന്നംകുളം ഭദ്രാസനത്തിലെ പഴഞ്ഞി പള്ളിയിൽ സേവനം അനുഷ്ഠിക്കുന്നു. പത്തോളം ഗ്രന്ഥങ്ങളുടെ എഡിറ്ററാണ്.

ഒന്നാം ഓർമ്മ
29-10-2016

ഫാ. ഡോ. പി.കെ. മാത്യു

പാറയ്ക്കൽ, മീനടം

"ആചാര്യേശാ മശിഹാ കുദാശകളർപ്പിച്ചോരി-
ആചാര്യനേകുക പുണ്യം നാഥാ സ്തോത്രം"

സന്തപ്ത കുടുംബാംഗങ്ങൾ

2016 ഒക്ടോബർ 30

കൂദോശ് ഈത്തോ

വി: മത്തായി 16: 13 – 20

ഫാ. ഡോ. റെജി ഗീവർഗ്ഗീസ്, മുട്ടം

ആരാധനാ വർഷത്തിലെ പുതിയ കാലത്തിലേക്ക് പ്രവേശിക്കുകയാണ്. സഭയുടെ ശുദ്ധീകരണത്തോടെ കാലം ആരംഭിക്കുന്നു.

പശ്ചാത്തലം

മനുഷ്യപുത്രനെക്കുറിച്ചുള്ള ജനാഭിപ്രായവും ശിഷ്യന്മാരുടെ അഭിപ്രായവും എന്തെന്ന് ആരായുകയാണ് യേശു. ഇത് സംഭവിക്കുന്നത് ഫിലിപ്യ കൈസറിയായിൽ വച്ചാണ്. ഗലീല കടലിന് 25 മൈൽ വടക്കുകിഴക്ക് സ്ഥിതി ചെയ്യുന്ന പട്ടണമാണിത്. ഇടപ്രഭുവായ ഫിലിപ്പിന്റെ അധികാര സീമയിൽപ്പെട്ട പ്രദേശം. പട്ടണത്തിന്റെ പ്രാചീന നാമം പനിയാസ് എന്നായിരുന്നു. ഹെരോദാവിന്റെ പുത്രൻ ഇടപ്രഭുവായ ഫിലിപ്പ് ആ പട്ടണം കൈസറിന് പ്രതിഷ്ഠിച്ച് കൈസറിയ (കൈസറിന്റേത്) എന്നാക്കി തന്റെ നാമം കൂടി ചേർത്ത് കൈസറിയ ഫിലിപ്പ് എന്നാക്കി. പ്രാചീന റോമിന്റെ പ്രൗഢിയും പ്രതാപവും വിളിച്ചോതുന്ന പട്ടണമായിരുന്നു അത്. പ്രദേശ വാസികൾ അധികവും വിജാതീയരായിരുന്നു. മതബഹുലമായ ഒരു പ്രദേശമായിരുന്നു അത്. പ്രാചീന സിറിയൻ ബാൽ ആരാധനയോട് ബന്ധപ്പെട്ട് നിരവധി ക്ഷേത്രങ്ങൾ അവിടെയുണ്ടായിരുന്നു. ക്രിസ്തുവിന്റെ ജീവിതകാലത്തുതന്നെ അവനെ ശിഷ്യന്മാർക്ക് വെളിപ്പെടുത്തിക്കൊടുക്കുക എന്നൊരു ദൗത്യം ക്രിസ്തുവിനുണ്ടായിരുന്നു. അതിന് ഏറ്റവും അനുയോജ്യമായ ഒരു സ്ഥലം തന്നെ തിരഞ്ഞെടുത്തു എന്നത് വളരെ ശ്രദ്ധേയമാണ്.

1. ക്രിസ്തുവിലേക്ക് നയിക്കേണ്ട മുന്നോടികൾ

ജഢാവതാരം ചെയ്ത കർത്താവ് 'മനുഷ്യപുത്രൻ' എന്നാണ് സ്വയം സംബോധന ചെയ്തിരുന്നത്. ഇത് മനുഷ്യാവതാരത്തിന്റെ മഹത്വം വർദ്ധിപ്പിക്കുന്നു. മനുഷ്യവർഗ്ഗത്തോട് വളരെ താദാത്മ്യം പ്രാപിച്ച ദൈവപുത്രനെക്കുറിച്ച് ജനങ്ങൾ എന്തുപറയുന്നു എന്നറിയുവാൻ യേശുവിന് താല്പര്യമുണ്ട്. എന്നാൽ ചോദ്യം ഉന്നയിക്കുന്നത് തന്റെ ശിഷ്യന്മാരോടു തന്നെയാണ്. പൊതുജനാഭിപ്രായം അവർ ഗുരുവിനെ അറിയിച്ചു. നാല് വ്യത്യസ്ത അഭിപ്രായങ്ങളായിരുന്നു ജനമധ്യത്തിലുയർന്നിരുന്നത്; യോഹന്നാൻ സ്നാപകൻ, ഏലിയാവ്, യിരെമ്യാവ്, പ്രവാചകന്മാരിൽ ഒരുത്തൻ. യിസ്രായേലിന്റെ സുദീർഘമായ ആത്മീയ പൈതൃകത്തിൽ നിന്ന് ഉരുത്തിരിഞ്ഞ അഭിപ്രായമാണ് ശിഷ്യന്മാർ കർത്താവിനെ അറിയിക്കുന്നത്. മശിഹായുടെ മുന്നോടിയായി മരുഭൂമിയിൽ മുഴങ്ങിക്കേട്ട പ്രവാചക ശബ്ദമായിരുന്നു സ്നാപക യോഹന്നാന്റേത്. യഹൂദ പ്രവാചക ചരിത്രത്തിൽ പ്രത്യേക സ്ഥാനം ലഭിച്ചയാളായിരുന്നു ഏലിയാവ്. മശിഹായുടെ മുന്നോടിയായി ഏലിയാവ് വരുമെന്ന് യഹൂദർ കരുതിയിരുന്നു (മാലാഖി 4:5). യേശുവിൽ ഏലിയാവിനെ കണ്ടെത്തിയവർ മശിഹായുടെ വരവിനുവേണ്ടി പ്രതീക്ഷയോടെ കാത്തിരുന്നു. യിരെമ്യാവ് ഇസ്രായേലിന്റെ ചിരിത്രത്തിൽ പ്രത്യേക സ്ഥാനം അലങ്കരിക്കുന്ന പ്രവാചകനാണ്. അവരുടെ ഇടയിൽ പ്രവാചകനെക്കുറിച്ച് ഒരു പാരമ്പര്യം നിലനിന്നിരുന്നു. യെരുശലേം ദേവാലയം നശിപ്പിക്കപ്പെടുന്നതിന് മുമ്പ് യിരെമ്യാവ് സമാഗമന കൂടാരവും ധൂപാർപ്പണ പീഠവും എടുത്ത് നെബോ പർവ്വതത്തിലെ ഒരു രഹസ്യ സങ്കേതത്തിൽ സൂക്ഷിച്ചിരുന്നു എന്നും മശിഹായുടെ വരവിന് മുമ്പ് അവ തിരികെ കൊണ്ടുവരുമെന്നും വിശ്വസിച്ചുപോന്നു (2 മക്കാബിയർ 2:1–12 കാണുക). യേശുവിന്റെ വചന ശുശ്രൂഷയുടെ പ്രത്യേകതയും വീര്യപ്രവർത്തികളുടെ വ്യത്യസ്തതയും തിരിച്ചറിഞ്ഞ ജനം അവൻ പ്രാചീന പ്രവാചകന്മാരിൽ ആരെങ്കിലുമായിരിക്കുമെന്ന് അഭിപ്രായപ്പെട്ടു. ജഢരക്തമയമായ അഭിപ്രായമാണിത്. കണ്ടതും (ദർശനം) കേട്ടതും (ശ്രുതി) മാണ് ഈ അഭിപ്രായത്തിന്നടിസ്ഥാനം. ബഹുസ്വരമാണിവിടെ കേൾക്കുന്നത്.

യേശു ചോദിക്കുന്നത് 'മനുഷ്യപുത്രൻ ആരാകുന്നു' എന്നാണ്. 'ആകുന്നു' (എയ്നായ്) എന്നതാണ് പ്രധാനക്രിയാപദം. 'ചോദിച്ചു' എന്നതിന് ഉപയോഗിക്കുന്ന പദം (ലെഗോൻ) ഒരു വർത്തമാനകാല വിശേഷണക്രിയാപദമാണ് (present participle). അതുകൊണ്ടുതന്നെ യേശു ശിഷ്യന്മാരോട് തന്നെകുറിച്ച് ചോദിച്ച ചോദ്യം എന്നും പ്രസക്തമാണ്. മനഷ്യപുത്രനായ ദൈവപുത്രനെകുറിച്ച് മനുഷ്യർക്കുള്ള അഭിപ്രായം എന്താണ് എന്നതാണ് പ്രധാനം. ഭാഗികമായ അഭിപ്രായമാണോ ക്രിസ്തുവിനെകുറിച്ച് ഇന്ന് ജനങ്ങൾക്ക് ഉള്ളത്.

2. മാർഗ്ഗദീപമാകേണ്ട വെളിപ്പെടുത്തൽ

പരിശുദ്ധ സഭയുടെ ശുദ്ധീകരണ ദിവസമായ ഇന്ന് സഭാസ്ഥാപകൻ ആരെന്ന വെളിപ്പെട്ട സുദിനമാണ്. സഭ വിശുദ്ധമായിരിക്കുന്നത് കർത്താവ് ജീവനുള്ള ദൈവത്തിന്റെ പുത്രനായ മശിഹാ ആയതുകൊണ്ടാണ്. ദൈവം വിശുദ്ധനാകയാൽ ദൈവപുത്രനും വിശുദ്ധനാണ്. ആ വിശുദ്ധിയാണ് സഭയുടെ ദൗത്യമായി നാം തിരിച്ചറിയേണ്ടത്. യേശു ദൈവ പുത്രനാണെന്ന് വെളിപ്പെടുത്തൽ ലഭിച്ചപ്പോൾ ശീമോൻ 'പത്രോസാ'യി മാറി. ശീമോൻ എന്ന പേരിന്റെ അർത്ഥം ആടുന്നത്, ഇളക്കമുള്ളത് എന്നാണ്. എന്നാൽ പത്രോസ് പാറയാണ്. മനുഷ്യർ ക്രിസ്തുവിനെ പഴയ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ മനസ്സിലാക്കുമ്പോൾ ആത്മപ്രചോദിതനായ പത്രോസ് യേശുവിന്റെ യഥാർത്ഥ വ്യക്തിത്വത്തെ വെളിപ്പെടുത്തി (1 കൊരിന്ത്യർ 12:3 കാണുക). യേശു ദൈവപുത്രനായ മശിഹാ ആകുന്നുവെന്നതാണ് സഭയുടെ അടിസ്ഥാനം. ക്രിസ്തീയ സഭയുടെ അടിസ്ഥാന കല്ല് യേശുക്രിസ്തുവാകുന്നുവെങ്കിലും അപ്പോസ്തോലന്മാർ അതിനോട് ചേർന്ന് പണിയപ്പെടുന്ന കല്ലുകളാണ്. പ്രധാന ശിലയുടെ സ്വഭാവം തന്നെ തെരഞ്ഞെടുക്കപ്പെട്ട കല്ലുകൾക്കും ഉണ്ടാകും (എഫേസ്യർ 2:20 കാണുക). ക്രിസ്തുവിന്റെ മണവാട്ടിയായ സഭയുടെ അടിസ്ഥാനമിട്ടത് ദൈവപുത്രനായ യേശുക്രിസ്തുവാകയാൽ വിശുദ്ധി സഭയുടെ അടിസ്ഥാന സ്വഭാവമാകണം (1 കൊരിന്ത്യർ 3:11, യോഹന്നാൻ 17:18–19). വിശ്വാസ ബഹുസ്വരതയിൽ നിന്ന് പാറപോലുറച്ച വിശ്വാസമാണ് സഭയുടെ അനന്യത. വിശ്വാസ സ്ഥൈര്യം നേടുന്നതാണ് ശുദ്ധീകരണത്തിന്റെ കാലികമായ അർത്ഥം.

3. ഹൃദയം പകർന്നു നൽകിയ അധികാരം

ക്രിസ്തു തന്നെയാണ് സഭയെ പണിതിരിക്കുന്നതെന്ന യാഥാർത്ഥ്യം സഭയുടെ അധികാരത്തെയും അതുല്യതയെയും എടുത്തുകാട്ടുന്നു. സഭ എന്നപദം (എക്ളീസിയ) രണ്ട് പ്രാവശ്യം ഉപയോഗിക്കുന്നത് വി. മത്തായിയുടെ സുവിശേഷത്തിൽ മാത്രമാണ്. (16:18, 18:17). ക്രിസ്തു സഭ സ്ഥാപിച്ചത് പാറമേലാണ്. അതിന്റെ സ്ഥാനം ആത്യന്തികമായി നിലനിൽക്കണമെന്ന് ഉദ്ദേശ്യമുണ്ട്. സഭ പണിയപ്പെട്ട പാറയെ സംബന്ധിച്ച് ഒന്നിലധികം

ST. MARY'S EMBROIDERY

Palace Road, Changanacherry-686101, Kerala

Prop: SAJU CHACKO ✆ 0481-2425444, Res. 2724224, 2727788 (Mob.) 9447136388

കാപ്പ, വിരിക്കൂട്ട്, ചിത്തോല, തിരശീല, മുതലായവ ഓർഡർ അനുസരിച്ചും റെഡി മെയ്ഡും ലഭ്യമാണ്.

വിദേശ തുണിയിൽ തയ്ച്ച കാപ്പ എല്ലാ കളറിലും റെഡി മെയ്ഡ് ലഭ്യമാണ്.

ഇന്ത്യയിൽ ഏതുഭാഗത്തും ഓർഡർ അനുസരിച്ച് ഞങ്ങൾ സാധനങ്ങൾ എത്തിച്ചു തരുന്നു

വ്യാഖ്യാനങ്ങളുണ്ട്. ക്രിസ്തു തന്നെയാണ് ആ പാറ എന്ന് വി. അഗസ്തിനോസ് വ്യാഖ്യാനിക്കുന്നു. പഴയ നിയമ പശ്ചാത്തലത്തിൽ ദൈവം തന്നെയാണ് പാറ (ആവർത്തനം 32:4, 31, 1 ശമുവേൽ 2:2, 2 ശമുവേൽ 22:2, 32, സങ്കീർത്തനം 18:2, 31). വെളിപ്പെടുത്തലിലൂടെ പ്രഖ്യാപിക്കപ്പെട്ട വിശ്വാസമാണ് സഭയ്ക്ക് അടിസ്ഥാനമായത്. സ്വർഗ്ഗരാജ്യത്തിലേക്കുള്ള പ്രവേശനമൊരുക്കുന്ന അധികാരങ്ങൾ പരിശുദ്ധ സഭയ്ക്ക് നൽകപ്പെട്ടിരിക്കുന്നു. കെട്ടുവാനും അഴിക്കുവാനുമുള്ള അധികാരം ക്രിസ്തു നല്കിയതാണ്. ജഢരക്തങ്ങൾക്ക് അതീതമായ വെളിപ്പെടുത്തലുകൾ നിരന്തരമായി സ്വീകരിക്കുന്നതും പാറപോലെ ഉറച്ച വിശ്വാസം നിലനിർത്തുന്നതുമായ സ്വഭാവമാണ് പരിശുദ്ധ സഭയ്ക്ക് ഉണ്ടാകേണ്ടത്.

2016 നവംബർ 6

ഹൂദോസ് ഈത്തോ

വി: യോഹ. 10: 22-42

സ്വർഗ്ഗീയ വെളിപ്പെടുത്തലിലൂടെ ശുദ്ധീകരിക്കപ്പെട്ട സഭയുടെ പ്രതിഷ്ഠയാണിന്ന്. യേശുവിന് നേരെ ഉയർത്തുന്ന ആരോപണങ്ങളെ അവന്റെ പ്രവർത്തികളുടെ സാക്ഷ്യം മൂലം നേരിടുന്നതാണ് പ്രതിപാദ്യം.

പശ്ചാത്തലം: യെരുശലേമിൽ പ്രതിഷ്ഠോൽസവം ആചരിക്കുന്ന സന്ദർഭത്തിൽ യേശു ശലോമോന്റെ മണ്ഡപത്തിൽ ഉണ്ടായിരുന്നു. ദേവാലയവും ഭവനങ്ങളും ഒരുപോലെ ദീപാലംകൃതമാകുന്ന പെരുന്നാളിനോട് (ഹനൂക്കാപെരുന്നാൾ (Feast of lights) എന്ന് വിളിക്കുന്ന എട്ട് ദിവസം നീണ്ടുനിൽക്കുന്ന ആഘോഷം യെരുശലേം ദേവാലയം ശുദ്ധീകരിച്ച് പുനഃപ്രതിഷ്ഠിച്ചതിന്റെ ഓർമ്മയായിരുന്നു.) അനുബന്ധമായി യേശു ദേവാലയത്തിന്റെ കിഴക്കുഭാഗത്തുള്ള ശലോമോന്റെ മണ്ഡപത്തിൽ ഉലാത്തുമ്പോൾ യഹൂദന്മാർ അവനെ വളഞ്ഞ് അസ്തിത്വത്തെ സംബന്ധിച്ച് ചോദ്യമുയർത്തി. എന്നാൽ ക്രിസ്തു അവരുടെ പ്രതീക്ഷകൾക്ക് അതീതമായ മറുപടി നൽകി താൻ ആരെന്ന് വെളിപ്പെടുത്തി.

1. വ്യക്തിത്വത്തെ വെളിപ്പെടുത്തുന്ന പ്രവൃത്തികൾ

“നീ എത്രത്തോളം ഞങ്ങളെ ആശിപ്പിക്കുന്നു? നീ ക്രിസ്തു എങ്കിൽ സ്പഷ്ടമായി പറക” എന്നാണ് യഹൂദന്മാർ യേശുവിനോട് ആവശ്യപ്പെടുന്നത്. യേശു ‘ക്രിസ്തു’ ആകുന്നുവോ എന്നാണ് അവർക്ക് അറിയേണ്ടത്. ക്രിസ്തുവിന്റെ വരവിനായി കാത്തിരുന്നവരാണ് യഹൂദന്മാരെങ്കിലും അവർക്ക് അവനെക്കുറിച്ച് പല മുൻവിധികളുമുണ്ടായിരുന്നു. ഒരു രാജകീയ സ്ഥാനാധിപതിയായിരിക്കും അവനെന്നും ശത്രുക്കളെ സംഹരിച്ച് യഹൂദന്മാർക്ക് ഒരു സുശക്തവും സുരക്ഷിതവുമായ രാഷ്ട്രം രൂപീകരിക്കുമെന്നും അവർ പ്രതീക്ഷിച്ചിരുന്നു. എന്നാൽ ഇതിൽ നിന്നെല്ലാം വ്യത്യസ്തമായ കാര്യങ്ങളാണ് യേശുവിന്റെ വാക്കിലും പ്രവൃത്തിയിലും അവർ കണ്ടെത്തിയത്.

“എന്റെ പിതാവിന്റെ നാമത്തിൽ ഞാൻ ചെയ്യുന്ന പ്രവൃത്തികൾ എനിക്ക് സാക്ഷ്യം ആകുന്നു” എന്നതാണ് യേശുവിന്റെ നിലപാട്. വാചാലനായി തന്റെ അസ്തിത്വത്തെ വെളിപ്പെടുത്താതെ പ്രവൃത്തിയിലൂടെ അത് സ്പഷ്ടമാക്കുകയാണ് യേശു. അവന്റെ പ്രവൃത്തികൾ ഒന്നുംതന്നെ അവന്റെ സ്വന്തമല്ലായിരുന്നു. യേശുവും പിതാവും തമ്മിലുള്ള ബന്ധത്തിൽ നിന്ന് നിർഗ്ഗളിക്കുന്നതായിരുന്നു യേശുവിന്റെ പ്രവൃത്തികൾ. അതുകൊണ്ടുതന്നെ അവന്റെ വ്യക്തിത്വത്തെ അവ വെളിപ്പെടുത്തി (5:20, 36, 9:3, 14:10-12). പിതാവിനോട് പൂർണ്ണ വിധേയത്വത്തിൽ പുത്രൻ ചെയ്ത അനേക പ്രവൃത്തികൾ അവർ കണ്ടതാണ്; രോഗികൾക്ക് സൗഖ്യമേകി, വിശന്നവരെ തൃപ്തരാക്കി, ദുഃഖിതർക്ക് ആശ്വാസമേകി ദൈവസ്വഭാവത്തെയും തന്റെതന്നെ വ്യക്തിത്വത്തെയും വെളിപ്പെടുത്തി. യേശുവിന്റെ പ്രവൃത്തികൾ പിതൃ-പുത്ര ബന്ധത്തിന്റെ സാക്ഷ്യപത്രങ്ങളായിരുന്നു.

യേശുവിന്റെ പ്രവൃത്തികൾ അവനെ വെളിപ്പെടുത്താൻ കാരണം പിതാവും പുത്രനും ഒന്നാകുന്നു എന്നതാണ് (10:30). നിത്യതയിലെ ഏകത്വമാണ് പിതാവും പുത്രനും തമ്മിലുള്ളത്. അതിൽ നിന്ന് ഉത്ഭവിക്കുന്ന മനുഷ്യാവതാരത്തിലെ ഒരുമയാണ് ക്രിസ്തുവും അജഗണങ്ങളും തമ്മിലുള്ളത്. സ്നേഹമാണ് ആ ബന്ധത്തിന്റെ അടിസ്ഥാനം, വിശ്വാസം അതിനെ സംയോജിപ്പിക്കുന്ന ചരടും(10:26, 13:34, 15:10, 17:11, 20:22). ദൈവപ്രവൃത്തികളെ തിരിച്ചറിയുന്നതിന് പര്യാപ്തമായ വിശ്വാസവും സ്നേഹവും നഷ്ടപ്പെട്ട യഹൂദ പ്രമാണികൾ ക്രിസ്തുവിനെ കൂടുതൽ വാചാലനാക്കുവാൻ ശ്രമിക്കുന്നു എങ്കിലും യേശു തന്റെ പ്രവൃത്തികളുടെ സാക്ഷ്യത്തിൽതന്നെ ഉറച്ചു നിൽക്കുന്നു.

2. ഹൃദയതാളം പകരുന്ന ബന്ധം

‘ക്രിസ്തു’ എന്നത് മതപരവും രാഷ്ട്രീയപരവുമായി പ്രാധാന്യമുള്ള സ്ഥാനമായതുകൊണ്ട് യഹൂദ മതമേലദ്ധ്യക്ഷന്മാർ അതിന്റെ സ്ഥാനമഹിമയിൽ ആകർഷണീയരായിരുന്നു. എന്നാൽ യേശു ‘ക്രിസ്തു’ ആകുന്നു എന്ന തിരിച്ചറിവിന് സ്ഥാനമഹത്വങ്ങളല്ല, മറിച്ച് ഒരു ആത്മബന്ധത്തിന്റെ ഹൃദയതാളമാണ് ആവശ്യമെന്ന് യേശു വ്യക്തമാക്കുന്നു. സ്ഥാനമഹിമയുടെ ഭാഷയിൽ നിന്ന് വ്യത്യസ്തമായി ആത്മബന്ധത്തിന്റെ ഭാഷയിൽ യേശു സംസാരിക്കുന്നു. യേശു നല്ല ഇടയനായി സ്വയം പരിചയപ്പെടുത്തുന്നു. ഇടയന്റെ ശബ്ദം തിരിച്ചറിയുന്ന ആടുകൾ അവനെ അനുഗമിക്കുന്നത് ആഴമേറിയ ബന്ധം മൂലമാണ്, നിത്യപരിചയവും പരിചരണവും അതിന്റെ അവിഭാജ്യ ഘടകങ്ങളാണ്. നല്ല ഇടയനായ യേശു ആടുകൾക്ക് നൽകുന്നത് രണ്ടു കാര്യങ്ങളാണ്. ഒന്ന്-സുരക്ഷിതത്വം. ആടുകളെ യേശുവിന്റെ കൈകളിൽ ഏല്പിച്ചിരിക്കുന്നത് പിതാവാകയാൽ അതിനെ ആക്രമിക്കുവാൻ ആർക്കും കഴിയുകയില്ല. പിതാവും പുത്രനും ഒന്നാകയാൽ പുത്രന്റെ കരങ്ങൾക്ക് അവയെ സുരക്ഷിതമായി സംരക്ഷിക്കുവാൻ കഴിയുന്നു. ഭയചകിതരായവർ അഭയം കണ്ടെത്തേണ്ടത് ഈ ഇടയനിലാണ്. രണ്ട്-ഇടയൻ അവയ്ക്ക് നിത്യജീവനെ കൊടുക്കുന്നു. ഇടയനും ആടുകളും തമ്മിലുള്ള ബന്ധം ജീവന്റെ തുടിപ്പിലാണ് നിലനിൽക്കുന്നത്. യേശു എന്ന നല്ല ഇടയൻ ആടുകൾക്ക് നിത്യജീവനെ നൽകുന്നത് പ്രാണത്യാഗം ചെയ്താണ് (10:11). അവന്റെ ശരീര രക്തങ്ങൾ ആടുകൾക്ക് ഭോജനമാകുന്നു. ക്രിസ്തുവും വിശ്വാസികളും തമ്മിലുള്ള ആഴമേറിയ സ്നേഹബന്ധം ചിത്രീകരിക്കുവാനാണ് യേശു തന്നെ നല്ല ഇടയനായി അവതരിക്കുന്നത്. ഇടയത്വ ശുശ്രൂഷയാണ് സഭയുടെ ദൗത്യത്തിന്റെ ഏറ്റവും ശ്രദ്ധേയമായ ചിത്രമായി പരിണമിച്ചത്. ഇടയനെ തിരിച്ചറിയുന്നത് ആടുകളാണ്. ആടുകളെ പേര് ചൊല്ലി വിളിക്കുന്നത് ഇടയനാണ്. ആടുകൾക്കുവേണ്ടി സ്വയം സമർപ്പിക്കുന്ന ജീവിതത്തിൽ ആടുകളുടെ ഗന്ധം തന്നെയാണ് ഇടയനുണ്ടാകുന്നത്. ഇടയന്റെ ജീവിതം ആടുകൾക്ക് ജീവിത സുഗന്ധമായി തീരും. ആടുകൾക്കുവേണ്ടി ജീവൻ സമർപ്പിച്ച യേശു ക്രിസ്തു സങ്കൽപ്പ

6th DEATH ANNIVERSARY, 10.10.2016

OLICKAL, VAYALATHALA
PATHANAMTHITTA

— Inserted By: —
Annamma George (Wife)

Mr. Varghese George
- Mini Varghese
Christeena Ann Varghese,
Jithin George Varghese

Mr. Thomas George
- Dincy Thomas
Nathan George Thomas

O. V. GEORGE

BIBLE QUIZ - 3

വി. കുർബ്ബാന

ഫാ. സൈമൺ ജേക്കബ് മാത്യു

1. *ലിറ്റേർജിയ* എന്ന പദത്തിന്റെ അർത്ഥം?
2. ആരാധനയിൽ ഒരു വിശ്വാസി സഭയ്ക്ക് എന്താണ്?
3. ആരാധനയുടെ മകുടം?
4. കുർബ്ബാന എന്ന പദത്തിന്റെ അർത്ഥം?
5. വി. കുർബ്ബാന സ്ഥാപിച്ചത് ആര്?
6. വി. കുർബ്ബാനയുടെ ക്രമം ക്രോഡീകരിച്ചതാര്?
7. വി. കുർബ്ബാന ആദിമ സഭയിൽ അറിയപ്പെട്ടിരുന്നത് ഏതു പേരിൽ?
8. ദേവാലയത്തിന്റെ നാല് പ്രധാന ഭാഗങ്ങൾ ഏതെല്ലാം?
9. *ത്രോണോസ്* എന്ന പദത്തിന്റെ അർത്ഥം?
10. വി. കുർബ്ബാനയുടെ മൂന്ന് പ്രധാന ഭാഗങ്ങൾ?
11. രഹസ്യമായ ഒരുക്കശുശ്രൂഷ (തൂയോബോ)യിലെ രണ്ട് ഭാഗങ്ങൾ ഏതെല്ലാം?
12. പരസ്യമായ വി. കുർബ്ബാനയിലെ പ്രധാന ഭാഗങ്ങൾ ഏവ?
13. നിൻ മാതാവ് വിശുദ്ധന്മാർ... ഈ പ്രാർത്ഥനയ്ക്ക് പറയുന്ന പേര്?
14. ആരാധനയിൽ *അനാഫോറ* എന്ന പദത്തിന്റെ അർത്ഥം?
15. ഒന്നാമത്തെ വാഴ്വിന് പറയുന്ന പേര്?
16. അനമ്നേസിസ് എന്ന പദത്തിന്റെ അർത്ഥം?
17. Epiklesis എന്നാൽ എന്ത്?
18. തുബ്ദേൻ പ്രാർത്ഥനകൾ ആകെ എത്ര?
19. ഖണ്ഡിപ്പിന്റെ പ്രത്യേക രഹസ്യപ്രാർത്ഥന ക്രോഡീകരിച്ചതാര്?
20. *ഹൂത്തോമ്മോ* എന്ന പദത്തിന്റെ അർത്ഥം?
21. *തുബ്ദേൻ* എന്ന പദത്തിന്റെ അർത്ഥം?
22. *ഹൂസോയോ* എന്ന പദത്തിന്റെ അർത്ഥം?
23. *എവുക്കാറസ്തിയ* എന്ന പദത്തിന്റെ അർത്ഥം?
24. വി. കുർബ്ബാനയിലെ അടിസ്ഥാന കർമ്മങ്ങൾ?
25. ദൈവമേ നീ പരിശുദ്ധനാകുന്നു... എന്ന പ്രാർത്ഥനയ്ക്കു പറയുന്ന പേര്?
26. ശുബ്ക്കോനോ എന്നതിന്റെ അർത്ഥം?
27. സെദ്റാ എന്ന പദത്തിന്റെ അർത്ഥം?
28. 3-ാം തുബ്ദേനിൽ അനുസ്മരിക്കുന്നത് ആരെ?
29. Post Communion ൽ ചൊല്ലുന്ന സങ്കീർത്തനങ്ങൾ?

ഉത്തരങ്ങൾ

1.സംയുക്തമായ പ്രവർത്തനം; 2. കെട്ടുപണിക്കാരൻ; 3. കുർബ്ബാന; 4. കാഴ്ച/ബലി; 5. യേശു ക്രിസ്തു; 6. വി. യാക്കോബ്; 7. അപ്പം മുറിക്കൽ; 8. മദ്ബഹാ, അഴിക്കകം, ഹൈക്കലാ, പൂമുഖം; 9. സിംഹാസനം; 10. തൂയോബോ, പരസ്യമായ ഭാഗം, രഹസ്യമായ സമാപന ശുശ്രൂഷ; 11. മല്ക്കീസദേക്കിന്റെ ക്രമം (അപ്പവീഞ്ഞുകൾ ഒരുക്കിവെയ്ക്കുന്നത്), അഹറോന്റെ ക്രമം (അംശവസ്ത്ര ധാരണം); 12. പ്രാരംഭ ശുശ്രൂഷ (സ്ഥാനാർത്ഥികളുടെ ശുശ്രൂഷ), അനാഫോറ (വിശ്വാസികളുടെ ശുശ്രൂഷ); 13. മാർ സേവേറിയോസിന്റെ മാനീസാ; 14. കാഴ്ചയണയ്ക്കുക/സമർപ്പിക്കുക. 15. അപ്പോസ്തോലിക വാഴ്വ്; 16. വർത്തമാന കാലീകരണം/ഓർമ്മയിൽ കൊണ്ടുവരുന്ന പ്രവർത്തനം; 17. പരിശുദ്ധാത്മ ആവാസത്തിനുള്ള പ്രവർത്തനം; 18. 18 (6x3); 19. മാർ ദീവന്നാസ്യോസ് ബർസ്ലീബി; 20. മുദ്രവയ്ക്കൽ/ഉറപ്പിക്കൽ/ഒപ്പുവയ്ക്കൽ; 21. എന്നാൽ വീണ്ടും; 22. പാപമോചന പ്രാർത്ഥന; 23. സ്തോത്രയാഗം; 24. എടുത്തു, വാഴ്ത്തി, നുറുക്കി, കൊടുത്തു; 25. ത്രൈശുദ്ധ കീർത്തനം; 26. അനുരഞ്ജനം; 27. നിര, ക്രമം; 28. വിശ്വാസികളായ ഭരണകർത്താക്കളെ. 29. 23, 36, 29;

വേദബോധനം

ങ്ങൾക്ക് നൂതന ഭാഷ്യംതന്നെ രചിച്ചു.

3. സാക്ഷ്യസ്ഥാനങ്ങളിലേക്കുള്ള മടങ്ങിപ്പോക്ക്

യേശുവിന്റെ യെരുശലേമിലേക്കുള്ള വരവ് പ്രമാണികളെ എന്നും അസ്വസ്ഥമാക്കിയിരുന്നു (7:26-27). അധികാരവാഞ്ഛ അവരുടെ കണ്ണുകളെ കുരുടാക്കി, ചെവികളെ ബധിരമാക്കി. താൻ ക്രിസ്തു എന്ന് പ്രവൃത്തികളിലൂടെ വിശദീകരിച്ച യേശുവിനെ ദൈവദൂഷകനായി അവർ പരിഗണിച്ചു. അവൻ മരണയോഗ്യൻ എന്നും അവർ വിധിച്ചു. മനുഷ്യനായ യേശു ദൈവപുത്രനെന്ന് സ്വയം വിശേഷിപ്പിച്ചു എന്നൊരു ആക്ഷേപവും അവരുടെ വൈരത്തിന്റെ ആഘാതം കൂട്ടി. അവരുടെ ഇടയിൽതന്നെ ദേവന്മാർ (കർത്താക്കന്മാർ) എന്ന് വിളിക്കുന്ന ന്യായാധിപന്മാരായ അധികാരികൾ ഉണ്ടായിരുന്നു. അവർ ദൈവത്തിന്റെ പ്രതിനിധികൾ എന്ന നിലയിലാണ് ദേവന്മാർ എന്ന് വിശേഷിപ്പിക്കപ്പെട്ടത്. മനുഷ്യരുടെ ഇടയിൽ അംഗീകരിക്കപ്പെട്ട ഈ പതിവിൽ നിന്ന് തന്റെ ദിവ്യ വ്യക്തിത്വം വെളിപ്പെടുത്തുകയാണ് യേശു.

യോർദ്ദാന് അക്കരയിലേക്കുള്ള യേശുവിന്റെ മടങ്ങിപ്പോക്ക് ഒരുതരം പിന്മാറ്റമായിരുന്നു. എന്നാൽ ഭീരുത്വമായ ഒരു ഒഴിഞ്ഞുമാറലോ, ഒളിച്ചോട്ടമോ അല്ലായിരുന്നു അത്. ശക്തമായ തന്റെ പരസ്യശുശ്രൂഷയ്ക്കുള്ള ഒരു ഒരുക്കമായി അതിനെ കരുതാം. ശക്തമായ കൊടുങ്കാറ്റിന് മുമ്പുള്ള ഒരു ശാന്തതപോലെ, ആരോപണവിധേയനാകുന്ന യേശു വിശ്രമത്തിനും വിചിന്തനത്തിനുമായി പരിചിത സ്ഥലങ്ങളിലേക്ക് വാങ്ങിപ്പോവുക പതിവായിരുന്നു (4:1-3). അങ്ങനെയുള്ള സന്ദർഭങ്ങളിൽ അനേകർ അവന്റെ മഹത്വം തിരിച്ചറിഞ്ഞ് അവനിൽ വിശ്വസിക്കുമായിരുന്നു (10:41, 4:40-41). യേശുവിന്റെ പ്രവൃത്തികളെ സംശയദൃഷ്ടിയോടെ വീക്ഷിച്ചവർ യോഹന്നാന്റെ സാക്ഷ്യത്തിലൂടെ യേശുവിന്റെ മഹത്വം തിരിച്ചറിഞ്ഞു. യേശുവിന്റെ നിശബ്ദത പോലും നമ്മുടെ വിശ്വാസത്തിനും അവനെ തിരിച്ചറിയുന്നതിനും ഇടയാക്കും. ആരോപണങ്ങൾക്ക് വിധേയരാകുമ്പോൾ നാം ക്രിസ്തുവിന്റെ ഈ മാതൃക സ്വീകരിക്കാവുന്നതാണ്.

2016 നവംബർ 13
സഖറിയായോടുള്ള അറിയിപ്പ്
വി: ലൂക്കോ. 1: 1 – 25

പശ്ചാത്തലം: പൗരോഹിത്യ ശുശ്രൂഷകൾക്കായി ദാവീദ് ഏർപ്പെടുത്തിയ 24 കൂറുകളിൽ എട്ടാമത്തെ കൂറായിരുന്ന അബീയായുടെ (1 ദിനവൃത്താന്തം 24:10) ആ ക്രമപ്രകാരം യെരുശലേം ദൈവാലയത്തിൽ ധൂപമർപ്പിച്ച് പ്രാർത്ഥിക്കുകയായിരന്ന സഖറിയാ പുരോഹിതന്

ഒരു മകൻ ജനിക്കുമെന്ന് അരുളപ്പാടുണ്ടായി. പുരോഹിതനും ഭാര്യ എലിസബേത്തും വൃദ്ധരായതുകൊണ്ട് ഇത് എങ്ങനെ സംഭവിക്കുമെന്ന് അദ്ദേഹം അത്ഭുതപ്പെട്ടു. ദൂതന്റെ വാക്കുകൾ നിവൃത്തിയാകുന്നതുവരെയും സഖറിയ ഊമനായിരിക്കുമെന്ന് ഒരു അടയാളം അവന് നല്കപ്പെട്ടു. ദൈവജനത്തെ കർത്താവിനുവേണ്ടി ഒരുക്കുന്ന ദൗത്യമാണ് ജനിക്കുവാനിരിക്കുന്ന ശിശുവിനുള്ളത് എന്ന് വെളിവാക്കപ്പെട്ടു.

1. ആചരണങ്ങൾക്ക് അർത്ഥ മിഴിവേകുന്ന സുവിശേഷം

വിശ്വാസികളുടെ ഇടയിൽ പൂർണ്ണമായി ആചരിച്ചുവരുന്ന കാര്യങ്ങളാണ് സുവിശേഷത്തിന്റെ ഉള്ളടക്കം. ജഢാവതാരം ചെയ്ത വചനത്തിന്റെ ശുശ്രൂഷകന്മാരും യേശുവിന്റെ ശുശ്രൂഷയുടെ ദൃക്സാക്ഷികളുമാണ് സുവിശേഷത്തിന് ആധാരമായ വസ്തുതകൾ നല്കിയിരിക്കുന്നത്. സുവിശേഷകനായ ലൂക്കോസ് യവന ചരിത്ര രചനയുടെ ചുവടുപിടിച്ച് ഒരു ചരിത്രമാണ് രചിക്കുന്നത്. അത് സമർപ്പിക്കുന്നത് 'ശ്രീമാനായ' തെയോഫിലോസിനാണ്. തെയോഫിലോസ് എന്ന വാക്കിന് 'ദൈവസ്നേഹി' എന്നർത്ഥം. തെയോഫിലോസ് ഒരു ഉയർന്ന സൈനിക ഉദ്യോഗസ്ഥനാകാം. അവനു ലഭിച്ച വാർത്തയുടെ നിജസ്ഥിതി അറിയിക്കുകയാണ് സുവിശേഷകന്റെ ദൗത്യം. മറ്റൊരർത്ഥത്തിൽ സുവിശേഷ വായനക്കാർ ദൈവസ്നേഹികളാണ്. ദൈവസ്നേഹികൾ സുവിശേഷം പാരായണം ചെയ്യുന്നവരുമാണ്. സുവിശേഷ വെളിച്ചമുൾക്കൊള്ളുന്ന ഏവരും തെയോഫിലോസിനെപ്പോലെ ശ്രീമാന്മാരും ശ്രീമതികളും ആയിത്തീരും.

ക്രിസ്തുവിലൂടെ ദൈവം പൂർത്തീകരിച്ച രക്ഷാകര പ്രവർത്തനങ്ങളാണ് സുവിശേഷ രചനയ്ക്ക് അടിസ്ഥാനം. പൂർത്തീകരിക്കപ്പെട്ടത് എന്നതിന് ഉപയോഗിക്കുന്ന പദ (പ്ലിറോഫോറെയോ)ത്തിൽ നിന്ന് ദൈവം തന്നെയാണ് ഈ പ്രവൃത്തികൾ പൂർത്തീകരിച്ചതെന്ന് വ്യക്തമാക്കുന്നു. യിസ്രായേലിന്റെ പ്രതീക്ഷകളുടെയും തിരുവെഴുത്തുകളുടെയും പൂർത്തീകരണമാണ് മനുഷ്യാവതാരത്തിലൂടെ പൂർത്തീകരിച്ചത്. അങ്ങനെ പൂർത്തീകരിക്കപ്പെട്ട ദൈവിക രക്ഷാചരിത്രം സുവിശേഷം സാക്ഷിക്കുന്നതുപോലെ സംഭവിച്ചു എന്നാണ് ലൂക്കോസ് വ്യക്തമാക്കുന്നത്. എന്നാൽ ആ പൂർത്തീകരണത്തിന്റെ അലയടികൾ ഇന്നും തുടരുന്നു എന്നുതന്നെ സുവിശേഷകൻ വ്യക്തമാക്കുന്നു. കൈമാറിതന്നതാണ് (പാരാഡിഡോമി) വിശ്വാസം എന്ന് സുവിശേഷകൻ വ്യക്തമാക്കുന്നു. ആദിമസഭയിൽ പരിരക്ഷിച്ചിരുന്ന പതിവുകൾ (guarded tradition)ക്ക് ക്രമഭംഗം സംഭവിക്കാതിരിക്കുക എന്ന ഉദ്ദേശമാണ് സുവിശേഷ രചനയുടെ പിന്നിലുള്ളത്. ക്രിസ്തുസംഭവം (Christ event) പൂർത്തിയായി എങ്കിലും അതിന്റെ ആചരണം ഇന്നും തുടരുന്നു. തുടരുന്ന ആചരണങ്ങൾക്ക് വ്യക്തതയും അർത്ഥസംപുഷ്ടിയും നല്കുന്നതാകണം നമ്മുടെ സുവിശേഷ പാരായണവും, മനനവും പഠനവുമെല്ലാം. ക്രിസ്തുവിൽക്കൂടി പൂർത്തീകരിച്ച രക്ഷാസംഭവങ്ങളുടെ തുടർപ്രക്രിയയ്ക്ക് ആധികാരികത നൽകുന്നതാണ് (authenticity) സുവിശേഷം. സഭാ ജീവിതവും സുവിശേഷ പാരായണവും പരസ്പര പൂരകങ്ങളാകണം.

2. അത്ഭുതാവഹമായ ദൈവിക ഇടപെടലുകൾ

ഭക്തരായ ഓരോ യഹൂദ കുടുംബവും മശിഹാ തങ്ങളുടെ കുടുംബത്തിൽ പിറക്കുമെന്ന് പ്രതീക്ഷിച്ചിരുന്നു. എന്നാൽ സഖറിയാ-എലിസബേത്ത് ദമ്പതികൾക്ക് ആ സൗഭാഗ്യം കൈവരുമെന്നുള്ള പ്രതീക്ഷ അറ്റുപോയിരുന്നു (1:24-25), കാരണം അവർ വൃദ്ധരും എലിസബേത്ത് വന്ധ്യയുമായിരുന്നു. ഇത് സഖറിയായുടെ സംശയത്തിന് നിദാനമായി (1:18). എന്നാൽ ഏറെ വിസ്മയകരമാംവിധം ദൈവം ആ ദമ്പതികളുടെ ജീവിതത്തിൽ ഇടപെട്ടു. ഉന്നതകുലജാതരെങ്കിലും അവരുടെ സ്വകാര്യ ദുഃഖം വലുതായിരുന്നു. മശിഹായെ പ്രതീക്ഷിക്കുവാൻ കാരണമില്ലാത്തവർ എന്ന് മറ്റുള്ളവരുടെ ദൃഷ്ടിയിൽ അവരെക്കുറിച്ച് കരുതി. സുവിശേഷ വിവരണത്തിൽ ഇടം നേടിയ, രക്ഷാചരിത്രത്തിൽ പങ്കാളികളായ ആ ദമ്പതികളുടെ ഭക്തിയും നിഷ്ഠയുമായിരുന്നു മശിഹായുടെ മുന്നോ

REV FR MATHAI PANAKKAL



PANAKKAL HOUSE
YESUDAS ROAD
KUNNAMKULAM
11-10-2016
6th Anniversary Of Entering The Heavenly Abode
Inserted by Loving Family

പാവന സ്മരണയ്ക്ക്

എ.കെ. കോശി 15-10-1992
ശോശാമ്മ കോശി 28-8-1980
അമ്പിയിൽ, പറക്കോട്
അമ്പിയിൽ കുടുംബാംഗങ്ങൾ

ടിയാകുന്ന യോഹന്നാനെ ലഭിക്കുന്നതിന് അവരെ യോഗ്യരാക്കിയത്.

സഖറിയായും എലിസബേത്തും ഒരുപോലെ ഭക്തരായിരുന്നു. ഇത് പ്രത്യേകം ശ്രദ്ധ ആകർഷിക്കുന്ന സംഗതിയാണ്. അവരുടെ ആത്മീയ ജീവിതത്തിന്റെ ചിട്ടയും നിഷ്ഠയും പ്രത്യേകം പ്രസ്താവ്യമാണ്; "ഇരുവരും ദൈവസന്നിധിയിൽ നീതിയുള്ളവരും കർത്താവിന്റെ സകല കല്പനകളിലും ന്യായങ്ങളിലും കുറ്റമില്ലാത്തവരായി നടക്കുന്നവരും ആയിരുന്നു." അവർ സ്വയനീതിയും നീതീകരണവും കണ്ടെത്തിയവരല്ല, മറിച്ച് ദൈവസന്നിധിയിൽ നീതീകരിക്കപ്പെട്ടവരായിരുന്നു. ദൈവസന്നിധിയിൽ നീതീകരണം ലഭിക്കത്തക്കവിധം നീതിബോധമുള്ളവരും പവിത്ര ജീവിതത്തിനുടമകളുമായിരുന്നു. കർത്താവിന്റെ സകല കല്പനകളിലും ന്യായപ്രമാണങ്ങളിലും കൂടി നടക്കുന്നവരായിരുന്നു. അവരുടെ സ്വകാര്യ നൊമ്പരങ്ങൾ ഭക്തിജീവിതത്തെ ലഘൂകരിക്കുന്നതിന് കാരണമായില്ല. ഭക്തരായ അവർ ഭാഗ്യമുള്ളവരായിരുന്നു (സങ്കീർത്തനം 1). യഹൂദർ എങ്ങനെ ഭക്തരായി ജീവിതം നയിക്കണമെന്ന് നിഷ്കർഷിക്കുന്ന രേഖയാണ് 'ഹലാക്ക' (നടക്കുക എന്നർത്ഥം). സഖറിയ-എലിസബത്ത് ദമ്പതികൾ കല്പനകളിലും ന്യായപ്രമാണങ്ങളിലും കൂടി 'നടക്കുന്നവർ' ആയിരുന്നു. ഭക്തിജീവിതം ദൈവഭയത്തിൽ നിന്ന് ഉടലെടുക്കുന്നതാണ്. ദൈവത്തിന്റെ അധീശത്വവും മഹിമയും കണക്കിലെടുക്കുമ്പോൾ ഭയമാണ് നമുക്ക് ഉണ്ടാകേണ്ടത്. എന്നാൽ സകമാലിക സമൂഹം ദൈവത്തെ മനസ്സിലാക്കുവാൻ ശ്രമിക്കുന്നത് തങ്ങളുടെ ജീവിതത്തെ ദൈവത്തോടു ബന്ധിപ്പിച്ചാണ്. ഈ ഭക്തരുടെ ജീവിതം പരിഭവങ്ങളില്ലാത്ത സമ്പൂർണ്ണ സമർപ്പണത്തിന്റെ ഉദാത്ത മാതൃകയാണ്. അതുകൊണ്ടുതന്നെ മൗനമായി ദൈവജനത്തെ ആശീർവദിച്ച, അധികസമയം ആരാധനയിൽ മുഴുകിയ പുരോഹിതൻ ദൈവദർശനത്തിൽ ധന്യനായി എന്ന് ജനം തിരിച്ചറിഞ്ഞു. ദൈവകേന്ദ്രീകൃതമായ ഈ ബന്ധം നിലനിർത്തേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാകുകയാണ്.

3. സുവിശേഷത്തിന് പാത ഒരുക്കുന്ന പുണ്യജന്മം

ഏറ്റവും ദുഷ്കരമായ ഒരു ദൗത്യമാണ് യോഹന്നാനുള്ളത്. മരുഭൂമിയിൽ പാതനിരപ്പാക്കുക മാത്രമല്ല കർത്താവിനുവേണ്ടി ഒരുക്കമുള്ളോരു ജനത്തെ സൃഷ്ടിക്കുകയാണ് അവന്റെ ദൗത്യം. അമ്മയുടെ ഗർഭത്തിൽ വച്ചുതന്നെ പരിശുദ്ധാത്മാവുകൊണ്ട് നിറഞ്ഞുവെങ്കിലും വീഞ്ഞും മദ്യവും അവന് നിഷിദ്ധമായിരുന്നു. ഭക്തരായ ദമ്പതികൾക്കു ലഭിക്കുന്ന വാഗ്ദത്ത പുത്രനെങ്കിലും ചില ചിട്ടകൾ അവൻ പാലിക്കുവാൻ നിഷ്കർഷിക്കുകയാണ്. പിതാവ് തന്നെ അക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണമെന്നതുകൊണ്ടാണ് അരുളപ്പാട് നൽകുമ്പോൾ തന്നെ ആ കാര്യം വെളിപ്പെടുത്തുന്നത്. ദൈവശുശ്രൂഷയ്ക്ക് വിളിക്കപ്പെടുന്ന വരുടെ ആത്മീയ പരിപോഷണം വളരെ ചെറുപ്പത്തിൽവച്ചുതന്നെ തുടങ്ങണം.

ദൈവത്തിൽ നിന്ന് അകന്നുപോയ ഒരു ജനത്തെ ദൈവത്തിലേക്ക് തിരിപ്പിക്കുകയാണ് കർത്താവിന്റെ മുന്നോടിയുടെ കർത്തവ്യം. പ്രവാസവും അതിന്റെ ശേഷവും ചിതറിപ്പാർത്ത യഹൂദന്മാർ പല സംസ്കാരങ്ങളുടെയും അംശങ്ങൾ പേറുന്നവരായിരുന്നു. മിശ്രവിവാഹവും അവരുടെ ഇടയിലുണ്ടായിരുന്നു. നീതിമാന്മാരുടെ ബോധത്തിലേക്ക് വഴങ്ങാത്തവരായ ജനവിഭാഗമായി അവർ മാറിപ്പോയിരുന്നു. ഒരു ജനതതിയെ ദൈവജനമാക്കുന്ന പ്രക്രിയ പ്രവാചക ദൗത്യമായിരുന്നു. ദൈവാത്മാവും ശക്തിയും ആവശ്യമായിരുന്ന ക്ലേശപൂർണ്ണമായ ഒരു ഉദ്യമമായിരുന്നു അത്. കർത്താവിങ്കലേക്ക് തിരിച്ചുവരുത്തുക എന്നാൽ അനുതാപമുള്ളവരാകുക എന്നർത്ഥം. തിരിപ്പിക്കുക (എപ്പിസ്ട്രേഫോ) എന്നാൽ അവരുടെ ഗതിതന്നെ മാറ്റിമറിക്കുക എന്നാണർത്ഥം. ■



സൺഡേസ്കൂൾ വാർത്തകൾ

ഫാ. ഡോ. റെജി മാത്യു

നവംബർ 12-ാം തീയതി ശനിയാഴ്ച അഞ്ചു സോണുകളിലായി നടക്കുന്ന സോൺ തല മത്സരങ്ങളുടെ ക്രമീകരണങ്ങൾ നടന്നു വരികയാണ്. എല്ലാ മത്സരങ്ങളും, പരീക്ഷകളും 2016 ഫെബ്രുവരി മാസത്തിലയച്ച രണ്ടാം നമ്പർ സർക്കുലർ പ്രകാരം നടക്കുന്നു എന്ന് ഉത്തരവാദിത്തപ്പെട്ടവർ ഉറപ്പു വരുത്തേണ്ടതാണ്. ഇതിനായി അധ്യാപകരും, രക്ഷാകർത്താക്കളും വിദ്യാർത്ഥികളും സംഘാടകരുമായി സഹകരിക്കണം.

പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിലേക്കുള്ള വാർഷിക പരീക്ഷയുടെ അപേക്ഷകൾ എല്ലാ സണ്ടേസ്കൂളുകളിൽ നിന്നും ഇൻസ്പെക്ടർമാരെ ഇതിനകം തന്നെ ഏൽപ്പിച്ചു കാണുമല്ലോ. വേദ പ്രവീൺ പരീക്ഷയ്ക്കെത്തുന്ന കുട്ടികൾ (ക്ലാസ് പന്ത്രണ്ട്) അതിനാവശ്യമായ നിബന്ധനകൾ എല്ലാം പാലിച്ചിട്ടുണ്ട് എന്ന് ബന്ധപ്പെട്ടവർ ഉറപ്പു വരുത്തേണ്ടതാണ്. അങ്ങനെയല്ലാത്ത അപേക്ഷകൾ കേന്ദ്രത്തിൽ സ്വീകരിക്കുന്നതല്ലാ എന്നും അറിയിക്കട്ടെ.

പന്ത്രണ്ടാം ക്ലാസ്സ് പരീക്ഷയെഴുതുന്ന ചില കുട്ടികൾക്ക് ഭദ്രാസനതലത്തിൽ നടത്തിയ ഓറിയന്റേഷൻ കോഴ്സുകളിൽ പങ്കെടുക്കുവൻ സാധിച്ചില്ലാ എന്നറിയുന്നു. അവർക്കായി നവംബർ 19-ാം തീയതി ശനിയാഴ്ച രാവിലെ പത്തു മണിക്ക് ദേവലോകത്തുള്ള സൺഡേസ്കൂൾ കേന്ദ്ര ഓഫീസിൽ വച്ച് ഒരു ഓറിയന്റേഷൻ കോഴ്സ് ക്രമീകരിച്ചിട്ടുണ്ട്. പങ്കെടുക്കുവാനാഗ്രഹിക്കുന്നവർ 100 രൂപാ ഫീസ് സഹിതം വരേണ്ടതാണ്.

വാർഷിക പരീക്ഷയടുക്കുന്നതിനാൽ എല്ലാ ക്ലാസുകളിലെയും അദ്ധ്യാപകർ നിശ്ചിത പാഠഭാഗങ്ങൾ പഠിപ്പിച്ചു തീർത്തു എന്നുള്ളത് ഹെഡ്മാസ്റ്റർമാർ ഉറപ്പാക്കേണ്ടതാണ്. ■

For Favours Received



Aleyamma Samuel, Mumbai

ഒരു വിശ്വാസി

P.C. Babychen (Prop.)
Pulimoottil

Mob : 9497748554
9995217132

PULIMOOTTIL METAL & VESSELS
Palace View
Changancherry - 686 101

Sales and Service : All Kinds of Church Goods


പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായുടെ
(വട്ടക്കുന്നേൽ ബാവാ) 20-ാം ഓർമ്മപ്പെരുന്നാൾ നവംബർ 7, 8 തീയതികളിൽ
ദേവലോകം കാതോലിക്കേറ്റ് അരമനയിൽ.
By Vattakunnel Family

ദേവാലയങ്ങൾ പകിട്ടേകുവാൻ...
G & G FURNISHINGS
പള്ളികൾ, വീടുകൾ, ഓഫീസുകൾ
എന്നിവയുടെ ഫർണ്ണീഷിംഗ്
വർക്കുകൾക്ക് ഞങ്ങളുടെ സേവനം ലഭ്യമാണ്.
Synthetic Carpets, Centre Carpets, Carpet Tiles
Imported Carpets, Vinyl, Coir Mats
Curtains, Cushion Mats
Door Mats, Mattress etc.
Kiran Building, Irattunada, Manarcadu P.O., Kottayam - 686 019, Kerala
E-mail: gandgfurnishings@gmail.com, Phone: 0481-2370121, 8281560730, 9495847730



കാലികപ്പൊരുൾ

പൂക്കൾ, പഴങ്ങൾ മണത്തു നോക്കരുത്

– ഡോ. കെ.എൽ. മാത്യു വൈദ്യൻ കോറെപ്പിസ്‌ക്കോപ്പാ

ആരാധനാലയങ്ങളിൽ പൂക്കൾ സമർപ്പിച്ച് നാം അർച്ചനകൾ നടത്തും. വിവാഹ വേളയിൽ പൂമാല അണിയും. സ്വീകരണ പരിപാടികൾക്കും പൂമാലയുണ്ട്. മരണ സന്ദർഭങ്ങളിൽ റീത്ത് സമർപ്പിച്ച് അനുശോചിക്കും. ഈ പൂക്കൾ മണത്തു നോക്കരുത്. കീടനാശിനികളുടെ അംശം അതിൽ കണ്ടേക്കാം.

പൂക്കൾ മണക്കുമ്പോൾ ശ്വാസകോശം വഴി കീടനാശിനികൾ രക്തത്തിൽ കലരാം. പൂക്കൾ വ്യവസായിക അടിസ്ഥാനത്തിൽ വളർത്തുന്ന നേഴ്സറികളിൽ പലതരം കീടനാശിനികൾ ആവർത്തിച്ച് തളിക്കാറുണ്ട്.

ഇൻഡ്യയിൽ ഉപയോഗിക്കുന്ന കീടനാശിനികളിൽ എൺപതു ശതമാനവും വികസിത രാജ്യങ്ങളിൽ നിരോധിച്ചിട്ടുള്ളവയാണ്. ആൻഡ്രിൻ, ക്ളോർഡേൻ, ഡി.ഡി.റ്റി, കാപ്റ്റൻ, ബിഎച്ചസി, ഡൈക്കോഫോൾ, ഡൈഎൽഡ്രിൻ, ഇസിബി, എന്റോസൾഫാൻ, ഡിബിസിപി എന്നിങ്ങനെ അപകടകാരികളായ കീടനാശിനികൾ ഇറക്കുമതി ചെയ്യപ്പെടുന്നു. ഇവയിൽ നിന്നുള്ള വിഷബാധ മൂലം ലക്ഷക്കണക്കിനാളുകൾ ദുരിതമനുഭവിക്കുന്നു. മനുഷ്യ ചർമ്മത്തിലൂടെ ആഗിരണം ചെയ്യപ്പെടുന്ന വിഷവീര്യമുള്ള കീടനാശിനികൾ കാൻസർ പോലെയുള്ള രോഗങ്ങൾ ക്ഷണിച്ചു വരുത്തുന്നു.

റേച്ചൽ കാഴ്സൺ 1962–ൽ എഴുതിയ *സൈലന്റ് സ്പ്രിംഗ്* എന്ന പുസ്തകത്തിലൂടെ കീടനാശിനികളുടെ ദൂരവ്യാപകമായ അപകടങ്ങൾ ലോകം മനസ്സിലാക്കി. മറ്റ് രാജ്യങ്ങളിൽ നിരോധിച്ച വിഷവസ്തുക്കൾ അമിതവില ഈടാക്കിക്കൊണ്ട് മൂന്നാം ലോക രാജ്യങ്ങളിൽ ഇന്നും വിറ്റഴിക്കപ്പെടുന്നു. ബഹുരാഷ്ട്ര കമ്പനികൾ നടത്തുന്ന ക്രൂരമായ പരീക്ഷണങ്ങൾ മൂലം എത്രയോ നിരപരാധികൾക്ക് ജീവൻ നഷ്ടപ്പെട്ടു!

വായുവും വെള്ളവും ഭക്ഷണവും വഴി സസ്യലതാദികളിലും വീട്ടു മൃഗങ്ങളിലും മനുഷ്യരിലും കടന്നു കൂടുന്ന വിഷവസ്തുക്കളെക്കുറിച്ച് ഗവേഷണങ്ങളും മുന്നറിയിപ്പുകളും പ്രതിരോധ സംവിധാനങ്ങളും തൃപ്തികരമല്ല. അടുക്കളയിൽ ഉറുമ്പുവരാതിരിക്കുവാൻ ചാഴിപ്പൊടി (ബിഎച്ച്സി) വിതറുന്ന വീട്ടമ്മയ്ക്കും ചിതലിനെ അകറ്റാൻ മരുന്നു തളിക്കുന്ന കർഷകനും ദുരന്തം വരുത്തി വയ്ക്കുകയാണ്. കീടനാശിനികൾ കൈകാര്യം ചെയ്യുന്നവർക്കും മണക്കുന്നവർക്കും കരൾ, വൃക്ക രോഗങ്ങൾ വരുന്നത് സ്വാഭാവികം. ഫാക്ടറികളിൽ നിന്ന് വിതരണ വില്പന കേന്ദ്രങ്ങളിലേക്ക് കൊണ്ടു പോകുമ്പോഴും തോട്ടങ്ങളിലും പാടശേഖരങ്ങളിലും ഉപയോഗിക്കുമ്പോഴും വേണ്ടത്ര ശ്രദ്ധ ചെലുത്താത്ത സാധുക്കൾ അപകടത്തിലാകുന്നു.

ചില ധ്യാനങ്ങളും പഴവർഗ്ഗങ്ങളും പച്ചക്കറികളും വിളവെടുപ്പുവരെ ഇരുപതു പ്രാവശ്യം കീടനാശിനികൾ തളിക്കപ്പെടുന്ന കൃഷിസ്ഥലങ്ങൾ ഇൻഡ്യയിലുള്ളതായി റിപ്പോർട്ടുകളുണ്ട്. പരുത്തി കൃഷിയിടങ്ങളും പൂന്തോട്ടങ്ങളും ഇവയിലുണ്ട്. തങ്ങളുടെ ബിസിനസ് സാമ്രാജ്യം വികസിപ്പിക്കുന്നതിനു മാത്രമാണ് ഈ രംഗത്തെ ബഹുരാഷ്ട്ര കമ്പനികൾ ശ്രദ്ധിക്കുന്നത്. ആഫ്രിക്കൻ, ഏഷ്യൻ രാജ്യങ്ങളിൽ വച്ച് ഏറ്റവുമധികം കീടനാശിനികൾ നിർമ്മിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്ന രാജ്യമാണ് ഇൻഡ്യ.

കീടനാശിനികൾ മണ്ണിനെ വന്ധ്യമാക്കുന്നു. അവ പരിസ്ഥിതി ദുരന്തങ്ങൾക്ക് കാരണമാകുന്നു. കർഷക സമൂഹത്തിന് വലിയ കൃഷിച്ചെലവ് അടിച്ചേല്പിക്കുന്നു. കീടങ്ങളുടെ ശത്രുക്കളായ ജീവികളെയും കൊന്നൊടുക്കുന്നു. ഇൻഡ്യൻ നദികളിൽ കീടനാശിനികളുടെ അംശം പെരുകുന്നു. 1984 ഡിസംബർ മൂന്നിന് ഭോപ്പാലിൽ യൂണിയൻ കാർബൈഡിന്റെ കീടനാശിനി ഫാക്ടറിയിലുണ്ടായ സ്ഫോടനം മൂലം 3000 മനുഷ്യരും ആയിരക്കണക്കിന് മൃഗങ്ങളും ഉടൻ കൊല്ലപ്പെട്ടു. പതിനായിരങ്ങളെ ഇഞ്ചിഞ്ചായി കൊന്നുകൊണ്ടിരിക്കുന്നു. അപകട സാദ്ധ്യതയെപ്പറ്റിയുള്ള മുന്നറിയിപ്പുകൾ അധികാരികൾ അവഗണിക്കുകയായിരുന്നു എന്നതാണ് ദുഃഖസത്യം.

ദുരന്തഹേതുവായ കീടനാശിനികൾ നിരോധിക്കാനുള്ള കരളുറപ്പ് നമ്മുടെ ഭരണാധികരികൾക്കുണ്ടാകണം. കൊള്ളലാഭം പങ്കിടുന്ന കോക്കസുകൾക്കെതിരേ ജാഗ്രത വേണം. സുരക്ഷിതത്വ മാർഗ്ഗങ്ങളെപ്പറ്റി പ്രചാരണം നടത്തണം. വിശദവും സൂക്ഷ്മവുമായ ബോധവൽക്കരണം നടത്തണം. സമീപ വാസികൾക്കു മുന്നറിയിപ്പ് നൽകാതെ ഹെലികോപ്റ്ററിൽ മരുന്നു തളിച്ച സംഭവങ്ങൾ നടുക്കമുണ്ടാകുന്നു.

പാരിസ്ഥിതിക പ്രതിസന്ധി നേരിടുന്ന ദുർബല പ്രദേശങ്ങളിൽ പോലും തകൃതിയായി ഇന്ന് "മരുന്നടി" തുടരുന്നു. കീടനാശിനി ടിന്നുകൾ ചോർന്ന് ഭക്ഷ്യവിഷബാധയുണ്ടായ സംഭവങ്ങൾ നമ്മുടെ നാട്ടിൽ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്. വിഷം കലർന്ന പഴങ്ങളും പച്ചക്കറികളും നിരോധിക്കാനുള്ള സംവിധാനങ്ങൾ ഫലപ്രദമാകുന്നില്ല. വിഷലായനികളിൽ മുക്കിതുടച്ചു വില്ക്കുന്ന പഴങ്ങൾ വഴിയോരങ്ങളിൽ നിറയുന്നു. നമ്മുടെ നദികളുടെ ഉത്ഭവ സ്ഥാനത്തും സമീപത്തുമുള്ള തോട്ടങ്ങളിൽ കീടനാശിനികൾ വിതറുന്നതിന്റെ ഭവിഷ്യത്ത് തലമുറകളെ നശിപ്പിക്കുന്നു.

ജൈവകീടനാശിനികൾ പ്രചരിപ്പിക്കണം. കീടങ്ങളെ അതിജീവിക്കുന്ന വിളകൾ വികസിപ്പിക്കണം. ശുചീകരണ പ്രവർത്തനങ്ങൾക്ക് കൂട്ടായ പരിശ്രമം വേണം. മാലിന്യമുക്തമായ ഭക്ഷ്യശൃംഖലകൾ വ്യാപിപ്പിക്കണം. സുസ്ഥിര കീടനിയന്ത്രണവും (sustainable pest control) മണ്ണിനെ പുഷ്ടിപ്പെടുത്തുന്ന പുനർചക്രപദ്ധതികളും (re-cycling) പ്രചരിപ്പിക്കണം.

പിൻമൊഴി

ആവാസ വ്യവസ്ഥകളിൽ മാറ്റം സംഭവിക്കുന്നു. പഴങ്ങളിലും ധ്യാനത്തിലും കുടിവെള്ളത്തിലും മുലപ്പാലിൽപ്പോലും കീടനാശിനികൾ പതിയിരിക്കുന്നു. ഇതു നാം തിരിച്ചറിയണം.





9th

Memorial Feast

DR. STEPHANOS MAR THEODOSIUS

Of Blessed Memory

H.G. Dr. Yakob Mar Irenios
Chief Celebrant

H.G. Dr. Joseph Mar Dionysius
Our Metropolitan

Padmashree Dr. Prakash Amte
(Social Worker)
Mar Theodosius Awardee-2016

Programme

30/10/2016 Sunday

7.00 am	:	*Holy Qurbana & Perunnal Flag Hoisting*

31/10/2016 Monday
To
3/11/2016 Thursday

5.30am - 7.30am	:	*Morning Prayer & Holy Qurbana*

4/11/2016 Friday

5.30am - 8.00am	:	*Morning Prayer* *Holy Qurbana* *By H.G. Dr. Joseph Mar Dionysius*
5.45pm - 6.30pm	:	*Evening Prayer at M.G.O. Cathedral, Bhilai*
6.45pm - 7.45pm	:	*Rassa from Cathedral to Tomb shrine* *Slaiheeka vazhvu*
8.00pm - 9.30pm	:	*St.Thomas Mission Annual day Celebration and* ***Mar Theodosius Memorial Biennial Award presentation to Padmashree Dr. Prakash Amte***
9.30pm Onwards	:	*Love Feast*

5/11/2016 Saturday

7.00am -11.00am	:	*Morning Prayer & Holy Qurbana* *By H.G. Dr. Yakob Mar Irenios* *Benediction* *Love Feast*
1.30pm	:	*Lowering of the Perunnal flag*



Venue :

St. Thomas Mission Chapel ,
Mar Theodosius Marg, Bhilai (C.G.)

THE MALANKARA SABHA,
CATHOLICATE ARAMANA, KOTTAYAM-686 004
Published on 10/October/2016

RNI No. 3076/57, Registered No. KL/KTM/39/2015-17
License No. KL/CR/KTM/WPP-36/2015-17
Licensed to Post Without Pre-Payment

PRINTED AND PUBLISHED BY FR. DEEPU PHILIP, CATHOLICATE ARAMANA, DEVALOKAM ON BEHALF OF ORTHODOX VISWASA PARIPALANA SAMITHY, DEVALOKAM, KOTTAYAM. AND PRINTED AT CATHOLICATE PRESS, DEVALOKAM KOTTAYAM AND PUBLISHED AT CATHOLICATE ARAMANA, DEVALOKAM P.O., VIA MUTTAMBALAM, KOTTAYAM, KERALA-686004, CHIEF EDITOR FR. DR. JOHN THOMAS KARINGATTIL

Rs. 15/-